# സാഹിത്യസമന്വയം

ഡോ. ബെന്നിച്ചൻ സ്കറിയ | ഡോ. അനില സി എസ്

നാടോടിപ്പാട്ടുകളുടെ പാഠപരിസരത്തിൽ തുടങ്ങി സാഹിത്യത്തിന്റെ
മുഖ്യഭാവുകത്വ പരിണാമങ്ങളെ സ്പർശിച്ച് ഉത്തരാധുനികതയും
പിന്നിട്ട രചനാപശ്ചാത്തലം. ദശകുസുമങ്ങൾ പോലെ പത്ത് പഠനങ്ങൾ.
അതീവജാഗ്രതയോടെ എഴുതപ്പെട്ട ഭിന്നമുഖങ്ങളുള്ള പത്ത് പ്രബന്ധങ്ങൾ.

സാഹിത്യസമന്വയം
ഡോ. ബെന്നിച്ചൻ സ്കറിയ | ഡോ. അനില സി എസ്

സാഹിത്യസമന്വയം
ഡോ. ബെന്നിച്ചൻ സ്കറിയ | ഡോ. അനില സി എസ്

# സാഹിത്യസമന്വയം

ഡോ. ബെന്നിച്ചൻ സ്കറിയ | ഡോ. അനില സി എസ്

*Malayalam*

**Sahithya Samanyayam**
**(study)**

***Editors***
Dr. Bennichen Scaria | Dr. Anila C S

***First Edition***
November 2020

***Cover Design***
Anupriya Manuel

***Printed at***
Central offset Press
Kattappana

***Published by***

***For Pavanatma College,***
ABPL Publications, Kerala
www.abplpublications.co.in

No part of the publication may be reproduced stored in a retrieval system or transmitted in any form or by any means without the prior permission from the publisher in writing.

ISBN : 978-81-947879-2-1 (Print) Price ₹ 150
ISBN: 978-81-947879-1-4 (E Book)
DoI: https://dx.doi.org//10.37298/abpl978-81.09

# സാഹിത്യസമന്വയം

**(ലേഖനങ്ങൾ)**

---

**എഡിറ്റേഴ്സ്**

ഡോ. ബെന്നിച്ചൻ സ്കറിയ | ഡോ. അനില സി എസ്

**പാവനാത്മാ കോളേജിനുവേണ്ടി**

**എ. ബി. പി. എൽ പബ്ളിക്കേഷൻസ്, കേരള**

# കാലം പാറ്റിക്കൊഴിച്ച കതിർമണികൾ

## ജോസ് കോനാട്ട്

**സാ**ഹിത്യകൃതികളെ അധികരിച്ചുള്ള ഗൗരവതരമായ പഠനങ്ങൾ മലയാളത്തിൽ കുറഞ്ഞുവരികയാണ്. അക്കാദമികരംഗങ്ങളിൽ ഔപചാരികമായി സംഭവിക്കുന്ന പഠനങ്ങളാകട്ടെ എന്തുകൊണ്ടോ മുഖ്യധാരാമണ്ഡലത്തിൽ ചർച്ചയ്ക്ക് വിഷയീഭവിക്കുന്നുമില്ല. എന്നാൽ പഠനങ്ങളും നിരൂപണങ്ങളും വിമർശനങ്ങളും നിശിതമായിരുന്ന ഒരു കാലത്തെ മലയാളം അടയാളപ്പെടുത്താതിരുന്നില്ലെന്ന് ഓർക്കണം. മാരാരും മുണ്ടശ്ശേരിയും കേസരിയും ഗുപ്തൻനായരും ലീലാവതി ടീച്ചറും സാനുമാഷും അഴീക്കോടുമൊക്കെ ആ മേഖലയെ പുഷ്കലമാക്കിയവർ തന്നെ!. കെ.പി. അപ്പൻസാറിനെപ്പോലുള്ള ആധുനിക നിരൂപകരുടെ സംഭാവനകളും മറന്നുകൂടാ.

നവോത്ഥാനകാലത്ത് എഴുതപ്പെട്ട ഒട്ടുമിക്ക എഴുത്തുകളും എഴുത്തുകാരും ചർച്ച ചെയ്യാതെ പോയിട്ടില്ല. നിരൂപണകലയും വിമർശനകലയും സർഗ്ഗാത്മക സാഹിത്യത്തോടൊപ്പമോ, അതില ധികമോ വളർന്നിരുന്നു. നിരൂപകമതത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പുസ്തകങ്ങളും കൃതികളും വായിക്കപ്പെട്ടിരുന്ന ഒരു കാലവും മലയാളിക്ക് ഉണ്ടായിരുന്നുവെന്നത് വിസ്മരിച്ചുകൂടാ. കോളമിസ്റ്റ് എന്നുപറഞ്ഞ് പലരും പരിഹസിച്ചെങ്കിലും സാഹിത്യ വാരഫലക്കാരന്റെ കാലം അത് സത്യസന്ധമായി അടയാളപ്പെടു ത്തുന്നുണ്ട്.

ഈ പുസ്തകത്തിലെ പത്ത് പഠനങ്ങളും തികച്ചും ആധി കാരികവും അർത്ഥസംപുഷ്ടവുമാണ്. കേവല അക്കാദമിക ആവ ശ്യങ്ങൾക്കപ്പുറത്ത് ഉയർന്ന മാനങ്ങളുള്ള മുഖ്യധാരാ ഗുണദോഷ വിവേചനങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിക്കുന്ന ഒന്നാന്തരം പഠ നങ്ങൾ! ഇത്തരം പഠനങ്ങളുടെ അനിവാര്യത കാലഘട്ടം ആവശ്യ പ്പെടുന്നു എന്നുള്ളതാണ് ഏറെ ശ്രദ്ധേയം. നാടോടിപ്പാട്ടുകളുടെ പാഠപരിസരത്തിൽ തുടങ്ങി സാഹിത്യത്തിന്റെ മുഖ്യഭാവുകത്വ പരി ണാമങ്ങളെ സ്പർശിച്ച് ഉത്തരാധുനികതയും പിന്നിട്ട എഴുത്തുക ളെയാണ് ഇവിടെ ചർച്ചയ്ക്കെടുത്തിട്ടുള്ളത്.

കുട്ടനാടിന്റെ കാർഷിക പാരമ്പര്യത്തിലധിഷ്ഠിതമായ സാംസ്കാരികവിനിമയത്തെ നാടോടിപ്പാട്ടുകൾ ത്വരിതപ്പെടുത്തി യതിന്റെ നാൾവഴികൾ പരിശോധിക്കുന്ന പഠനമാണ് ശ്രീ. ജിബിൻ കുര്യൻ നിർവ്വഹിക്കുന്നത്.

> "മണ്ണിൽ വേർപ്പുവിതച്ചവർതന്നീണമായ് വന്നു
> അന്നുപാടിയ പാടിയ പാട്ടിലൂഞ്ഞാലാടി മലയാളം"

ഒ.എൻ.വി. സാറിന്റെ ഈ വരികളിൽ മണ്ണിൽ പണിയെടു ത്തവന്റെ വേർപ്പിൽ നാടൻപാട്ടിന്റെ ശീലുകൾ ഒട്ടിപ്പിടിച്ചതിന്റെ ഗത കാലമുണ്ട്. ഇവിടെ ഒരു കാര്യം സൂചിപ്പിക്കാതെ വയ്യ! തനത് സംസ്കാരത്തിന്റെ ഈടുവയ്പുകളെ നാം സ്ഥാനത്തും അസ്ഥാ

നത്തും പൊക്കിപ്പിടിക്കുന്നുണ്ടെങ്കിലും നമ്മുടെ മുഖ്യധാരാ സാഹിത്യത്തിൽ അടിസ്ഥാനവിഭാഗത്തിന്റെ സവിശേഷമായ ആചാരങ്ങളെ പ്രതിപാദിക്കുന്ന അല്ലെങ്കിൽ അവന്റെ എടുപ്പും ഉടുപ്പും നടപ്പും പറയുന്ന കൃതികൾ മലയാളത്തിൽ അത്രയൊന്നും എഴുതപ്പെട്ടിട്ടില്ല. ഇവിടെ നാടോടിപ്പാട്ടുകളുടെ പാഠപരിസരം എന്ന പ്രബന്ധം വ്യതിരിക്തമായ സമീപനം എന്നേ പറയേണ്ടൂ. മലയാളത്തിലെ നാടൻപാട്ടുകളെ കാലഭേദങ്ങൾ നോക്കാതെ സമീപിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു കാൻവാസിൽ ഒതുങ്ങാതെ വന്നേനെ. നാടൻ കലകൾക്ക് ആത്യന്തികമായി ഒരു ഏകതാനത ഉണ്ടെങ്കിൽപോലും പ്രാദേശികമായ അതിന്റെ ഭേദങ്ങൾ പറയണമെങ്കിൽ ഒരു ദേശത്തെ പ്രതിനിധീകരിക്കാവുന്ന കലാരൂപങ്ങളെ അധികരിച്ചാകുന്നത് നല്ലതുതന്നെ. ജാതിവ്യവസ്ഥയും സാമൂഹികമായ ഉച്ചനീചത്വവുമൊക്കെ സൃഷ്ടിച്ച അതിർവരമ്പുകളെ പാട്ടിന്റെ പാലാഴിയിൽ ഇല്ലാതാക്കുന്ന മാന്ത്രികത പറയാതെ പോകുന്നില്ല ശ്രീ. ജിബിൻ കുര്യൻ!.

ആനന്ദവർദ്ധനന്റെ ധ്വനിസിദ്ധാന്തത്തെ അവലംബിച്ച് 'ആശാന്റെ സീതാകാവ്യ'ത്തിന്റെ ധ്വന്യാത്മകതയെ വിശകലനം ചെയ്യുന്ന "ചിന്താവിഷ്ടയായ സീതയിലെ ധ്വനിപാഠങ്ങൾ" ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഒരു വാക്കിൽ അനേകഭാവതലങ്ങളെ സൃഷ്ടിക്കാനുള്ള ആധുനിക രചനയുടെ തന്ത്രം തുടങ്ങിവച്ചത് ആശാനാണെന്നാണ് ആദ്യകണ്ടെത്തൽ. ഒട്ടേറെ സവിശേഷതകൾ ഈ കൃതിക്കുണ്ടെങ്കിലും ധ്വന്യാത്മകമായ ഭാഷാഘടന ആശാൻ ബോധപൂർവ്വം ഈ കവിതയ്ക്ക് അനുഗുണമായി നിർമ്മിച്ചതാകണം. അദ്ദേഹം തെരഞ്ഞെടുത്ത പദങ്ങൾ മാത്രമല്ല, വിചാരഭാഷയും അതിന്റെ ചാലകശക്തിയായി വർദ്ധിച്ചു എന്നുവേണം പറയാൻ!. ശരാശരി ഒരു വായനക്കാരന് താൻ പഠിച്ചതിലുമപ്പുറം എന്തോ ഇതിലുണ്ടെന്ന തോന്നലാണ് അവനെ സന്തോഷിപ്പിക്കുക. അത് കേവലമായ വാച്യാർത്ഥത്തിനപ്പുറത്ത് വ്യംഗ്യം നൽകുന്ന അനുഭൂതികളാണ്. അതിന്റെ ദാർശനിക സമീപനങ്ങളും ഒരു നൂറ്റാണ്ടു മുമ്പേ സ്ത്രീസ്വാതന്ത്ര്യത്തിന്മേലുള്ള പുരോഗമന ദർശനങ്ങളും മനുഷ്യനിർമ്മിതമായ പരിമി

തദൈവങ്ങൾക്കുമേലുള്ള ബൗദ്ധികമായ മേൽക്കോയ്മയുമൊക്കെ ചർച്ചയാക്കുന്ന ഗഹനമായ പ്രബന്ധമാണ് ചിന്താവിഷ്ടയായ സീത യുടെ ധ്വനിപാഠങ്ങൾ! ഡോ. ബിൻസി സ്വന്തമായി വികസിപ്പിച്ചെ ടുത്ത അയത്നയളിതമായൊരു ഭാഷയും ഇഴയടുപ്പമുള്ള ശൈലിയും ഈ ലേഖനത്തെ വേഗത്തിൽ സ്വാംശീകരിക്കുന്നതിന് സഹായിക്കുന്നുണ്ട്.

ഇനിയും നിർവ്വചിച്ചുതീരാത്ത സങ്കീർണ്ണ സർഗഭൂമികയായി ആധുനികത നിലകൊള്ളുമ്പോൾ അതിന്റെ ലളിതമായ വ്യാഖ്യാനം ക്ഷിപ്രസാധ്യമല്ലെന്ന് പറഞ്ഞുതുടങ്ങുകയാണ് ശ്രീ. രഞ്ജിത്ത് രവീ ന്ദ്രൻ. സമൂഹത്തിൽ ഹിംസാത്മകത അതിന്റെ സകല ക്രൗര്യങ്ങ ളോടും ധാർഷ്ട്യങ്ങളോടും കൂടി പടരുന്ന ഒരു കെട്ട കാലത്തെ എഴുത്തുകാരൻ അഭിസംബോധന ചെയ്യേണ്ടിവരുന്നതിലെ വൈരു ദ്ധ്യങ്ങളും വൈഷമ്യങ്ങളും അക്കിത്തം കവിതകളിലുണ്ട്. സൂക്ഷ്മ വായനയിൽ മാത്രം വെളിപ്പെടുന്ന അനുഭവത്തിന്റെ രാഷ്ട്രീയമാണ് അക്കിത്തം കവിതകൾ.

ഒരേ താളത്തിൽ കൊട്ടുക, ഒരേ നേർരേഖയിൽ നടക്കുക എന്നതിനപ്പുറത്ത് താളം തെറ്റിക്കാനും പുതിയ വഴി വെട്ടാനുമുള്ള എഴുത്തുകാരുടെ ബോധപൂർവ്വമായ ശ്രമം തന്നെയാണ് ഭാവുകത്വ പരിണാമങ്ങൾ! വൈലോപ്പിള്ളിയും അക്കിത്തവുമൊക്കെ അതിന്റെ ആദ്യകാല വിധാതാക്കളാണുതാനും. ക്ഷുഭിതയൗവ്വനങ്ങളുടെ സ്വപ്നഭംഗങ്ങളെയും അപ്രതീക്ഷിതമായി ജീവിതം ഏൽപ്പിക്കുന്ന ആഘാതങ്ങളെയും ഈ കവി നിശിതമായി അടയാളപ്പെടുത്തിപ്പോ കുന്നതിന്റെ രസതന്ത്രം കവിത വായിക്കുമ്പോൾ മാത്രം അനുഭവ വേദ്യമാകുന്നതാണ്. ആധുനിക എഴുത്തുകാരെ പൊതുവിൽ ഒറ്റ യാന്മാരെന്ന് വിശേഷിപ്പിക്കാറുണ്ടെങ്കിലും സമകാലിക മലയാളക വിതയിലെ പൊതുവഴക്കങ്ങളോട് ഇടഞ്ഞുനിന്ന ഒറ്റയാൻ തന്നെ യാണ് മഹാകവി അക്കിത്തം! രചനകളുടെ സൂക്ഷ്മതയും വ്യതി രിക്തതയും നൽകുന്ന സൂചന അത് ബലപ്പെടുത്തുന്നതാണ്. അക്കിത്തം കവിതകളിലെ ആധുനികദർശനം എന്ന പഠനം സാഹി

ത്യവിദ്യാർത്ഥികളെ സംബന്ധിച്ചും അനുവാചകനെ സംബന്ധിച്ചും വലിയ മുതൽക്കൂട്ടാണ്. ആ കവിതകൾ ആവിഷ്കരിക്കുന്ന വിഭ്രമാത്മകതയും വിഹ്വലതയും വായനക്കാരനിലെത്തിക്കാൻ ഇത്തിരിപ്പോന്ന ഈ പഠനത്തിന് അനായാസം കഴിയുന്നുവെന്നത് നിസ്തർക്കമാണ്.

പാരിസ്ഥിതിക അവബോധത്തിന്റെ കാര്യത്തിൽ മലയാളി എത്രയോ മുന്നിലാണ്. ലോകത്തുതന്നെ ഇത്തരമൊരു അവബോധമുണ്ടായിട്ട് ഒരു നൂറ്റാണ്ടുപോലുമായിട്ടില്ല. കേരളത്തിൽ ഈ വിഷയം ഒരു ചർച്ചയായിട്ട് ഏറിയാൽ അഞ്ചോ ആറോ പതിറ്റാണ്ടുകൾ മാത്രം.

"കളിയും ചിരിയും കരച്ചിലുമായ്
കഴിയും നരനൊരു യന്ത്രമായാൽ
അമ്പ! പേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്".

'കുറ്റിപ്പുറം പാല'ത്തിലെ ഇടശ്ശേരിയുടെ വരികളാണ് കവിതയിൽ ഈ രംഗത്തെ ആദ്യസംഭാവന എന്നു തോന്നുന്നു. സാംസ്കാരിക സംവാദങ്ങളിലെ മൗലികശബ്ദമായി പിന്നീടുയർന്നുവന്ന മലയാളത്തിലെ ഏറ്റവും ഔന്നത്യമുള്ള പാരിസ്ഥിതിക കവിത ശ്രീ. ഒ.എൻ.വി.യുടെ 'ഭൂമിക്കൊരു ചരമഗീതം' തന്നെ! തുടർന്ന് മലവെള്ളപ്പാച്ചിൽപോലെ ധാരാളം കവിതകൾ പിറക്കുകയുണ്ടായി. എന്നാൽ അംഗുലീപരിമിതമായ എണ്ണം മാത്രമേ കാലത്തെ അതിജീവിച്ചുള്ളൂ എന്നത് വാസ്തവം!

മനുഷ്യനും ഭൂമിയും തമ്മിലുള്ള ജൈവബന്ധം മുറിഞ്ഞുപോയതിന്റെ ആകുലതയും അറ്റുപോയ പാരസ്പര്യത്തിന്റെ നൈതികതയും സൂക്ഷ്മമായ വ്യവഹാരങ്ങളും കൊടുക്കൽ വാങ്ങലുകളുടെ ആത്മരഹസ്യങ്ങളുമൊക്കെ പ്രതിപാദിക്കുന്ന കവിത ആധുനികമനുഷ്യന്റെ ആർത്തികളെ വെല്ലുവിളിക്കുന്നുണ്ട്. താൻ അധിവസിക്കുന്ന ഭൂമി മുങ്ങുന്ന കപ്പലാണെന്ന തിരിച്ചറിവ് സാമാന്യ

ബോധമുള്ള ഒരുവനിൽ അന്തഃപ്രഹരങ്ങളേൽപ്പിക്കുകയും ചെയ്യുന്നു.

ശ്രീ. ജോളി കെ.വി. ഈ പഠനത്തെ സമീപിച്ചിരിക്കുന്നത് കേരളത്തിൽ നടന്ന പാരിസ്ഥിതിക സമരങ്ങളുടെ പശ്ചാത്തലത്തിലാണ്. കവികളും സാംസ്കാരിക പ്രവർത്തകരും മുൻനിരയിൽ നിന്നിട്ടുള്ള അപൂർവ്വം സമരങ്ങളേ കേരളത്തിൽ സംഭവിച്ചിട്ടുള്ളൂ. സൈലന്റ് വാലി ഉൾപ്പടെയുള്ള അത്തരം മുന്നേറ്റങ്ങളെ പറഞ്ഞുവച്ചുകൊണ്ടാണ് ചരമഗീതത്തിന്റെ സാംഗത്യം അദ്ദേഹം വെളിപ്പെടുത്തുന്നത്. കേവലമായ പരിസരപഠനത്തിനും പാരിസ്ഥിതിക ബോധത്തിനും അപ്പുറത്ത് ഈ കവിത മനുഷ്യന്റെ ദൈനംദിന വ്യവഹാരങ്ങളിൽ ഉൾപ്പെടുന്നുണ്ട്. അത് സമർത്ഥിക്കാനാണ് കവി പൗരാണിക ബിംബങ്ങളെയും മിത്തുകളെയുമൊക്കെ കൂട്ടുപിടിക്കുന്നത്. വയലാർ, പി.ഭാസ്കരൻ, ഒ.എൻ.വി. ത്രയം ഏതാണ്ട് ഒരേ കളരിയിൽ അഭ്യസിച്ചവരാണെന്ന് പരക്കെ ഒരു ധാരണയുണ്ട്. അത് ചങ്ങമ്പുഴ കളരിയാണുതാനും!. എന്നാൽ മൂന്നുപേരും ഈ സ്വാധീനത്തിൽനിന്നും വഴിമാറി നടന്നവർ തന്നെയാണ്. അതുകൊണ്ടാണല്ലോ ഇവർക്ക് മലയാള കവിതാഭൂപടത്തിൽ അടയാളപ്പെടുത്താനായതും. പക്ഷേ, ഇവരിൽ ഒ.എൻ.വി. ആ കളരിയിൽ നിന്നും ഏറെ മാറിനടന്ന കവി തന്നെയാണ്. ചങ്ങമ്പുഴയുടെ സ്വാധീനം തുലോം കുറഞ്ഞ കവിയാണ് ഒ.എൻ.വി. എന്നർത്ഥം!. ഭൂമിക്കൊരു ചരമഗീതമാകട്ടെ അദ്ദേഹത്തിന്റെ ഏറ്റവും തൂക്കമുള്ള കവിതയും! വേണമെങ്കിൽ ഒ.എൻ.വി.യുടെ താക്കോൽകവിതയെന്ന് വിശേഷിപ്പിക്കാവുന്ന കനവും കാമ്പുമുള്ള കവിത. ഭൂമി ഒരു പൊതുഭവനമാണെന്ന സാർവ്വലൗകിക ദർശനത്തിലെത്തിക്കാൻ ഈ കവിത സഹായിക്കുന്നുവെന്ന് പ്രബന്ധകർത്താവ് പറയുന്നത് നൂറുശതമാനവും ശരിയാണ്.

വായിച്ചുകഴിയുമ്പോഴേയ്ക്കും ആകാശത്തെ കരിമേഘത്തുണ്ടുപോലെ ഒരു നൊമ്പരം നമ്മെ ചൂഴ്ന്നുനിൽക്കും!. പെയ്തൊഴിയാതെ അത് നമ്മെ വീർപ്പുമുട്ടിക്കുകയും ചെയ്യും!!. സുഗതകുമാരി ടീച്ചറുടെ കവിതകളും എഴുത്തുകളും പറച്ചിലുകളും മുറിപ്പെടു

ത്തുന്ന വേദനകളാണ്. "Pain is the great prayer" എന്ന് കസാൻദ്സാക്കിസ് പറഞ്ഞത് ഏറ്റവും ചേരുക ടീച്ചർക്കാണ്. നശ്വരമായ വേദനയെ കവിതയുടെ അനശ്വരതയിൽ പ്രതിഷ്ഠിച്ച് അനുവാചകരെ വീണ്ടും വീണ്ടും കരയിച്ച് വിമലീകരിക്കാനുള്ള ശേഷി അവരുടെ കവിതകൾക്കുമാത്രം സ്വന്തം!. സങ്കടങ്ങളുടെ സർഗ്ഗാത്മകത തേടി അർത്ഥസൗന്ദര്യങ്ങളുടെ സൗരയൂഥം തീർത്ത കവയിത്രി! കണ്ണകിയെപ്പോലെ, ദ്രൗപതിയെപ്പോലെ പൊരുതിനിൽക്കാൻ തീരെ താല്പര്യമില്ല. ആശാന്റെ സീതയെപ്പോലെ പറയാനുള്ളത് പറഞ്ഞ് പിൻവാങ്ങാനാണ് താല്പര്യം.

പതിവുശൈലിയിൽ എഴുതപ്പെട്ട കാവ്യവാങ്മയ നാടകമാണ് 'സ്ത്രീപർവ്വം'. അതൊരു കാവ്യനാടകമാണെന്ന് അസന്ദിഗ്ധമായി പറഞ്ഞുവയ്ക്കുന്നു ഡോ. ജെയ്സിമോൾ അഗസ്റ്റിൻ. സുഗതകുമാരി ടീച്ചറുടെ പൊതു കാവ്യസമീപനത്തെ ശക്തമായി ന്യായീകരിക്കാൻ ലേഖിക ശ്രമിച്ചുകാണുന്നുണ്ട്. കണിശമായ സ്ത്രീപക്ഷരചന എന്ന നിലയിൽതന്നെയാണ് ഇതിനെ സമീപിച്ചിട്ടുള്ളത്. ആധുനികതയ്ക്കുമുമ്പ് മലയാളകവിത സ്വീകരിച്ച ഒരു ക്ഷേത്രഗണിതരീതിയുണ്ട്. അത് ശരിയുമാണ്. എന്നാൽ കാല്പനികമായ ചില പരിമിതികൾ ടീച്ചർക്കുണ്ടെന്നോ "Poetry is the sister of sorrow" എന്ന ഷെല്ലിയൻ ചിന്ത കവയിത്രിയെ ഭരിക്കുന്നുവെന്നോ പ്രബന്ധകാരി കുറ്റപ്പെടുത്തുന്നേയില്ല. രചനാതന്ത്രത്തിൽ സ്വീകരിച്ചിരിക്കുന്ന മിഴിവുതന്നെയാണ് ഡോ. ജെയ്സിയെ സ്വാധീനിക്കുന്നത്. കലത്തിലെ ചോറിന്റെ വേവ് പരിശോധിക്കുന്നതുപോലെ തന്നെയാണ് ഒരു സാഹിത്യവിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ഈ ലേഖനം. സുഗതകുമാരിയുടെ ആകെക്കൂടിയുള്ള രചനകളെ വേണമെങ്കിൽ ഈ ഒറ്റ പ്രബന്ധം കൊണ്ട് വിലയിരുത്താനാവും. അത്രമാത്രം രചനാപരവും ആശയപരവുമായ ക്ഷമത ഇതിനുണ്ടെന്ന് പറയാൻ എനിക്ക് ധൈര്യം തോന്നുന്നു.

ഡോ. ബെന്നിച്ചൻ സ്കറിയ അവതരിപ്പിച്ച 'പാട്ടബാക്കി' യുടെ രാഷ്ട്രീയം കേരളീയ നവോത്ഥാനപരിസരത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു നാടകത്തിന്റെ പഠനമാണ്. വിവിധ ഭാഷാരൂപങ്ങളെ

(Discourse) ചർച്ച ചെയ്യുന്ന ഒരു സാംസ്കാരികഇടം എന്ന നില യിൽ ഈ പുസ്തകത്തിൽ ഒരു നാടകപഠനം വന്നത് നന്നായി. അതും മലയാളത്തിലുണ്ടായ ആദ്യ രാഷ്ട്രീയ നാടകമായ പാട്ട ബാക്കി! കെ. ദാമോദരൻ എന്ന അതുല്യകലാകാരന്റെ രചന. ക്ലാസിക് പാരമ്പര്യത്തിന്റെ തർജ്ജിമാക്ലീഷേകളിൽ മുങ്ങിക്കിടക്കു കയായിരുന്നു മലയാളനാടകത്തിന്റെ തുടക്കക്കാലം!. അത് ഗ്രന്ഥ കാരൻ സൂചിപ്പിക്കുന്നുമുണ്ട്. സാമൂഹികമായ അസമത്വത്തിന്റെയും ജാതീയ വിഭാഗീയതയുടെയുമൊക്കെ ഇരയായിരുന്ന ഒരു വിഭാഗം മനുഷ്യരുടെ പക്ഷത്തുനിന്ന് എഴുതപ്പെട്ട ജനകീയനാടകം!. പാട്ട ബാക്കിയെ നിർവ്വചിക്കാനും അക്കാലത്തെ സാമൂഹിക വ്യവസ്ഥയെ വ്യവഹരിക്കാനും ഈ നാടകത്തിന് കഴിഞ്ഞെന്ന് അസന്ദിഗ്ധമായി ഡോ. ബെന്നിച്ചൻ സ്കറിയ സ്ഥാപിക്കുന്നു. അവ്യവസ്ഥയിൽ നിന്നും വ്യവസ്ഥയെ സൃഷ്ടിക്കുന്ന കലാകുശലതയാണ് കെ.ദാ മോദരൻ പ്രായോഗിക തലത്തിൽ ആവിഷ്കരിച്ചത്. മനുഷ്യന്റെ സ്വാർത്ഥതയും ആർത്തിയും 'നരൻ നരനശുദ്ധവസ്തു'വാകുന്ന നിലപാടുകളും ഉണ്ടായിരുന്ന ഒരു സാമൂഹികാരക്ഷിതാവസ്ഥയെ നവീകരിച്ച ഈ നാടകം നവോത്ഥാനത്തിന്റെ നാന്ദി ആയതിൽ അത്ഭുതമില്ല. 1937–ലാണ് ഇത് സംഭവിക്കുന്നത് എന്നോർക്കുമ്പോൾ കെ. ദാമോദരന്റെ ധൈര്യത്തെ സമ്മതിക്കണം. നാടകത്തിന്റെ പ്രസ ക്തിയും സാംഗത്യവും പ്രതിപാദിക്കുന്നതിലും വായനക്കാരന് കൗതുകം പകരുന്നതിലും പ്രബന്ധകാരന്റെ ശൈലി പ്രത്യേകം ഉതകുന്നുവെന്ന് പറയാതിരിക്കാൻ വയ്യ!. കേരളത്തെ ഉഴുതുമറിച്ച് പാകമാക്കിയതിൽ ഈ നാടകത്തിനുള്ള പങ്ക് അദ്വിതീയമാണെന്ന് ഡോ. ബെന്നിച്ചൻ സ്കറിയ പരോക്ഷമായി പറഞ്ഞുവയ്ക്കുന്നു.

ഐതിഹ്യങ്ങളും മിത്തുകളുമൊക്കെ ഒരു ദേശത്തിന്റെ സംസ്കാരത്തെ പുതുക്കുകയും പുനർനിർവ്വചിക്കുകയും ചെയ്യുന്ന അമൂല്യസമ്പത്താണ്. ചരിത്രത്തിന്റെ നാൾവഴികളിൽ ആളുകൾ പറ ഞ്ഞുപറഞ്ഞ് നടന്ന ചിലതൊക്കെ പിന്നീട് കാലത്തെ അതിജീവിച്ച് മനുഷ്യന്റെ മനസ്സിൽ കയറിക്കൂടുന്നു. പുരാണങ്ങളിലും ഐതി ഹ്യങ്ങളിലുമൊക്കെ അതിന്റെ കർത്താക്കൾ അവശേഷിപ്പിച്ച മൗന

ങ്ങൾ പലപ്പോഴും മികച്ച സർഗ്ഗസൃഷ്ടികൾക്ക് സന്ദർഭമുണ്ടാക്കി. അങ്ങനെയുണ്ടായ എത്രയോ മഹത്തായ കൃതികൾ നമ്മുടെ ഭാഷ യിലും ഇതര ഭാഷകളിലുമുണ്ട്.

സമകാലിക മലയാള കഥകളുടെ കുത്തൊഴുക്കിൽനിന്നും ദൂരെ മാറിനടക്കുന്ന– അതിന്റെ പേമാരിയിലും കൊടുംവേനലിലും കൂസലില്ലാതെ നടന്നുപോകുന്ന അനന്യസാധാരണനായ ഒരു കഥാ കൃത്തിനെ, പുറവാസി (Outsider) എന്ന പേരിൽ പ്രബന്ധകാരി വിശേ ഷിപ്പിക്കുന്നത് സാക്ഷാൽ നന്ദകുമാറിനെയാണ്

"വായില്ലാക്കുന്നിലപ്പൻ
വാക്കുനഷ്ടപ്പെട്ടവരുടെ ഭരദേവത" എന്ന ലേഖനമാണ് അതിന് മാധ്യമമാക്കി ശ്രീമതി രമ്യാമോൾ ജി. തെരഞ്ഞെടുത്തത്. മലയാളം എഴുത്തിന്റെ ഒരു പരിമിതി അത് പലപ്പോഴും ചില പര മ്പരാഗത ഫ്യൂഡൽ മൂല്യസങ്കല്പങ്ങളിൽ തടഞ്ഞുനിൽക്കുന്നു എന്നുള്ളതാണ്. പല മുഖ്യധാരാ കഥാകൃത്തുക്കൾക്കും ഇതി ൽനിന്നും മോചനമുണ്ടായിട്ടുമില്ല. എന്നാൽ നന്ദകുമാർ ഇതിനെ സമർത്ഥമായി മറികടക്കുന്നത് എങ്ങനെയെന്ന് അകൃത്രിമസുന്ദര മായി അതീവ ചാരുതയോടെ ശ്രീമതി രമ്യാമോൾ വരച്ചിടുന്നു. ഒരു പക്ഷേ ശ്രദ്ധിക്കപ്പെടാതെ പോകുമായിരുന്ന ഒരു കഥയെ അതിന്റെ കാലികപ്രസക്തിയെ ചൂണ്ടിക്കാട്ടി അനുവാചകനിലെത്തിക്കാനുള്ള ശ്രമം ശ്ലാഘനീയം തന്നെ! പൗരാണിക ബിംബങ്ങളെ ആധുനിക കാലത്തിന്റെ വിഹ്വലതകളുമായി ചേർത്തുവച്ച് സർഗ്ഗാത്മകതയു ടെ ക്ഷീരപഥങ്ങൾ തീർക്കുന്നത് നവ എഴുത്തുകാരുടെ രീതിയായി മാറിയിരിക്കുന്നു. നിലവിലെ സാമൂഹിക രാഷ്ട്രീയ അരക്ഷിതാവ സ്ഥയോട് താദാത്മ്യം പ്രാപിക്കുന്ന അനവദ്യസുന്ദരമായ ഒരു രച നയെയാണ് ലേഖിക ആഴത്തിൽ പഠിച്ച് പരിചയപ്പെടുത്തുന്നത്. മതത്തെ ദേശീയതയോട് ചേർത്ത് പുതിയ ദേശബോധമോ, ദേശ സ്നേഹമോ ഉൽപാദിപ്പിക്കപ്പെടുന്നതിന്റെ ദുരന്തം ഇക്കഥ പറ യാതെ പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ പഠനം അനിവാര്യ മായ ഒരക്കാദമിക ചർച്ചയ്ക്ക് വഴിതുറക്കുന്നുമുണ്ട്.

മലയാളനോവൽ സാഹിത്യചരിത്രത്തെ ഖസാക്കിന് മുമ്പും പിമ്പും എന്ന് രണ്ടായി വിഭജിച്ച, അസാധാരണ ആഖ്യാനശൈലി യുള്ള ഒരു കൃതിയെ അവലംബിച്ചുള്ള അതീവജാഗ്രതയോടെ എഴു തപ്പെട്ട ഒരു പഠനമാണിത്. ഒരു തലമുറയെ ഞെട്ടിച്ച, അവരുടെ സംവേദനക്ഷമതയെ അട്ടിമറിച്ച കഥാഖ്യാനരീതിയായിരുന്നു അത്. ഇന്ദുലേഖയുടെ കാലംതൊട്ട് കണ്ടുവന്ന ചില ഭാവുകത്വപരിണാ മങ്ങളെ ഖസാക്കിന്റെ ബിന്ദുവിൽ അവസാനിപ്പിച്ച് മലയാള വായ നക്കാരൻ മറ്റൊന്നിനെ പുണരുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. മലയാളി ഏറ്റവുമധികം വായിക്കുകയും ചർച്ച ചെയ്യുകയും ഇന്നും പുതിയ ആഖ്യാനങ്ങളും വ്യാഖ്യാനങ്ങളും ഉൽപാദിപ്പിക്കുകയും ചെയ്യുന്ന അപൂർവ്വ സർഗ്ഗസൃഷ്ടിയായി ഇതിഹാസകൃതി മാറിയി രിക്കുന്നു.

ഇന്നിപ്പോൾ മനുഷ്യരാശിയെ ആകമാനം ബാധിച്ചിരിക്കുന്ന കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ രവിയും ഖസാക്കിന്റെ പരിസരവും വസൂരിയെ അതിജീവിച്ചത് പഠനത്തിന് വിധേയമാ ക്കുന്നു പ്രബന്ധകാരിയായ അൽഫോൻസ ഫ്രാൻസീസ്. 'പൂക്ക ളുടെ മണം' എന്ന ശീർഷകത്തിൽ ആരംഭിക്കുന്ന നോവലിലെ പത്തൊമ്പതാം അധ്യായത്തിൽ ജമന്തിപ്പൂക്കൾ വിരിഞ്ഞ് പൊട്ടി യതും ചലം വാർന്നതും അതിന്റെ മാദകഗന്ധം ജമന്തിപ്പൂക്കളുടെ മണം പോലെ ഖസാക്കുകാർ ഏറ്റുവാങ്ങിയതുമൊക്കെ മറ്റൊരു ഖസാക്ക് പഠനവും നിർവ്വഹിക്കാത്ത നിലയിൽ പറഞ്ഞുവയ്ക്കുന്നു ലേഖിക. 'അമ്മ വിളയാട്ട'ത്തിൽ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെ പേരു കൾക്കടിയിൽ പച്ചമഷികൊണ്ട് വരയ്ക്കുന്നുണ്ട് രവി. പേര് വെട്ടു വാൻ രവിയ്ക്കാകുന്നില്ല. ഖസാക്ക് സഞ്ചരിക്കുന്നതുതന്നെ മരണ ത്തിന്റെ ഉദ്യാനങ്ങളിലൂടെയാണെന്ന് പ്രബന്ധകാരി ഷെയ്ക്കിന്റെ കഥയിലെ പാണ്ടൻ കുതിരയുടെ കഥപറഞ്ഞ് നമ്മെ ബോധ്യപ്പെ ടുത്തുന്നു. ഖസാക്കിന്റെ അമ്പത് വർഷങ്ങളെക്കുറിച്ച് ലേഖിക പറ യുമ്പോൾ മലയാള സാഹിത്യത്തിന്റെ ആധുനികതയുടെ അമ്പത് വർഷങ്ങൾകൂടി നാം പരിചയപ്പെടുമെന്ന് തീർച്ച.

വ്യാധിയുടെ വായനയെ വിലയിരുത്തുമ്പോൾ പ്രബന്ധകാരി എഴുപതുകളിൽ പടർന്ന വസൂരിക്കൊപ്പം ചേർത്തുനിർത്തുന്നു കോവിഡ്-19 നെയും. അന്ന് കുടുംബങ്ങൾതൊട്ട് ക്ലാസ് മുറികളിൽ വരെ അനുഭവിച്ച കഠിനതകൾ എഴുത്തുകാരി ഇക്കാലവുമായി സമരസപ്പെടുത്താനും ശ്രമിക്കുന്നു. ഈ പഠനത്തിന്റെ ഏറ്റവും വലിയ സവിശേഷതയും അതാകണം. ലോകം ഒരു ക്യാൻസർ വാർഡാണെന്നും രോഗി ഒരു തടവുകാരനാണെന്നുമുള്ള സോൾഷെനിറ്റ്സന്റെ ചിന്തയ്ക്കും ഇവിടെ പ്രസക്തിയുണ്ടെന്ന് തോന്നുന്നു. മനോഹരമായ കണ്ടെത്തലുകളെ ആയാസരഹിതമായി പറഞ്ഞുപോകാനുള്ള മിഴിവ് ഈ പഠനത്തെ മുൻനിരയിൽ നിർത്തുന്നുണ്ട്.

നോവൽ ചരിത്രത്തിൽ ആധുനികതയുടെ കയ്യൊപ്പ് ചാർത്തിയവരിൽ കാക്കനാടൻ തീരെ പിന്നിലാണന്ന് കരുതാൻ വയ്യ! ഉഷ്ണമേഖല പോലുള്ള കൃതികൾ അതിനെ ശരിവയ്ക്കുന്നതാണെന്ന് ഞാൻ കരുതുന്നു.

ഇവിടെ 'ഒറോത' എന്ന നോവലിലൂടെ സ്ത്രീസ്വത്വത്തെ പുനർനിർമ്മിക്കാൻ ശ്രമിച്ച കാക്കനാടന് സർവ്വ പിന്തുണയും അർപ്പിക്കുകയാണ് പ്രബന്ധകാരി ഡോ. അനില സി.എസ്. എല്ലാ മനുഷ്യരും സ്ത്രീപുരുഷഭേദമെന്യേ ഒരു വ്യവസ്ഥയിൻകീഴിൽ ജീവിച്ചുപോരുന്നവരാണ്. പക്ഷേ എല്ലാക്കാലത്തും സ്ത്രീയെ സംബന്ധിച്ച് ആ വ്യവസ്ഥ കഠിനമാകുന്നതെന്ത് എന്ന ചോദ്യം എല്ലാ എഴുത്തുകാരുടെയും ഒരു സാമൂഹികപ്രശ്നമോ, ദാർശനികപ്രശ്നമോ ആണ്. ഇന്ദുലേഖയിൽ തുടങ്ങി ഉമ്മാച്ചു തൊട്ട് ആരാച്ചാർ വരെയുള്ള കൃതികൾ എടുത്ത് പരിശോധിക്കുമ്പോൾ നാം നേരിടുന്ന വെല്ലുവിളികളാണിത്. ഇതിനെ സർഗ്ഗാത്മകമായി മറികടക്കാൻ എഴുത്തുകാർ ശ്രമിക്കുമ്പോഴൊക്കെ പെൺപ്രാധാന്യമുള്ള സൃഷ്ടികൾ ഉണ്ടാകുന്നുമുണ്ട്. ഒറോത അത്തരമൊരും അസ്വാതന്ത്ര്യകാലത്തെ ഭേദിക്കാനുള്ള സ്ത്രീയുടെ ബോധപൂർവ്വമായ സ്വാതന്ത്ര്യം പ്രഖ്യാപിക്കലാണെന്ന് വിശ്വസിക്കാൻ എനിക്ക് ഏറെ താല്പര്യമുണ്ട്. സാമൂഹികമായും സാംസ്കാരികമായും

സാമുദായികമായും സ്ത്രീയെ അടിമയാക്കുന്ന ഒരു കെട്ട കാല ത്തിനെതിരെയുള്ള ചാട്ടവാറടിയാണ് ഒറോത. ഇവിടെ സുഗതകു മാരി ടീച്ചറുടെ സ്ത്രീപർവ്വത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ സമീപനമാണ് കാക്കനാടനുള്ളത്. ഒറോത തന്റെ ചങ്ങലകളെ പൊട്ടിക്കുന്നുണ്ട് പലപ്പോഴും. പെൺപുലിയായി ചാടിവീഴുന്നുമു ണ്ട്. സീതയായും ദ്രൗപതിയായും കണ്ണകിയായും പരിണമിക്കുന്നു ണ്ട്. രാജാധികാരത്തിന്റെ നേർക്ക് മുല പറിച്ചെറിഞ്ഞ കണ്ണകിയെ പ്പോലെ വിസ്ഫോടനമായി മാറുന്നുണ്ട് അത്. പിന്നെപ്പിന്നെ സമൂ ഹത്തിന്റെ നന്മയുടെ ഭാഗമായി മാറുന്ന ഒറോത ഇനി തിരിച്ചുവരാ ത്തവണ്ണം മലമുകളിലേയ്ക്ക് കയറിപ്പോകുന്നു. മനോഹരമായ ഒരു മിത്തുപോലെ കഥ അവസാനിപ്പിക്കുന്ന രീതിയെ പഠനവിധേയമാ ക്കുന്നുണ്ട് പ്രബന്ധകാരി. സ്ത്രീയുടെ സ്വത്വബോധത്തെയും വ്യക്തിത്വത്തെയും അവളുടെ സ്ത്രീത്വത്തെയും ഇത്രകണ്ട് വിശ കലനം ചെയ്യുന്ന ഒരു പഠനം അടുത്ത കാലത്തൊന്നും ശ്രദ്ധ യിൽപെട്ടതായി തോന്നിയിട്ടില്ല. നോവലിനെ ലേഖിക സമീപിക്കു ന്നത് തികഞ്ഞ ആത്മാർത്ഥതയോടെയും അനുഭവസമ്പന്നതയോ ടെയുമാണെന്ന് തോന്നിപ്പോകുന്ന വിലയിരുത്തലുകൾ. പെണ്ണിന്റെ വ്യത്യസ്ത ഭാവങ്ങൾ, അവൾ കടന്നുപോകുന്ന ഘട്ടങ്ങൾ, അവൾ അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യങ്ങൾ... ലൈംഗികത എല്ലാം ചർച്ച ചെയ്യുന്ന അത്യപൂർവ്വ പഠനം. വായിക്കുമ്പോൾ അനല്പമായ ആഹ്ളാദം തോന്നിയ രചന!

'എൻമകജെ' പോലുള്ള നോവലുകൾ മലയാള പാരിസ്ഥി തിക ബോധത്തെ പൊള്ളിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് കൃതഹസ്തനായ പി. സുരേന്ദ്രൻ മറ്റൊരു ദിശയിൽ നിന്നുകൊണ്ട് പരിസ്ഥിതി പ്രശ്നങ്ങളെ നോക്കിക്കാണുന്നത്. 'ജിനശലഭങ്ങളുടെ വീട്' ശലഭവീടുകൾ തേടിയുള്ള ഒരു യാത്രയാണ്. തീർച്ചയായും ഒരു തീർത്ഥയാത്ര. അത് പ്രകൃതിയുടെ പച്ചപ്പിലേയ്ക്ക് അവസാ നിക്കുന്നതാണ്. കവിതകളിൽ പരിസ്ഥിതി നേരത്തെ ചർച്ച ചെയ്തു തുടങ്ങിയെങ്കിലും നോവലുകളിൽ എൺപതോടുകൂടിയാണ് അത് സാധ്യമാകുന്നത്. പ്രബന്ധകാരന്റെ ഈ കാഴ്ചപ്പാട് പൂർണ്ണമായും

ശരിതന്നെ. അതിന് മുമ്പുള്ള എഴുത്തുകാർ ഇത് അഭിസംബോധന ചെയ്യുന്നുണ്ടെങ്കിലും ഗൗരമായി കണ്ടിരുന്നില്ല. പി. സുരേന്ദ്രന്റെ ഒട്ടുമിക്ക നോവലുകളും ഈ വിഷയത്തെ ചർച്ച ചെയ്തുകാണുന്നുണ്ടെങ്കിലും ജിനശലഭങ്ങളുടെ വീട് പൂർണ്ണമായും പാരിസ്ഥിതിക നോവൽ തന്നെയാണ്. പി. സുരേന്ദ്രൻ മികച്ച എഴുത്തുകാരനെന്ന നിലയിൽ പ്രശസ്തനാണെങ്കിലും എന്തുകൊണ്ടോ ഈ നോവലിസ്റ്റ് മുഖ്യധാരയിൽ ഇനിയും സജീവമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെയാണ് ഈ പഠനം കൂടുതൽ ശ്രദ്ധ നേടുന്നത്.

ആർത്തിമൂത്ത് സ്വന്തം ലൈംഗികാവയവം തിന്നുതീർത്ത് ഒടുവിൽ വംശനാശം സംഭവിച്ച ഒരു പ്രാക്തനജീവിയെപ്പറ്റി എവിടെയോ കേട്ടതോർക്കുന്നു. ആധുനിക മനുഷ്യന് ഇത്ര ചേരുന്ന ഒരു വായന വേറെങ്ങും ഞാൻ കണ്ടിട്ടില്ല. ആറ്റംബോംബിട്ട് ഒരു ജനസമൂഹത്തെ തന്നെ കത്തിച്ചതുപോലെ അത്യുത്തര കേരളത്തിൽ സർക്കാരിന്റെ ഒത്താശയോടെ ഒരു അന്താരാഷ്ട്ര വിഷ നിർമ്മാണ രാക്ഷസൻ കുരുന്നുജീവിതങ്ങളുടെ ശിരസ്സ് വലുതാക്കിയതുപോലെ... എന്തെല്ലാം നാം അനുഭവിക്കണം. ആകാശത്തുനിന്ന് പറവകളും ജലാശയങ്ങളിൽനിന്ന് മത്സ്യങ്ങളും മണ്ണിൽനിന്ന് സൂക്ഷ്മജീവികളും അപ്രത്യക്ഷമാകുന്ന കാലം വിദൂരമല്ല. ഈ ലേഖനം നേർത്ത നോവായി ഉമിത്തീപോലെ നീറിപ്പിടിക്കുന്നു. അതിനുള്ള കരുത്തും കാതലും ഈ പ്രബന്ധത്തിന്റെ സവിശേഷതയാണ്.

ദശകുസുമങ്ങൾപോലെ പത്ത് പഠനങ്ങൾ! അതീവജാഗ്രതയോടെ എഴുതപ്പെട്ട ഭിന്നമുഖങ്ങളുള്ള പത്ത് പ്രബന്ധങ്ങൾ. അക്കാദമികരംഗത്തും പുറത്തും ഈ ലേഖനങ്ങൾ അസാധാരണമായ മുഴക്കങ്ങൾ സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. അത്രമാത്രം വേറിട്ട നിരീക്ഷണങ്ങളും വിലയിരുത്തലുകളുമാണ് ഇതിലുള്ളത്. എല്ലാ എഴുത്തുകാർക്കും ഭാവുകങ്ങൾ നേരുന്നു..!

# ഉള്ളടക്കം


**കുട്ടനാടൻ നാടോടിപ്പാട്ടുകളുടെ പാഠപരിസരം;**
**എടനാടൻപാട്ട് മുൻനിർത്തി ഒരു പഠനം** ........................................................ 20
*ജിബിൻ കുര്യൻ*

**'ചിന്താവിഷ്ടയായ സീത'യിലെ ധ്വനിപാഠങ്ങൾ** ............................................ 33
*ഡോ. ബിൻസി സി.ജെ.*

**ആധുനികതാദർശനം അക്കിത്തത്തിന്റെ കവിതകളിൽ** ................................ 42
*രഞ്ജിത്ത് രവീന്ദ്രൻ വി.*

**ഒ.എൻ.വി.യുടെ 'ഭൂമിക്കൊരു ചരമഗീതം,' ഇന്നിന്റെ പരിസ്ഥിതി ഗീതം** ... 51
*ജോളി കെ.വി.*

**സുഗതകുമാരിയുടെ സ്ത്രീപർവ്വം ഒരാസ്വാദന പാഠം** .................................. 61
*ഡോ. ജയ്സിമോൾ അഗസ്റ്റിൻ*

**പാട്ടബാക്കിയുടെ രാഷ്ട്രീയം** .......................................................................... 69
*ഡോ.ബെന്നിച്ചൻ സ്കറിയ*

**വായില്യാക്കുന്നിലപ്പൻ - വാക്കുനഷ്ടപ്പെട്ടവരുടെ ഭരദേവത** ...................... 74
*രമ്യാമോൾ. ജി*

**വ്യാധിയുടെ വായനകൾ; ഖസാക്കിന്റെ ഇതിഹാസത്തിൽ** ........................... 81
*അൽഫോൻസ ഫ്രാൻസിസ്*

**സ്ത്രീസ്വത്വാവിഷ്കാരം ഒരോതയിൽ** ............................................................ 89
*ഡോ. അനില സി.എസ്.*

**ശലഭവീടുകൾതേടി ഒരു യാത്ര** ....................................................................... 97
*നിമ്മി കുര്യൻ*

# കുട്ടനാടൻ നാടോടിപ്പാട്ടുകളുടെ പാഠപരിസരം; എടനാടൻപാട്ട് മുൻനിർത്തി ഒരു പഠനം

**ജിബിൻ കുര്യൻ**, ഗവേഷക വിദ്യാർത്ഥി, എസ്. ബി കോളേജ്, ചങ്ങനാശ്ശേരി

*'കണ്ടത്തിപ്പാടുവാരുന്നു. തലപ്പാട്ടും പാടീട്ടൊണ്ട്. ഒരാൾക്കൊള്ള കൂലി കിട്ടും. അന്നൊക്കെ പത്തു രൂപായേ കൂലിയൊള്ളു. ഇപ്പം അതിൽ കൂടുതൽ കിട്ടും. ഇപ്പം പാട്ടില്ലല്ലോ. പാട്ടൊണ്ടേ കണ്ടം എന്തുമ്മാത്രം പണി നടക്കുവെന്നറിയാവോ. കണ്ടം പിടിപിടീന്നങ്ങ് നട്ടുപോകുവല്ലെ. കണ്ടത്തിലെറങ്ങി പാടിക്കഴിയുമ്പം ഈ കണ്ടോം മറുകണ്ടോം ചാടിയങ്ങു പോകുവാ, നട്ട്. മനസിലായോ. പാട്ട് പാടുമ്പോ കണ്ടം ഒത്തിരിയങ്ങ് തീരും. അതാണിപ്പം പാട്ട് നിർത്തലാക്കിയിരിക്കുന്നത്. നിർത്തിയതാ. എന്നാ... കണ്ടം എളുപ്പവങ്ങ് പണി തീരുകേലേ. പണി തീർന്നാ പാവപ്പെട്ടവർക്ക് പണിയാനൊക്കുവോ. അതുങ്ങള് പട്ടിണി കെടക്കുവേലേ. അതിനാണ് പാട്ട് നിരോധനം ചെയ്തത്. കണ്ടം, എത്ര കണ്ടവാ തീരുന്നതെന്നറിയാവോ. അതുകൊണ്ടാ ഇപ്പം പാട്ട് നിർത്തിയിരിക്കുന്നെ.'*

*'ഇപ്പം ഇവിടിരുന്നോണ്ട് (വീട്ടിൽ) പാടാനൊക്കത്തില്ല. അവരുടെ ഒറക്കം പോകുവെന്ന് പറയും. കൊച്ചുങ്ങടെ. രാത്രിയിലേ. എനിക്കൊറക്കം വരത്തില്ല. ശരീരത്തിന് വേദനവരുമ്പോഴണ്ടല്ലോ. ഞാനിങ്ങനെ വല്ലതുമൊക്കെ പാടിപ്പറഞ്ഞിങ്ങനെ കെടക്കും. ഒറക്കം വരാമ്മേണ്ടീട്ടാ നമ്മളീ പാട്ടു പാടുന്നേ. അപ്പം അവർക്കതൊരു ബുദ്ധിമുട്ട്.'*

*– ഏലമ്മ, കിടങ്ങറ, 89 വയസ്, പറയ വിഭാഗം*

കുട്ടനാട്ടിലെ സാധാരണ ജനങ്ങളുടെ ഇടയിൽ നാടൻ പാട്ടുകൾ എന്തൊക്കെ ധർമ്മങ്ങളാണ് നിർവഹിച്ചത് എന്നു സാമാന്യമായി മനസിലാക്കാൻ മുകളിലുദ്ധരിച്ച വാക്യങ്ങൾ ഉപകരിക്കും. പണിയിടത്തിൽ ഊർജസ്വലരാകാനും അന്തിനേരങ്ങളിൽ ഉടലിന്റെ വേദന മറന്ന് സ്വസ്തത പൂകാനും പണിയാളർക്കുള്ള ഒറ്റമൂലിയായിരുന്നു പാട്ട്. പാട്ട് അവരിൽനിന്നു വേർപെട്ട മറ്റൊരു യാഥാർത്ഥ്യം ആയിരുന്നില്ല. അതുകൊണ്ടുതന്നെ കുട്ടനാട്ടിലെ പാട്ടുകളെ മനസിലാക്കാൻ ശ്രമിക്കുമ്പോൾ ആ പാട്ടുകൾ കൈയാളിയിരുന്ന ജനങ്ങളെയും അതിന്റെ പാഠപരിസരത്തേയും ഒഴിച്ചുനിർത്തുന്നത് അബദ്ധമായിരിക്കും.

പാട്ടിൽ ജനത ജീവിക്കുകയും ജനതയിലൂടെ പാട്ടു ജീവിക്കുകയും ചെയ്തിരുന്ന ഒരു കാലം കുട്ടനാട്ടിൽ ഉണ്ടായിരുന്നു. ഉറക്കുകയും ഉണർവുണ്ടാക്കുകയും വേദന മരവിപ്പിക്കുകയും ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപീകരിക്കുകയും ചെയ്യാൻ കുട്ടനാട്ടിലെ സാമാന്യ ജനത ആ കാലത്ത് പാട്ടിനെയാണ് ആശ്രയിച്ചത്. പ്രവർത്തക ശൃംഖലാ സിദ്ധാന്തത്തിന്റെ (Actor Network Theory) ഭാഷയിൽ പറഞ്ഞാൽ പാട്ട് ഒരു പ്രവർത്തകം (Actor) ആയിരുന്ന കാലം ഉണ്ടായിരുന്നു. അത് ആ ജനതയെ സംബന്ധിച്ച് എപ്പോഴും ധനാത്മകമായ കാര്യമായിരുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. പാട്ടുണ്ടേൽ പണി പെട്ടെന്ന് തീരുകയും 'അതുങ്ങള്' പട്ടിണി കിടക്കേണ്ടി വരികയും ചെയ്യും. അതുകൊണ്ടുതന്നെ ഭൂവുടമകൾ പാടത്തെ പണിക്കിടയിലുള്ള പാട്ടുപാടലിനെ പ്രോത്സാഹിപ്പിച്ചിരുന്നു. രാമങ്കരിയിലുള്ള വാസുദേവൻ പിള്ള എന്ന ഭൂവുടമയുടെ വാക്കുകൾ നോക്കുക

*എന്റെ ചെറുപ്പത്തിലെ ഒരു പെണ്ണ്.. ദേ ഇത്രേ ഒള്ളൂ (പൊക്കം കുറ വാണ് എന്ന അര്ത്ഥത്തില് കൈകൊണ്ട് കാട്ടുന്നു). ഞങ്ങൾ അന്ന് രാമങ്കരിപ്പടവിൽ നട്ടോണ്ടിരിക്കുവാ. അവള് വന്നിട്ടാരും എറക്കിയില്ല. 'നിയെന്നാപണിചെയ്യാനാ'..... ഒടുക്കം കറങ്ങിത്തിരിഞ്ഞ് എന്റടുക്കൽ വന്നിട്ട് പറഞ്ഞു ; ഞാൻ പാട്ടുപാടിക്കൊടുത്തോളാം... അന്ന് നിസാര വല്ലേ നമ്മള് കൂലി കൊടുക്കുന്നത്... ആം, ആയിക്കോളാൻ പറഞ്ഞു. ഇവള് പാടുകേം നടുകേം ചെയ്തു. രണ്ടു ജോലീം ചെയ്തു. ഞാൻ ഇവൾക്ക് ഇച്ചിര കാശൊക്കെ കൊടുത്തു. എല്ലാർക്കും* കൊടുത്ത കൂലീം കൊടുത്തു,

*(വാസുദേവൻ പിള്ള, കിടങ്ങറ, നായർ, 90 വയസ്)*

പാട്ടുണ്ടായി പ്രചരിച്ച സാമൂഹിക സന്ദർഭം പാട്ടുകളോടൊപ്പം ചർച്ച ചെയ്യേണ്ടതിന്റെ പ്രാധാന്യം ഇതിൽനിന്നൊക്കെ മനസിലാക്കാം. ഫ്യൂഡൽ കാലഘട്ടത്തിന്റെ സാംസ്കാരിക പരിസരത്താണ് നാടൻപാട്ടുകൾ വ്യാപകമായി ഉണ്ടായിപ്പരന്നത് എന്ന് പല ഗവേഷകരും നിരീക്ഷിച്ചിട്ടുണ്ട്. എഴുത്തധികാരമില്ലാതിരുന്ന ജനത വാമൊഴിയായി കെട്ടിയുണ്ടാക്കി വാമൊഴിയായിത്തന്നെ അവ പ്രചരിക്കുകയായിരുന്നു. കുട്ടനാട്ടിലെ നാടൻപാട്ടുകാരിൽ പ്രശസ്തയായ മറിയാമ്മച്ചേടത്തിയുടെ വാക്കുകൾ നോക്കുക.

*ഇത് ആദിമൊതലേ പടവെട്ടി നടന്നൊരു പിതാക്കമ്മാരുടെ കതയാണ്. ഇതെഴുതീട്ടില്ല. കേട്ടുപടുത്തം. മാതാക്കമ്മാര് കണ്ടത്തിക്കെടന്ന് കുത്തി മറിഞ്ഞു പാടി. ചക്രത്തിന്റെ മോളിലിരുന്നു പാടി. വള്ളത്തെ കുത്തിക്കറക്കുമ്പം പാടി. ഇങ്ങനൊക്കെ കിട്ടിയ പാട്ടാ ഞങ്ങക്ക്.* (മറിയാമ്മച്ചേടത്തിയുടെ മാണിക്കംപെണ്ണ് എന്ന പുസ്തകത്തിൽനിന്ന്)

ചെങ്ങന്നൂരാതി പോലെയുള്ള വിപുലമായ പാട്ടുകഥകൾ (വീരകഥാഗാനങ്ങൾ) പാടിത്തുടങ്ങുന്നതിനു മുൻപുള്ള സ്തുതിപ്പുകളിൽ പാടാൻ പോകുന്ന പാട്ട് നാവിൽ എണങ്ങി വരേണമെന്ന് അഭ്യർത്ഥിക്കാറുണ്ട്.

*തെറ്റല്ലെ തളരല്ലെ നാവേ എൻ ഗുരുനാവേ*
*മുട്ടല്ലെ നാവേ മുഴറല്ലെ നാവേ എൻഗുരുനാവേ*
*വാടല്ലെ നാവേ വഴറല്ലെ നാവേ എൻഗുരുനാവേ*

*മുട്ടുവള്ളി മുട്ടിടുംപോലെ മുട്ടല്ലെ നാവേ*
*പാലുവള്ളി പടരും കണക്കേ പടരല്ലേ നാവേ*
*പാടം കണ്ടും പലരെ കണ്ടും അഞ്ചല്ലെ നാവേ*
*ഒന്നിനൊന്ന് എണതുണനിന്നെന്റെ നാവേലുദിക്ക*
*എണ്ണിക്കെട്ടിയ കൊച്ചില വെറ്റയുടെ അടുക്കെഴും പോലെ*
*എന്റെ ആശാന്മാരു ഗുരുക്കന്മാരു ചൊല്ലിയ പാട്ടുകഥയും*
*ഇന്ന് എന്റെ നാവിൽ ഇതെല്ലാം ഒന്ന് എണങ്ങി വരേണം*

*- കൊച്ചുകുഞ്ഞ്, ചെങ്ങന്നൂരാതി*
*(സമ്പാ. എ കെ അപ്പുക്കുട്ടൻ)*

ഈ സ്തുതിപ്പുതന്നെ വൈവിധ്യമാർന്ന പാഠഭേദങ്ങളിൽ നിലനിലുണ്ട്. ഉദാഹരണത്തിന് മറിയാമ്മച്ചേടത്തിയുടെതന്നെ പാഠം നോക്കുക

*അരി അരി തിരി തിരി നാവേ എങ്കുരുനാവേ*
*അരി അരി തിരി തിരി നാവേ എങ്കുരുനാവേ*
*വാടല്ലൂ പതറല്ലെ എന്റെ കുരുനാവേ*
*വാടല്ലൂ പതറല്ലേ എന്റെ കുരുനാവേ*
*പാർവള്ളിയെക്കെട്ടും കെട്ടല്ലേ എങ്കുരുനാവേ*
*മുട്ടല്ലെ മുഴങ്ങല്ലെ എങ്കുരുനാവേ*
*എള്ളുചാമപ്പയറു കൊഴിതിരിപോലെ*
*കെഴിതിരിപോലെ മൊഴിതിരിയെട്ടോ*
*ചങ്കേലുറക്കണം പഴനാവേ വെളങ്ങണം എങ്കുരുനാവ്*
*എണ്ണിക്കെട്ടിയ വെറ്റിലക്കെട്ടിൻ അടുക്കെണ്ണം പോലെ*
*അക്കണക്ക് അതുകണക്കെന്റെ മ�ൊഴിതിരിയേണം*
*വേലിപ്പടർപ്പിച്ചെറുചുണ്ട കേറിപ്പടരും കണക്ക്*
*പൊന്തക്കാട്ടി വള്ളി പടരും കണക്ക്*
*അക്കണക്ക് അതുകണക്കെന്റെ മൊഴിതിരിയേണം*
*പുറ്റുംപുറത്ത് കുറു ചെങ്ങാലി ഇരുന്ന് കുറുകും കണക്ക്*

*അക്കണക്ക് അതുകണക്കെന്റെ മൊഴിതിരിയേണം*

*അ, ചങ്കേലുറക്കണേ പഴനാവേ വെളങ്ങണേ ചിന്തൂരംപാട്ട്*

*അ, ചങ്കേലുറക്കണേ പഴനാവേ വെളങ്ങണേ ചിന്തൂരംപാട്ട്*

*(മറിയാമ്മച്ചേടത്തിയുടെ മാണിക്കംപെണ്ണ്*
*എന്ന പുസ്തകത്തിൽനിന്ന്)*

ഈ സ്തുതിപ്പിൽ സൂചിപ്പിക്കുംവിധം പൊന്തക്കാട്ടിൽ വള്ളി പടർന്ന് പന്തലിച്ചപോലെ കുട്ടനാട്ടിലും പരിസരത്തുമായി ഒരു കാലത്ത് വളർന്നു പടർന്ന് പന്തലിച്ചിരുന്നു, പാട്ടുകൾ. ഒരു ചെടിയിൽനിന്ന് മറ്റൊന്ന് പൊട്ടി ക്കിളിർത്ത് സ്വതന്ത്രമായ അസ്തിത്വം നേടുംപോലെ ഒരു പാട്ടിനുതന്നെ എണ്ണമറ്റ പാഠഭേദങ്ങൾ ഉണ്ടായിവന്നു. ഫോക്‌ലോറിന്റെ പ്രധാന സവി ശേഷതകളിലൊന്നാണ് മൂലപാഠം എന്നൊന്നില്ല, പാഠഭേദങ്ങളേ ഉള്ളു എന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഫോക്‌ലോർ പഠനത്തിൽ മൂല പാഠം എന്നത് അപ്രസക്തമാണ്. മാത്രമല്ല എല്ലാ പാഠഭേദങ്ങൾക്കും തുല്യ പരിഗണനയാണുള്ളത്. എടനാടൻപാട്ട് കൊടുപ്പുന്നയിലെ ഇട്യാ തിപ്പണിക്കൻ അയ്യായിരത്തോളം വരികളിലായിട്ടാണ് പാടി പകർന്നിരിക്കുന്നത്. കാവാലം വിശ്വനാഥക്കുറുപ്പ് ശേഖരിച്ച എടനാ ടൻപാട്ടു പാഠം നാനൂറിൽ താഴെ വരികളിൽ ഒതുങ്ങുന്നു. വെട്ടിയാർ പ്രേംനാഥ് ശേഖരിച്ചിറക്കിയ പാട്ടുസമാഹാരങ്ങളിൽ എടനാടൻപാട്ട് ചക്ര പ്പാട്ടായും ഞാറ്റുപാട്ടായുമൊക്കെ വ്യത്യസ്ത തരഭേദങ്ങളിൽ പാടിയി രുന്നതായി കാണുന്നു. കിടങ്ങറയിലുള്ള ഏലമ്മ അത് പാട്ടായും ഇന്നത്തെ പ്രേക്ഷകർക്ക് രസിക്കുന്നവിധം ഗദ്യരൂപത്തിലും ചൊല്ലിപ്പക രുന്നു. പ്രമേയത്തിലും കഥാ ഘടനയിലും കഥാപാത്ര വ്യന്യാസത്തിലും ഈണത്തിലുമെല്ലാം ഇവതമ്മിൽ സാരമായ വ്യത്യാസങ്ങളുണ്ട്. എന്നാൽ ഇവയിൽ ഏതെങ്കിലും ഒന്ന് മികച്ചത് എന്ന് വിധിയെഴുതാൻ പുതിയ ഫോക്‌ലോർ വിജ്ഞാനം അനുവദിക്കില്ല. ഓരോ പാഠത്തേയും അതിന്റെ ചേരുവയുടേയും പ്രകടന സന്ദർഭത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ മനസിലാക്കുകയും വിശദീകരിക്കുകയുമാണ് സാധ്യമായ കാര്യം.

എടനാടൻ പാട്ടിന്റെ വിവിധ പാഠങ്ങൾ പരിശോധിച്ചാൽ അവതമ്മിലുള്ള വ്യത്യാസത്തിന്റെ തോത് മനസിലാകും. ഇട്ട്യാതിപ്പണിക്കന്റെ പാഠം അനുസരിച്ച് എടനാടന്റെ അപ്പനായ മാവല്ലാച്ചേരി കന്മൾക്ക് (കൈമൾ - നായർ പ്രമാണി) വടക്കേളം കൂറിലെ കറുത്താക്കന്മാരെ (നായർസ്ഥാനികൾ) അക്ഷര വിദ്യയും ആയുധവിദ്യയും എണ്ണെഴുത്തു വിദ്യയും പഠിപ്പിച്ചു കൊടുത്തതിന് ദക്ഷിണയായി ലഭിച്ചതാണ് എഴുവന്തുരുത്തും എഴുപുന്നക്കാടും. ആ കാലയളവിൽ കണ്മൾക്ക് അരിയും കറികളും വെപ്പാൻ കറുത്താക്കന്മാർ ഏർപ്പാടാക്കിയ വെപ്പാട്ടിപ്പെണ്ണായ കോതവെള്ളാട്ടിയിൽ കണ്മൾക്കു ജനിക്കുന്ന മകനാണ് എടനാടൻ. 'സമ്പന്നമായ നായർ ഗൃഹങ്ങളിലെ ദാസികൾ ദരിദ്രരായ നായർ സ്ത്രീകളാകാനേ തരമുള്ളു' എന്ന യുക്തിയിൽ എടനാടൻ നായരാണ് എന്നാണ് ഇട്ട്യാതിപ്പണിക്കന്റെ അഭിപ്രായം. വെള്ളാട്ടി എന്ന വാക്കിന് ജോലിക്കാരി, പതിച്ചി (വയറ്റാട്ടി) എന്നീ അർത്ഥം മാത്രമാണ് ശബ്ദതാരാവലിയിൽ അർത്ഥം കൊടുത്തിരിക്കുന്നത്. വെള്ളാട്ടി എന്ന വാക്ക് ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ മുതലായ പ്രാചീന കൃതികളിലൊക്കെ ധാരാളമായി കാണാറുണ്ടെങ്കിലും അത് ഏതെങ്കിലും ജാതി വിഭാഗത്തെ കുറിക്കുന്നതായി സൂചനയില്ല. കുട്ടനാടൻ കഥാഗാനങ്ങളിൽ തെറിവിളി സന്ദർഭം ഉണ്ടാകുമ്പോഴൊക്കെ ' വെള്ളാട്ടിത്തള്ള ചെറിയേടെ മകനേ' എന്ന ഒരുക്കുശീലാണ് കൂടുതലായി കാണുന്നത്. സവർണവ്യവഹാരങ്ങളിലൂടെയാവാം അവർണ ജാതിവിഭാഗത്തിന്റെ ജീവിത പരിസരവുമായി ബന്ധപ്പെട്ട പദങ്ങൾ തെറിയായി മാറിയത് (ചെറ്റ, പുലയാടി തുടങ്ങിയവ ഉദാഹരണം) എന്നാൽ ദളിത് ജനതയുടെ വ്യവഹാരങ്ങളിൽ ജാത്യേതരമായ മറ്റ് കീഴാള അവസ്ഥകളുമായി ബന്ധപ്പെട്ട പദങ്ങൾ തെറിയായി മാറുന്നു. അതവിടെ നിൽക്കട്ടെ. വിശ്വനാഥക്കുറുപ്പ് ശേഖരിച്ച പാഠത്തിൽ *'അപ്പോളെടനാടൻ, കമ്മാളിനെ അടിയാത്തീലൊണ്ടായ കന്നിമകൻ.. കമ്മാളിന്റടിയാത്തി വെള്ളാട്ടിക്ക് കള്ളം പെറന്ന കാറമകൻ'* എന്നാണ് കാണുന്നത്.. എടനാടൻ ഒരു പുലയയുവാവാണെന്നാണ് ഉള്ളൂരിന്റെ പരാമർശം. കമൽ ചന്തിരൂർ എന്ന കലാകാരന്റെ അഭിപ്രായം ഇങ്ങനെയാണ് *'ഇടനാടന്റെ അമ്മ അവർണജാതിയിൽപ്പെട്ട ഒരു അടിയാത്തിയായിരുന്നു അവൾക്ക് അവളുടെ ഉടയോനും തമ്പുരാനുമായ കൈമളുടെ വക ഗർഭമുണ്ടായി.'*

പല പാഠങ്ങളിലും പല സ്വത്വസ്ഥാനങ്ങളിലാണ് എടനാടൻ അവതരിക്കുന്നത് എന്ന് മുകളിലെ സൂചനകളിൽനിന്ന് വ്യക്തം. പാട്ടുകാരുടെ ആഭിമുഖ്യങ്ങൾ പാട്ടിൽ ഇടപെടുന്നതിന്റെ അടയാളവുമാണ് ഇത്. ഇട്ട്യാതിപ്പണിക്കന്റെ പാഠത്തിലേക്ക് തിരിച്ചു വരാം. കറുത്താക്കന്മാരെ വിദ്യ പഠിപ്പിച്ച ശേഷം കന്മൾ തറവാട്ടിലേക്ക് മടങ്ങിവന്നു. നിറഗർഭിണിയായ കോതവെള്ളാട്ടിയെ പിന്നീട് വന്ന് തറവാട്ടിലേക്ക് കൊണ്ടുപൊയ്ക്കൊള്ളാം എന്ന ഉറപ്പിലാണ് മടക്കം. തിരിച്ചെത്തിയ കണ്മൾ കാണുന്നത് തന്റെ അനന്തരവളായ കുഞ്ചുക്കുരുതേവി നിറഗർഭിണിയായി നിൽക്കുന്നതാണ്. ജാതിയിൽ ഒരുപടി താന്നവനായ കൂത്തപ്പിള്ളി മേനകനാണ് അതിനുത്തരവാദി. മേനകൻ കുളിക്കുന്ന നദിയിലെ വെള്ളം കീഴ്പ്പോട്ടൊഴുകി വന്നാൽ അതിൽ കന്മൾമാർ കുളിക്കില്ല. *'ചാതിക്കൊറഞ്ഞവനേ മേനകനവനേ, മേനകന്റെ സന്തതിയിവിടെ വാഴുകയും വേണ്ട'* എന്നു പറഞ്ഞ് കന്മൾ അനന്തരവളായ കുഞ്ചുക്കുരുതേവിയുടെ തലയറുക്കുന്നു. എടനാടൻപാട്ടു കഥയുടെ സംഘർഷങ്ങളുടെ തുടക്കം ഈ ദുരഭിമാനക്കൊലയോടെയാണ്. മേനകനും സുഹൃത്തായ കോയിലും ഇതറിഞ്ഞ് കലിതുള്ളുന്നു. എന്നാൽ ആയുദാഭ്യാസിയായ കന്മളോട് തങ്ങൾ നേരിട്ട് എടനിൽക്കത്തില്ല. അതുകൊണ്ട് കണ്മൾക്ക് കറുത്താക്കന്മാരിൽനിന്നു ലഭിച്ച എഴുവന്തുരുത്തും എഴുപുന്നക്കാടും വെട്ടിപ്പിടിച്ച് കൃഷിചെയ്യാനും കന്മൾ ചോദിക്കാൻ വരുമ്പോൾ അയാളെ ചതിയിൽ കൊല്ലാനും അവർ തീരുമാനിക്കുന്നു. എന്നാൽ ഇതിൽനിന്ന് തികച്ചും വ്യത്യസ്തമായ പാഠം കിടങ്ങറയിലുള്ള ഏലമ്മയിൽനിന്നു (2018) ലഭിച്ചിട്ടുണ്ട്. അവിടെ വില്ലനാകുന്നത് ഒരു മാപ്പിളയാണ്. (അനാരോഗ്യം കൊണ്ട് പാട്ടിലെ പലഭാഗങ്ങളും കഥപോലെ പറഞ്ഞുതരികയാണ് ചെയ്തത്.)

*(കന്മളിനെ) കണ്ടം കൃഷിയൊണ്ടാരുന്നു. അതൊരു മാപ്പിള പാട്ടത്തിനു മേടിച്ചു. കൃഷിചെയ്യുന്ന നെല്ല് വിറ്റ് കാശുമേടിച്ച് ബാങ്കിലിടുകേംചെയ്യും അയക്ക് (കന്മളിന്) പതിരും കൊടുക്കും. പതിരളന്നുകൊടുക്കും. അങ്ങനായി അവസാനം ഞാൻ നെല്ലുംകൊണ്ടേ പോകുവൊള്ളെന്നു പറഞ്ഞു നിന്നു. അവനെ (കന്മളിനെ ) പാട്ടപ്പറവെച്ച് അടിച്ച് താഴെത്തളത്തിയിട്ട് അവിടം തൊട്ടൊള്ള വലി ഒരു മരത്തിന്റെ ചൊവിടു*

*വരെ വലിച്ചു. വലിച്ചിട്ട് വടംകയറ് കഴുത്തേക്കെട്ടി മരത്തിന്റെ മോളി ക്കേറി, മരത്തേ കെട്ടിത്തൂക്കി.*

എടനാടൻപാട്ട് ഇരുപത്തൊന്നാം നൂറ്റാണ്ടിൽ എത്തിയപ്പോൾ സംഭ വിച്ച പരിണാമങ്ങളിലൊന്നാണിത്. മാപ്പിളയും ബാങ്കുമൊക്കെ കഥയി ലേക്ക് കടന്നുവരുന്നത് തികച്ചും യാദൃശ്ചികമല്ല. സമീപ ഭൂതകാലത്ത് ക്രിസ്ത്യൻ ജനവിഭാഗത്തിന് കുട്ടനാടൻ സാമൂഹിക ഭൂമികയിൽ കൈവന്ന നിർവാഹകസ്ഥാനത്തെ ഇതു സൂചിപ്പിക്കുന്നുണ്ട്. ജന്മിത്ത വ്യവസ്തിതിയുടെ ആക്കം കുറഞ്ഞുവന്ന വേളയിൽ പാട്ടകൃഷിക്കാരു ടേതായ ഒരു മധ്യവർഗം ക്രമേണ പ്രാബല്യത്തിലേക്കു വരുന്നതു കാണാം. ക്രിസ്ത്യാനികളാണ് അവരിൽ പ്രബലവിഭാഗം. ഈ പാട്ടക്കാ രുടെ നടപടികൾ പപ്പോഴും സുതാര്യമായിരുന്നില്ല എന്നതിന്റെ സൂചന ഏലമ്മയുടെ കഥാഭാവനയിൽ കയറിവരുന്നു. പണപരമായ വിനിമയ ങ്ങളുടെ കാര്യത്തിൽ പഴയ മങ്കൊമ്പിൽ പട്ടന്മാരുടെ സ്ഥാനത്ത് ബാങ്കു കൾ കടന്നുവരുന്നതും ഈ കാലത്താണ്. ഇത്തരം സാമൂഹിക മാറ്റങ്ങൾ അനുഭവിച്ചുവന്ന ജനതയുടെ ആവിഷ്കാരങ്ങളിൽ അവ പലമട്ടിൽ കട ന്നുവന്നെന്നിരിക്കും. സാമൂഹിക പരിണാമം പാഠത്തെ ബാധിക്കുന്നതിന് ഉദാഹരണമാണിത്.

തന്റെ അപ്പനെ കൊന്നവരോട് പ്രതികാരം ചെയ്യാൻ 'ചാവേറിനായി' ഇറങ്ങിത്തിരിക്കുന്ന എടനാടനെയാണ് പിന്നീടങ്ങോട്ട് എല്ലാ പാഠങ്ങ ളിലും കാണുന്നത്. അതിന് അപ്പനിൽനിന്നും മാവല്ലാച്ചേരീലെ രാമച്ച ക്കന്മളിൽനിന്നും പഠിച്ച വിദ്യകൾ മാത്രംകൊണ്ട് കാര്യമില്ലെന്ന് എടനാ ടൻ മനസിലാകുന്നു. അടിസ്ഥാന ജനതയുടെ അറിവുകൾ ആർജിക്കു വാനായി എടനാടൻ ഇറങ്ങിത്തിരിക്കുന്നു. ഇട്ട്യാതിപ്പണിക്കന്റെ പാഠ ത്തിലെ 'നായരായ' എടനാടൻ തന്റെ ജാതിപരിവേഷം വലിച്ചെറിയാൻ അതോടെ നിർബന്ധിതനായി. കോട്ടയിൽ കണ്ടമ്പറയന്റെ വീട്ടിലേക്കാണ് എടനാടൻ ആദ്യം പോകുന്നത്. പറക്കുടിലിൽ തങ്ങളോടൊപ്പം താമ സിച്ചു പഠിക്കണമെന്നും മാത്രമല്ല തങ്ങളുടെ മകളായ പൊന്നുണ്ണിമാ ണിയെ സമ്മന്തംചെയ്യണമെന്നും നല്ലമ്മപറച്ചി ആവശ്യപ്പെടുന്നു.

*ഒട്ടോളമാണവനോർത്തങ്ങിരുന്നേ*
*കന്മടെ ചെറുക്കനെടനാടനവനേ*
*ജാതിയില്ലാ ജാതിയിന്നു ഞാൻ സമ്മന്തോം ചെയ്താ*
*അഞ്ചു തറവാടേ ഒള്ളവൻ ഞാനേ*
*ജാതിയില്ലാ ജാതിയിന്നു ഞാൻ സമ്മന്തോം ചെയ്താ*
*ഞങ്ങടെ ജാതീക്കൊറവല്ലേ പെണ്ണേ*
*എന്നും വിചാരിച്ചേ എടനാടനവനേ*
*ഒട്ടോളംനേരം ഓർത്തങ്ങിരുന്നേ*
*എങ്കിലും വിദ്യപഠിക്കണമെനിക്കേ*
*എങ്കിലും വിദ്യപഠിക്കണമെനിക്കേ*
*പെണ്ണിനെ സമ്മന്തം ചെയ്തെന്നുംവെച്ചാ*
*എങ്കിലും വിദ്യ പഠിക്കുകവേണം*

എടനാടന്റെ വീരനായകത്വത്തിലേക്കുള്ള പ്രയാണത്തിൽ സ്വയം വരിച്ച ഈ ജാതി നിർമൂലനം ഒരു വഴിത്തിരിവാണ്. കോട്ടയിൽ കണ്ടന്റെ ഗുളികമരുന്ന്, ആൾമാറ്റം തേൾമാറ്റം തുടങ്ങിയ വിദ്യകളും നല്ലമ്മ പറച്ചിയുടെ മയ്യും പൊടിയും കൂടാതെ പൊന്നുണ്ണിമാണിയുടെ സഹായത്തോടെ പാണ്ടിയിലെ തട്ടാനെ വരുത്തി പഞ്ചലോഹംകൊണ്ട് തകിടു നിർമിച്ച് മന്ത്രം ചൊല്ലി ഇടനാടന്റെ ശരീരസ്ഥാനങ്ങളിൽ ഉറപ്പിക്കുന്നു. ഇതുകൊണ്ടും മതിപോരാതെ നേത്രക്ക പൂവഞ്ച വേലൻപെലേന്റെ 'പേയും കലിയും' വിദ്യകൂടി എടനാടൻ സ്വന്തമാക്കുന്നുണ്ട്. നിർണായക ഘട്ടങ്ങളിലെല്ലാം എടനാടൻ ഗുരുസ്ഥാനത്തുള്ളവരെ സ്മരിക്കുന്നതു കാണാം.

*മാവല്ലാച്ചേരീലെന്റച്ഛൻ തൊണയ്ക്ക*
*നല്ലമ്മപറച്ചിയെന്റമ്മ തൊണയ്ക്ക*
*നേത്രയ്ക്ക പൂവഞ്ച വേലന്തൊണയ്ക്ക*
*വേലന്റെ പേയും കലിയും തൊണയ്ക്ക*
*നാലുനാൽപ്പത്തൊന്നുകുടി ദൈവം തൊണയ്ക്ക*

അറിവുകളുടെ ജാതിപരമായ അതിരുകളെ ഉല്ലംഘിക്കുന്ന കുട്ടനാടൻ ദളിത് ഭാവനയാണിത്. ജാതിപരമായ ആചാരങ്ങളോടുള്ള വിമർശം

പ്രത്യക്ഷമായിത്തന്നെ ഇട്യാതിപ്പണിക്കന്റെ പാട്ടിൽ കാണാം. വിവിധ ജാതിയിലുള്ള ജനങ്ങളെ അണിനിരത്തിയാണ് അപ്പന്റെ ചാവേറിനായി എടനാടൻ പുറപ്പെടുന്നത്. പോകുന്ന വഴിയിലെ പ്രതിബന്ധങ്ങളെ തരണംചെയ്യാൻ എടനാടൻ നേർച്ച വഴങ്ങുന്നുണ്ട്. നേർച്ചപ്പായസം മറ്റു ള്ളവരോടൊപ്പം തൊട്ടുണ്ണാൻ എടനാടന്റെ അളിയൻ വിസ്സമ്മതിക്കുന്നു.

*പത്തുജനമ്മാരും മാറിയിരുന്നേ*
*പായസോം വാരിക്കഴിക്കുന്നതൊണ്ടേ*
*അതുനേരോവാണേ അവൻ മാറിയും നിന്നേ*
*തച്ചെറുകാടൻ മാറിയുംനിന്നേ*
*ഞാണ്ടിയേനേം തൊണ്ടിയേനേം തൊട്ടുണ്ണത്തില്ലേ*
*ചാക്കാലെടച്ചേരീനേം തൊട്ടുണ്ണത്തില്ലേ*
*നാങ്കണ മുതുവനേം തൊട്ടുണ്ണത്തില്ലേ*
*വെളുത്തേടൻ നായരേം തൊട്ടുണ്ണത്തില്ലേ*
*ഞാൻ ചെവരക്കാരൻ ചങ്കരനെ തൊട്ടുണ്ണത്തില്ലേ*
*ഈ മൊഴികേട്ടേ എടനാടനവനേ*
*വെള്ളാട്ടിത്തള്ള ചെറിയേട മകനേ*
*ചാവേറിനായിട്ടെറങ്ങിത്തിരിച്ചാലെടാ*
*പെണ്ണെന്നുമുണ്ടോ എട മണ്ണെന്നുമുണ്ടോ*
*തീണ്ടെന്നുമുണ്ടോ തീണ്ടാക്കൊളവെന്നുമുണ്ടോ*
*എന്നുംപറഞ്ഞേ എടനാടനവനേ*
*പായസമെളക്കിയ ചട്ടുകമെടുത്തേ*
*അളിയന്റെ താടിക്കിട്ടൊരു തട്ടുകൊടുത്തേ*
*മുമ്പിലെ പല്ലേ രണ്ടു പല്ലു കൊഴിഞ്ഞേ*
*ചോരയും തുപ്പാതെ അളിഞ്ചങ്ങാതി*
*അവനോടിയാക്കൂട്ടത്തി കേറിയവനേ*
*അവനൊപ്പവും തിന്നേയവൻ മെച്ചവും തിന്നേ*
*പോരാഞ്ഞുരുളി വടിച്ചവൻ തിന്നേ*

കേരളചരിത്രത്തിൽ പന്തിഭോജനം എന്നത് കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന സംഭവമാണ്. ഇതിനു സമാനമായ നാടൻ കാഴ്ചയാണ് എടനാടൻപാട്ട് ഒരുക്കുന്നത്. നാട്ടുനർമത്തിന്റെ തിളക്കം ഈ കാഴ്ചയ്ക്ക് മാറ്റു കൂട്ടുന്നു. അപ്പനെ കൊന്നവരോട് പകരം വീട്ടുവാനുള്ള എടനാടന്റെ ഒരുക്കങ്ങളും യാത്രയും വൈയക്തികതലംവിട്ട് ആഴമുള്ള രാഷ്ട്രീയ പ്രവർത്തനമായി മാറുന്നു. നിലനിൽക്കുന്ന വ്യവസ്തകളെ താലോലിക്കുകയും അതിനെ പരിപാലിക്കുകയും ചെയ്യുന്ന വ്യക്തിനായകന്മാരെയാണ് നാമിന്ന് സിനിമകളിലൂടെയും മറ്റു പുതു മാധ്യമങ്ങളിലൂടെയും കൂടുതലായി കാണുന്നത്. നായകത്വം എന്നത് ഇന്ന് പലപ്പോഴും സത്താപരമായി കൈവരുന്ന ഒന്നായി ഭാവന ചെയ്യപ്പെടുന്നു. ഇതിനു ബദലാണ് നാടൻപാട്ടുകളിലെ പ്രത്യേകിച്ച് കുട്ടനാടൻ പാട്ടു പാഠങ്ങളിലെ നായകസങ്കൽപം.

കുട്ടനാടൻ വീരകഥാഗാനങ്ങളുടെ പാഠലോകത്ത് ഈ വിധം സാമൂഹികമായ അസമത്വങ്ങളെ പ്രശ്നവത്കരിക്കുന്ന ധാരാളം മുഹൂർത്തങ്ങൾ ഉണ്ട്. *ചെങ്ങന്നൂരാതി* പാട്ടിലെ പാലുവം പെണ്ണിന്റെ പാണ്ടിക്കളരിയിലെ പട്ടുപൊലിവ് സ്ത്രീസ്വാതന്ത്ര്യത്തിന്റെ കുട്ടനാടൻ ആവിഷ്കാരമാണ്. സമാനവീര്യമുള്ള ഇട്ടിച്ചിരുതയേയും *പൊന്നരിമാം കോട്ടയിലെ കുഞ്ഞിക്കണ്ണൻ* എന്ന പാട്ടുകഥയിൽ കാണാം. എടനാടന്റെ ഗുരുസ്ഥാനത്തുള്ള നല്ലമ്മപ്പറച്ചി മറ്റു പല പാട്ടുകളിലും നിർവാഹകത്വമുള്ള സ്ത്രീയുടെ പ്രതിരൂപമായി കടന്നുവരുന്നു. ആതിമാരുടെ പല യാത്രകളിലും ജാതിവിരുദ്ധതയുടെ തലങ്ങൾ ഉണ്ട്. കേരളത്തിലെ നവോത്ഥാന ആധുനികതയെ അടിസ്ഥാനജനത മറ്റുള്ളവരേക്കാൾ ഉൾക്കൊണ്ടതിന്റെ തെളിവായി ഇതിനെ വ്യാഖ്യാനിക്കാം. നവോത്ഥാനകാലത്തിനു ശേഷം ശേഖരിക്കപ്പെട്ട പാഠങ്ങൾ മാത്രമേ നമ്മൾക്ക് ലഭ്യമായിട്ടുള്ളു. അതിനു മുൻപ് പാടിവന്ന പാഠങ്ങളിൽ ഇത്തരം പ്രമേയങ്ങളെ എങ്ങനെ കൈകാര്യം ചെയ്തുവെന്നതിനെക്കുറിച്ച് ഊഹങ്ങൾ ചമയ്ക്കാം എന്നേയുള്ളു. ചാന്നാർ ലഹള മുതൽ ജനാധിപത്യപരമായ അവകാശങ്ങൾക്ക് വേണ്ടിയുള്ള വലിയ പോരാട്ടങ്ങൾ നവോത്ഥാനാരംഭകാലത്തുതന്നെ സാമാന്യ ജനത നടത്തിയിരുന്നു. ജന്മിത്ത വ്യവസ്ത തങ്ങൾക്കുമേൽ അടിച്ചേൽപിച്ച ഭൗതികവും സാംസ്കാരികവുമായ ചൂഷണം ചൂഷണമായിത്തന്നെ സാമാന്യ ജനത നേരത്തേ തിരിച്ചറിഞ്ഞിരിക്കണം. അവ

യൊക്കെ പല ഭാവങ്ങളിൽ പാട്ടുകളിൽ കയറിപ്പറ്റിയിരുന്നിരിക്കണം. കൂടുതൽ തെളിവുകൾ ലഭ്യമാകുമ്പോഴേ ഇത്തരം കാര്യങ്ങളെ ഉറപ്പിച്ചെടുക്കാൻ കഴിയൂ. അത്തരത്തിലുള്ള അന്വേഷണങ്ങൾക്ക് അക്കാദമിക രംഗത്തും പൊതുരംഗത്തും വിപുലമായ സ്വീകാര്യത ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.

**ഉപസംഹാരം**

കുട്ടനാടൻ പാട്ടുകളുടെ പാഠപരിസരം വിപുലമാണ്. ഒരുപാട്ടിനുതന്നെ പ്രകടന സന്ദർഭം, കർതൃത്തം, പ്രദേശ വ്യത്യാസം, സാമൂഹിക പരിണാമം, ഭാഷാ പരിണാമം എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ പാഠഭേദങ്ങൾ നിലവിൽ വന്നിരുന്നു എന്ന് എടനാടൻ പാട്ടിനെ മുൻനിർത്തിയുള്ള ഈ വിശകലനത്തിലൂടെ മനസിലാക്കാൻ കഴിയും. ഓരോ പാഠത്തിന്റെയും പൊരുൾ തിരിഞ്ഞു കിട്ടാൻ അവ രൂപപ്പെട്ടു പ്രചരിച്ച പാഠപരിസരങ്ങളെക്കൂടി മുഖവിലയ്ക്ക് എടുക്കേണ്ടതുണ്ട്. ഒരു പാഠം തന്നെ അത് സഞ്ചരിച്ചുവന്ന പലവിധ ചരിത്ര ഘട്ടങ്ങളെയും ഭൂമിശാസ്ത്ര ഘടകങ്ങളേയും വെളിപ്പെടുത്തുന്നുണ്ടാവാം. അതേപോലെ ഓരോ കാലഘട്ടത്തിലേയും പ്രബലത പ്രാപിച്ച ആശയാവലികളും അവയിൽ ആലേഖനം ചെയ്തിട്ടുണ്ട്. ജാതി മര്യാദകൾ, ജാതി വിമർശം തുടങ്ങിവ എടനാടൻ പാട്ടിൽ നാട്ടുതനിമയിൽ ആവിഷ്കരിക്കപ്പെട്ടത് കണ്ടുകഴിഞ്ഞു. എടനാടൻപാട്ടിന്റെ പാഠങ്ങളുടെ ഉള്ളിലേക്കും വെളിയിലേക്കും നെടുകയും കുറുകയും സഞ്ചരിക്കാനാണ് ഈ ലഘു പ്രബന്ധത്തിൽ ശ്രമിച്ചത്.

*********

## ഗ്രന്ഥസൂചി

*അപ്പുക്കുട്ടൻ, എ കെ 2015 ചെങ്ങന്നൂരാതി,
കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ*

*പയ്യനാട് രാഘവൻ 1999
ഫോക്‌ലോർ സങ്കേതങ്ങളും സങ്കൽപനങ്ങളും,
എഫ്. എഫ്. പബ്ലിക്കേഷൻസ്, പയ്യന്നൂർ*

*പ്രേംനാഥ്, എ വെട്ടിയാർ 1992 മണ്ണും മനുഷ്യനും,
വെട്ടിയാർ പ്രേംനാഥ് സ്മാരക ഫോക്‌ലോർ അക്കാദമി,
മാവേലിക്കര*

*വട്ടമറ്റം, സെബാസ്റ്റ്യൻ 2011
മറിയാമ്മച്ചേടത്തിയുടെ മാണിക്കംപെണ്ണ്,
എൻ. ബി എസ്. കോട്ടയം*

*വിശ്വനാഥക്കുറുപ്പ്, കാവാലം 1989
കുട്ടനാടിന്റെ തനിമയും പാട്ടുകളും,
കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ*

*സ്കറിയാ, ജോസഫ് 2015
മലനാട്ടിലാതി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം*

*സക്കറിയാ സ്കറിയാ 2019
മലയാളവഴികൾ, എൻ. ബി എസ്. കോട്ടയം*

*സക്കറിയാ സ്കറിയാ 2019
ഉദയമ്പേരൂർ മുതൽ മിലാൻ വരെ,
എൻ. ബി എസ്. കോട്ടയം*

*സജിത, കെ ആർ 1997
എടനാടൻപാട്ട്, താരതമ്യ പഠനസംഘം, ചങ്ങനാശ്ശേരി*

*സന്തോഷ്, എച്ച്. കെ 1998
ഫോക്‌ലോർ വഴിയും പൊരുളും, സംസ്കൃതി പ്രസിദ്ധീകരണം, കണ്ണൂർ*

# 'ചിന്താവിഷ്ടയായ സീത'യിലെ ധ്വനിപാഠങ്ങൾ

**ഡോ. ബിൻസി സി.ജെ.** ,മലയാളവിഭാഗം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

**ഭാ**രതീയ കാവ്യശാസ്ത്ര ചരിത്രത്തെ നെടുകെ പിളർക്കത്തക്കവിധം പ്രാമുഖ്യം നേടിയ കാവ്യസിദ്ധാന്തമാണ് ആനന്ദവർദ്ധനന്റെ ധ്വനിസിദ്ധാന്തം. കാവ്യാർത്ഥം സൂചകങ്ങളുടെ അനന്തലീലയാണ് എന്ന ഏറ്റവും നവീനമായ പാശ്ചാത്യ ആശയങ്ങൾക്കും എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ കാവ്യാർത്ഥം വാച്യത്തിൽനിന്നും ലക്ഷ്യത്തിൽനിന്നും തെന്നിമാറിപ്പോകുന്ന ഒന്നാണ് എന്ന് പൗരസ്ത്യദേശത്തുനിന്ന് അഭിദർശിക്കപ്പെട്ടിരുന്നു എന്നതിന്റെ തെളിവാണ് ഈ സിദ്ധാന്തം-അദ്വൈതദർശനത്തിന്റെ അടിത്തറയിൽ കെട്ടിപ്പൊക്കിയ കാവ്യശാസ്ത്ര മേൽപ്പുര. ശബ്ദാർത്ഥങ്ങൾ സ്വയം അപ്രധാനീകരിക്കപ്പെട്ടുണ്ടാകുന്ന വ്യംഗ്യമാണ് കാവ്യാർത്ഥമെന്നും അത്തരം കാവ്യങ്ങളെ ധ്വനികാവ്യം എന്നും ആനന്ദവർദ്ധനൻ നിരീക്ഷിച്ചു. വാച്യത്തിൽ നിന്നുണ്ടാകുന്ന വ്യംഗ്യത്തിന്

അഭിധാമൂലവ്യജ്ഞനയെന്നും ലക്ഷ്യത്തിൽനിന്നുണ്ടാകുന്ന വ്യംഗ്യത്തിന് ലക്ഷണമൂലവ്യജ്ഞനയെന്നും അദ്ദേഹം ധ്വനിക്ക് ഭേദം കല്പിച്ചു. അവയ്ക്കും അനേകം അവാന്തരങ്ങൾ. അപ്രകാരം 10455 ധ്വനിപ്രകാര ങ്ങൾ ഉണ്ടെന്ന് ധ്വന്യാലോകത്തിന് മലയാള വിവർത്തനവും വ്യാഖ്യാ നവും നിർവ്വഹിച്ച ഇ.വി.ദാമോദരൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

എ.ഡി. ഒൻപതാം നൂറ്റാണ്ടിൽ സംസ്കൃതകാവ്യങ്ങളെ മൂല്യനിർദ്ധാ രണം ചെയ്യാൻ രൂപപ്പെട്ട കാവ്യസിദ്ധാന്തമാണത്. കാവ്യത്തിലെ വർണം, പദം, വാക്യം, പ്രകരണം, പ്രബന്ധം, സംഘടന എന്നിവയെല്ലാം പ്രതീ യമാനാർത്ഥത്തെ പ്രകാശിപ്പിക്കുന്ന വ്യഞ്ജകങ്ങളായി വരും. കാളിദാ സകൃതികൾ, മഹാഭാരതം എന്നിവയൊക്കെ മുൻനിർത്തി ധ്വനിസിദ്ധാ ന്തത്തിന്റെ പ്രായോഗികത ആനന്ദവർദ്ധനൻ വ്യക്തമാക്കുന്നുണ്ട്. അഭിധാമൂല വ്യഞ്ജനയുടെ ഉപരിവിഭാഗമായ രസധ്വനിയാണ് കാവ്യാ ത്മാവ് എന്നും അദ്ദേഹം സ്ഥാപിക്കുന്നു.

ഒരു നിശ്ചിത കാലത്തെ നിശ്ചിത ഭാഷാകൃതികളെ നിർദ്ധാരണം ചെയ്യുമ്പോഴല്ല ഏതു കാലത്തേയും ഏതു ഭാഷയിലേയും കൃതികളെ പഠിക്കാൻ ഉപയുക്തമാകുമ്പോഴാണ് ഒരു കാവ്യസിദ്ധാന്തം സാർവകാ ലികവും സാർവലൗകികവുമായിത്തീരുന്നത്. കൃതിയുടെയും സിദ്ധാന്ത ത്തിന്റെയും മൂല്യനിർദ്ധാരണത്തിനുള്ള ഏക മാർഗ്ഗമാണത്. കുമാരനാ ശാന്റെ 'ചിന്താവിഷ്ടയായ സീത'യെ ധ്വനിസിദ്ധാന്തത്തിന്റെ പ്രതല ത്തിൽവെച്ച് വായിക്കാൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിൽ.

ഭാഷയെ കരുതലോടെ ഉപയോഗിച്ച മലയാളത്തിലെ കവിയാണ് കുമാ രനാശാൻ. കവിതയിലെ പദങ്ങൾക്ക് പര്യായങ്ങളില്ല എന്നും കാവ്യ ത്തിലെ വാക്യഘടന ആശയത്തിന്റെ നവീനതക്കനുസൃതമായി നിരന്തരം മാറിക്കൊണ്ടിരിക്കുന്നുവെന്നും അദ്ദേഹം സ്ഥാപിച്ചു. 'ചിന്താവിഷ്ടയായ സീത'യിലെ ധ്വനിസാധ്യതകൾ ഇതിനു നിദർശനമാണ്. ഒരു വാക്കിൽ അനേകം ഭാവങ്ങൾ ഒതുക്കിനിർത്താനാണ് ആധുനിക കവികളുടെ ശ്രമം. ആശാൻ കവിത ഈ വിഭാഗത്തിൽപ്പെടുന്നു. ആശാന്റെ കൃതികളിൽ ഏറ്റവും അധികം വിമർശനങ്ങൾക്കു വിധേയമായതും വിധേയമായിക്കൊ ണ്ടിരിക്കുന്നതുമായ കാവ്യമാണ് 'ചിന്താവിഷ്ടയായ സീത'. ആശാന്റെ കാവ്യപ്രതിഭയുടെ പരിപക്വഫലങ്ങളിലൊന്നാണ് ഈ കൃതി. അദ്ദേഹ

ത്തിന്റെ കലാബോധവും ജീവിതവീക്ഷണവും പ്രതിഫലിപ്പിക്കുന്ന ഒരു ഭാവഗീതമാണിത്. ഒരു നാടകീയ സ്വാഗതാഖ്യാനമാണ് 'ചിന്താവിഷ്ടയായ സീത' എന്ന കൃതി.

'ഒരു സാഹിത്യരചനയുടെ സൗന്ദര്യാത്മകതയ്ക്ക് അടിസ്ഥാനമായ ഘടകങ്ങൾ ഇതിവൃത്തഘടന, പാത്രസൃഷ്ടി, രചനാശൈലി, ബിംബകല്പന, രസാവിഷ്കാരം, ധ്വന്യാത്മകമായ ഭാഷാഘടന, മനുഷ്യാവസ്ഥയുടെ അനുഭവപരത എന്നിവയാണ്. ഇവയെല്ലാം ഇണങ്ങിച്ചേരുന്ന കലാശില്പമാണ് 'ചിന്താവിഷ്ടയായ സീത'യിൽ ആശാൻ ആവിഷ്ക്കരിച്ചിരിക്കുന്നത്.

ധ്വനിസാധ്യതകൾക്ക് കാരണമാകാവുന്ന വർണം, പദം, വാക്യം, ബിംബം, വ്യാക്ഷേപകം, പ്രകരണം, വൃത്തം എന്നിവയുടെയെല്ലാം സമുചിതമായ സന്നിവേശം ഈ കാവ്യത്തിന് പല അർത്ഥതലങ്ങളും തുറന്നുതരുന്നു. വ്യജ്ഞനങ്ങൾ ധ്വന്യാനുമാനങ്ങളായി ഈ കാവ്യത്തിൽ വർത്തിക്കുന്നു. എത്ര വായിച്ചാലും മതിവരാത്തതും വായിക്കുമ്പോൾതന്നെ ഹൃദയത്തിൽ സ്ഥാനം പിടിക്കുന്നവയുമാണ് 'ചിന്താവിഷ്ടയായ സീത'യിലെ ശ്ലോകങ്ങൾ. ബോധത്തിന്റെയും ബോധശൂന്യതയുടെയും ഇടയിലൂടെ സഞ്ചരിക്കുന്ന സീതാചിത്തത്തെ അവതരിപ്പിച്ചുകൊണ്ട് ആ വിചാരഭാഷയിൽത്തന്നെ വ്യത്യസ്തമായ അർത്ഥങ്ങൾ ധ്വനിപ്പിക്കാൻ പര്യാപ്തമാണ് 'ചിന്താവിഷ്ടയായ സീത'യിലെ വർണനകൾ.

കാവ്യബിംബങ്ങൾ ധ്വന്യാനുമാനങ്ങളായി വർത്തിക്കുന്നതിന് ഉദാഹരണങ്ങൾ 'ചിന്താവിഷ്ടയായ സീത'യിൽ കാണാം. സീതയുടെ വിചാരഭാഷയ്ക്കു മാറ്റു കൂട്ടുന്നവയും അതിന്റെ ആഴങ്ങൾ വ്യക്തമാക്കാൻ പര്യാപ്തവുമാണ് ഈ കാവ്യബിംബങ്ങൾ.

'തിരിയും രസബിന്ദുപോലെയും
പൊരിയും നെന്മണിയെന്നപോലെയും
ഇരിയാതെ മനം ചലിപ്പു ഹാ!
ഗുരുവായു ലഘുവായുമാർത്തിയാൽ" (13)

ഇവിടെ രസബിന്ദുവും നെന്മണിയും സീതയുടെ ഹൃദയചലനഭേദങ്ങളെ സുവ്യക്തമാക്കുന്നു. മനസ്സ് വികാരധീനമാകുമ്പോൾ അതിന്റെ

ചലനവും നാഡീസ്പന്ദനം പോലെ ആ വികാരങ്ങളുടെ തീവ്രതയനുസരിച്ച് കൂടിയും കുറഞ്ഞുമിരിക്കും. ചില ചിന്തകൾക്ക് തിളക്കം കൂടും. ചിലത് പൊട്ടിത്തെറിക്കുന്ന വികാരത്തിന്റെ ഉദ്ഗാരമായിരിക്കും. സീതയുടെ ഈ മാനസികാവസ്ഥകളെ ഇവിടെ കാവ്യബിംബങ്ങളിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നു.

വായിക്കുന്തോറും താൻ വായിച്ചതിനുമപ്പുറത്ത് എന്തോ ഉണ്ടെന്ന് വായനക്കാരന് തോന്നുന്നവയാണ് ഉത്തമകാവ്യങ്ങൾ. അവയിൽ വാച്യാർത്ഥത്തെക്കാൾ ഉപരിയായി വ്യംഗ്യാർത്ഥത്തിനായിരിക്കും പ്രാധാന്യം. ഇങ്ങനെ നോക്കുമ്പോൾ 'ചിന്താവിഷ്ടയായ സീത'യുടെ അർത്ഥതലങ്ങൾ വിശാലമാണ്. 'ചിന്താവിഷ്ടയായ സീത'യുടെ വിചാരഭാഷയിലൂടെ തത്വചിന്ത, ലോകതത്ത്വം, സ്ത്രീപക്ഷചിന്ത, രാഷ്ട്രീയം, പരിസ്ഥിതി ദർശനം, മാനവികത എന്നിവ പലപ്പോഴായി ധ്വനിക്കുന്നു.

തത്ത്വചിന്താപ്രധാനമാണ് സീതയുടെ വിചാരധാര. ദാർശനികമായ നിസംഗതയോടെ സീത ചിന്തയാരംഭിക്കുന്നു. അനന്തമാജ്ഞാതമവർണ്ണനീയമായ ഈ ലോക ഗോളത്തിലെ മനുഷ്യജീവിതത്തിന്റെ നിസ്സഹായാവസ്ഥ സീതയുടെ വിചാരഭാഷയിലൂടെ ധ്വനിക്കുന്നു. മരണത്തെ സ്വീകരിക്കാൻ തയ്യാറായ മനുഷ്യൻ കടന്നുവന്ന ജീവിതത്തിലേക്കൊന്നു തിരിഞ്ഞുനോക്കും. ഒരു നീണ്ട കാലയളവ് തപശ്ചര്യക്കു സന്ദർഭം ലഭിച്ച സീതയുടെ ജീവിതത്തെ തത്ത്വചിന്താപരമായി സമചിത്തതയോടെ നോക്കിക്കാണുന്നു.

ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശവന്നപോലെ പോം
വിരിയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ (12)

ജീവിതദുഃഖം, അതിൽനിന്നു ജന്യമാകുന്ന അസ്വാതന്ത്ര്യം, അപമാനം, അപരാധം, ഇവയിൽനിന്നൊക്കെ മോചനമുണ്ടോ എന്ന വിഷാദചിന്ത മനുഷ്യന്റെ ആത്മാലാപമാണ്. ചില ലോക തത്വങ്ങൾ കൂടി സീത ഓർമ്മിക്കുന്നുണ്ട്.

അഴലേകിയ വേനൽ പോമുടൻ
മഴയാം ഭൂമിയിലാണ്ടുതോറുമേ
പൊഴിയും തരുപാത്രമാകവേ,
വഴിയേ പല്ലവമാർന്നു പൂത്തിടും (15)

ചരിതാർത്ഥയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണ മരങ്ങിൽ നിന്നുടൻ
ശരിയായിക്കളിതീർന്ന നട്ടുവൻ (168)

തന്റെ അവസ്ഥ ലോകത്തിലെ ഒറ്റപ്പെട്ട ഒരു സംഭവമല്ലെന്നും ലോക തത്ത്വം എന്താണെന്നും സീത മനസ്സിലാക്കുന്നു. തത്വബോധം ചിന്തയുമായി ഇഴപിരിക്കാനാവാതെ കവിതാ ശയ്യയുമായി ഇണങ്ങിനിൽക്കുന്നു. ദുഃഖമെന്നതു മനുഷ്യജീവിതത്തിൽ നിന്നു മാറ്റി നിർത്താനാവാത്തതാണ്. എന്നിരുന്നാലും മനുഷ്യശ്രേയസ്സിനു ദുഃഖാനുഭവത്തിൽ നിന്നുള്ള മോചനവും അവശ്യം വേണ്ടതാണെന്നു കവി വ്യംഗ്യമായി ധ്വനിപ്പിക്കുന്നു.

പവിത്രമായ തന്റെ പ്രണയത്തെ ഒരിക്കൽക്കൂടി ഫലശൂന്യമായ പരീക്ഷണത്തിനു വിധേയമാക്കാനോ തന്റെ സ്വത്വം നഷ്ടപ്പെടുത്താനോ കഴിയാത്ത സീത ആധുനിക സ്ത്രീത്വത്തിന്റെ പ്രതീകമാകുന്നു.

തെളിയിച്ചു വിരക്തിയെന്നില-
ന്നൊളിവായ് ലങ്കയിൽവച്ചു പിന്നെയും
ചെളിയിൽ പദമൂന്നിയെന്തിനോ
വെളിവായിക്കഴുകുന്നു രാഘവൻ. (86)

'ചിന്താവിഷ്ടയായ സീത' ഇവിടെ സ്ത്രീപക്ഷ ചിന്തയോട് ചേർത്ത് വായിക്കേണ്ടിവരുന്നു. ഭാര്യ എന്നാൽ ഭർത്താവിന് വിധേയയായ, എന്തും സഹിക്കുന്നു, പ്രതിഷേധിക്കാനറിയാത്ത ജീവിയാണെന്നുള്ള പുരുഷധാരണയുടെ തിരുത്തിയെഴുത്താണ് ആശാൻ ചിന്താവിഷ്ടയായ സീതയിലൂടെ ചെയ്തത്. ആശാനുൾക്കൊണ്ട ജീവിതാവബോധത്തിന്റെ പ്രതിഫലനമായി, സ്ത്രീകഥാപാത്രത്തിന്റെ സത്യസന്ധമായ അവതരണമായിത്തീരുന്നു ആശാന്റെ സീത. അവൾ ഇങ്ങനെ ചോദിക്കുന്നു.

പതിയാം പരദേവതയ്ക്കഹോ!
മതിയർപ്പിച്ചൊരു ഭക്തയല്ലി ഞാൻ
ചതിയോർക്കിലുമെന്നോടോതിയാൽ
ക്ഷതിയെന്തങ്ങനെ ചെയ്തുവോ നൃപൻ. (99)

ഈ പ്രതിഷേധത്തിൽ പല അർത്ഥങ്ങൾ കാണാം. സ്ത്രീലോകത്തിന് ആകമാനം അനുഭവിക്കേണ്ടിവരുന്ന കടുത്ത അസ്വാതന്ത്ര്യം ഇവിടെ നിരൂപണം ചെയ്യപ്പെടുന്നു.

അരുതെന്തയീ! വീണ്ടുമെത്തി ഞാൻ
തിരുമുമ്പിൽ തെളിവേകി ദേവിയായ്
മരുവീടണമെന്നു മന്നവർ
കരുതുന്നോ? ശരി! പാവയോയിവൾ (187)

ശരി! പാവയോയിവൾ എന്നു ചോദിക്കുന്ന സീത സ്ത്രീകളുടെ മുഴുവൻ പ്രതിനിധിയാവുകയാണിവിടെ, ആത്മാഭിമാനമുള്ള ഒരു സ്ത്രീയുടെ ചോദ്യമായിമാറുന്നു. ആശാന്റെ സീതയുടെ മഹത്വമേറുന്നത് അവളുടെ ചിന്തയിൽ അടങ്ങിയിരിക്കുന്ന പ്രതിഷേധ ധ്വനിയിലാണ്.

വനവാസകാലത്തുപോലും ശ്രീരാമനെ പിൻതുടരുകയും ജീവിതത്തിലെ മഹാദുരിതങ്ങളെല്ലാം അനുഭവിക്കുകയും ചെയ്ത തന്റെ പവിത്രമായ വ്യക്തിത്വത്തെ ശ്രീരാമൻ മനസ്സിലാക്കുന്നില്ല എന്നതാണ് സീതയുടെ പരാതി. അഭിമാനിയായ സീത രാജാവിന്റെ പ്രവൃത്തികളെ ചോദ്യം ചെയ്യുന്നു. രാജ്യത്തെ ഏതൊരു പൗരനും മഹാരാജാവിനെ തന്റെ പരിഭവങ്ങൾ ധരിപ്പിക്കുവാൻ അവകാശമുണ്ട്. രാജ്ഞി എന്ന നിലയിൽ തന്നെ കൈക്കൊണ്ടില്ല എങ്കിലും ഒരു വ്യക്തി എന്ന നിലയിൽ തന്നെ അംഗീകരിക്കാമായിരുന്നുവെന്ന് സീത ചിന്തിക്കുന്നു. ഒരു രാജ്യത്ത് എന്ത് അഭിപ്രായം ഉണ്ടായാലും അതിനൊരു ഭൂരിപക്ഷവും ന്യൂനപക്ഷവും ഉണ്ടാകുമല്ലോ. ന്യൂനപക്ഷത്തിന്റെ അപവാദത്തിനെതിരെ ഭൂരിപക്ഷത്തിന്റെ പ്രതികരണമെന്തെന്ന് രാജാവിന് അന്വേഷിക്കാമായിരുന്നു. അല്പബുദ്ധികളുടെ ഏഷണികൾ കേട്ടു ബുദ്ധികെട്ട പ്രകൃതത്തിനു നൃപർ തുനിയാമോ എന്ന് സീത ചോദിക്കുന്നു.

സുപരീക്ഷിതമായ രാഗവും
കൃപയും കൂടി മറന്നു കേവലം
കൃപണോക്തികൾ കേട്ടുബുദ്ധികെട്ട
പകൃതത്തിനുചാടുമേ നൃപർ (82)
പിരിയാം പല കക്ഷിയായ് ജനം
പരിശോധിച്ചറിയേണ്ടയോ നൃപൻ (92)

സത്യവും മിഥ്യയും തിരിച്ചറിയാതെ അധികാരത്തിന്റെ അന്ധതയ്ക്കു മുന്നിൽ വലിച്ചെറിയപ്പെട്ട് നിർദ്ദയമായി വേദനിക്കുന്ന ഒരു ജനവിഭാഗം ഏതുരാജ്യത്തും കാണും. കക്ഷിരാഷ്ട്രീയമല്ല ഇവിടെ അർത്ഥമാക്കുന്നത്. ജനങ്ങളുടെ ദയനീയാവസ്ഥയാണ്. ഒരു വിപ്ലവധ്വനികൂടി മുഴങ്ങുന്നതാണീ ഭാഗം.

അരുതോർക്കിൽ നൃപൻ വധിച്ചുനി
ഷ്ക്കരുണം ചെന്നൊരു ശൂദ്രയോഗിയെ
നിരൂപിക്കിൽ മയക്കി ഭൂപനെ
തരുണീപാദ ജഗർഹിണി ശ്രുതി!

അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗത്തിനുള്ള സ്വാതന്ത്ര്യത്തിന്റെ ധ്വനിയായി ഇത് മാറുന്നു. ഒരു കാലത്ത് കേരളത്തിൽ നിലനിന്നിരുന്ന ചാതുർവർണ്യത്തെ ഇവിടെ പരോക്ഷമായി ധ്വനിപ്പിക്കുന്നു.

ചിന്താവിഷ്ടയായ സീതയിലെ പശ്ചാത്തലമായ പരിസ്ഥിതി സജീവമായി ഒരു കഥാപാത്രമാണ്. ജീവിതയാത്രയിലെ പതനാഭ്യുദയങ്ങളെയും സന്തോഷസന്താപങ്ങളയും പറ്റി ചിന്തിക്കുമ്പോൾ സീതയുടെ മനസ്സിൽ വരുന്നത് ഋതുക്കളുടെ പരിണാമമാണ്. പ്രകൃതിയോടൊന്നായി ചേർന്നാണ് സീത ഇരിക്കുന്നത്.

രവിപോയി മറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽനിറഞ്ഞതും
അവനീശ്വരിയോർത്തതില്ല, പോ-
ന്നവിടെത്താൻ തനിയേയിരിപ്പതും. (33)

ഭൂമിപുത്രിയായ സീത കാളിദാസന്റെ ശകുന്തളയെപ്പോലെ പ്രകൃതിയോടിണങ്ങി അതിലെ ജീവജാലങ്ങളോരോന്നിനെയും സ്നേഹിച്ച് ജീവിച്ചവളാണ്. സഹജീവിയിൽ നിന്നേറ്റ അപമാനശല്യത്താൽ മൃതമായ മനസ്സുമായി വന്ന സീതയ്ക്ക് ശാന്തിമന്ത്രമോതിയത് പ്രകൃതിയാണ്. സീതാരാമൻമാരുടെ പഞ്ചവടിയിലെ കാലം വർണിക്കുന്നതിൽ പരിസ്ഥിതി ഒരു സജീവ കഥാപാത്രമാണ്.

നളിനങ്ങളറുത്തുനീന്തിയും
കുളിരേലും കയമാർന്നുമുങ്ങിയും
പുളിനങ്ങളിലെന്നോടോടിയും
കളിയാടും പ്രിയനന്നു കുട്ടിപോൽ (119)

തന്റെ ഇഹലോകജീവിതം അവസാനിക്കാറായി എന്നു മനസ്സിലാക്കിയ സീത പ്രകൃതിയിലെ ജീവജാലങ്ങളോട് മാത്രമല്ല പരിസ്ഥിതിയെ നിർണയിക്കുന്ന ഘടകങ്ങളായ സൂര്യനോടും ചന്ദ്രനോടുമെല്ലാം യാത്ര പറയുന്നു. മനുഷ്യനും പ്രകൃതിയുമായുള്ള ഒരാത്മബന്ധം ഇവിടെ ധ്വനിപ്പിക്കുന്നു.

ഇനിയാത്ര പറഞ്ഞിടട്ടെ ഹാ!
ദിനസാമ്രാജ്യപതേ! ദിവാസ്പതേ!
അനിയന്ത്രിതദീപ്തയാം കതിർ-
ക്കനകാസ്ത്രാവൃതനാം ഭവാനുഞാൻ (171)

മറ്റു വിശ്രമസ്ഥാനങ്ങളൊന്നും അന്വേഷിക്കാതെ പരിസ്ഥിതിയിൽ തന്നെ ലയിക്കാനാണ് സീത ആഗ്രഹിക്കുന്നത്. ശാന്തിയും ശമവും ഈ ഭൂമിയിൽ നിന്നാണ് മനുഷ്യന് ലഭിക്കുന്നതെന്നു ധ്വനി.

മാനവികതയുടെ ധ്വനി ചിന്താവിഷ്ടയായ സീതയിൽ കാണാം. ആദ്യഭാഗത്ത് രാമനെ വിമർശിക്കുന്ന സീത പിന്നീട് ഹൃദയഭാഗത്തുതന്നെ നിർത്തി അദ്ദേഹത്തെ ന്യായീകരിക്കുന്നത് മാനവികതകൊണ്ടാണ്. സീതാചിന്തകളെല്ലാം ചെന്നവസാനിക്കുന്നത് മാനവികതയിലാണ്.

തനിയേനിജശയ്യയിൽ ഭവാ-
നനിവാര്യാർത്തി കലർന്നുരുണ്ടിടാം

കനിവാർന്നു പുലമ്പിടാം കിട-
ന്നരിശം ഹന്ത! കിനാവുകണ്ടിടാം (155)
അനഘാശയ! ഹാ ക്ഷമിക്ക എൻ
മനവും ചേതനയും വഴങ്ങിടാ
നിനയായ്ക മറിച്ചുപോന്നിടാം
വിനയത്തിനു വിധേയമാമുടൽ (188)

രാജനീതിയുടെയും നാഗരിമായ കാപട്യങ്ങളുടെയും യാഥാസ്ഥിതിക മൂല്യബോധത്തിന്റെയും പിടിയിൽനിന്ന് സീത തന്റെ സ്വത്വത്തെ പൂർണ്ണമായി വിമോചിപ്പിക്കുന്നതിന്റെ ധ്വനിയാണിവിടെ പ്രകടമാകുന്നത്. ശ്രീരാമനിലും ഈ മാനവികത ഉണർന്നിരിക്കാം എന്ന് സീത കരുതുന്നു. നിർദ്ദോഷിയായിരുന്ന ലക്ഷ്മണനിൽ ഒരിക്കൽ താൻ കുറ്റം ആരോപിച്ചതിന് ക്ഷമ ചോദിക്കാൻ സീത തയ്യാറാകുന്നതും മാനവീകതകൊണ്ടാണ്.

കനിവാർന്നനുജാ പൊറുക്ക ഞാൻ
നിനയാതോതിയ കൊള്ളിവാക്കുകൾ
അനിയന്ത്രിതമായ് ചിലപ്പൊഴീ
മാനമോടാത്ത കുമാർഗ്ഗമില്ലെടോ (50)

ചുരുക്കത്തിൽ തത്ത്വചിന്തയിൽ തുടങ്ങി മൃത്യു ചിന്തയിലവസാനിക്കുന്ന സീതാകാവ്യത്തിൽ ഏറിയും കുറഞ്ഞും സീതയുടെ ചിന്തകൾ പ്രവഹിക്കുന്നു. വെറുമൊരു പതിവ്രതയായല്ല ആശാൻ സീതയെ കണ്ടത്. മറിച്ച് സ്വന്തമായി മനസ്സും ചിന്തയുമുള്ള ഒരു മനുഷ്യസ്ത്രീയായാണ്. സീതയുടെ ചിന്തയിൽ കാലഘട്ടത്തിന്റെ ശബ്ദവും പ്രതിഷേധത്തിന്റെ ധ്വനിയും ആത്മാഭിമാനത്തിന്റെ നൊമ്പരവും ഭർതൃക്രിയകളുടെ ന്യായീകരണവും ഇഴുകിച്ചേർന്നിരിക്കുന്നു. അങ്ങന ആ ചിന്തകളിന്നും സഹൃദയരുടെ ഇടയിൽ അലകളുയർത്തിക്കൊണ്ടിരിക്കുന്നു. കാലഘട്ടങ്ങളെ ഭേദിക്കുന്ന ചിന്താവതരണത്തിലൂടെ ചിന്താവിഷ്ടയായ സീത ഇന്നും പല ഭാവങ്ങളിൽ പുനർജ്ജനിക്കുന്നു.

*********

# ആധുനികതാദർശനം അക്കിത്തത്തിന്റെ കവിതകളിൽ

**രഞ്ജിത്ത് രവീന്ദ്രൻ വി.**,ഗവേഷകവിദ്യാർത്ഥി, ഗവ.കോളേജ്, പട്ടാമ്പി

**സാ**ഹിത്യത്തിൽ ആധുനികത ഏകമുഖമായ ഒരു പ്രസ്ഥാനമായല്ല രൂപംകൊണ്ടത്. കലാരംഗത്ത് പൊതുവെ ഉണ്ടായിട്ടുള്ള സങ്കീർണ്ണവും ചിലപ്പോൾ പരസ്പരവിരുദ്ധവുമായ അനേകം ശൈലികളുടേയും പ്രവണതകളുടെയും കലർപ്പിനെയാണ് ആധുനികത എന്ന പദം സൂചിപ്പിക്കുന്നത്.

വളരെ സങ്കീർണ്ണമായ ഒരു പദസങ്കൽപമാണ് ആധുനികത. പല വൈചാരിക മണ്ഡലങ്ങളിൽ പല രീതിയിലാണ് ആധുനികത പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്. ഒരു സാഹിത്യപ്രസ്ഥാനം, ജ്ഞാനപദ്ധതി, ജീവിത വീക്ഷണം, ചിന്താപദ്ധതി, ലോകബോധം എന്നിങ്ങനെ പല തരത്തിൽ ആധുനികത വ്യാഖ്യാനിക്കപ്പെടാറുണ്ട്.

“പഴയതിൽ നിന്ന് പുതുമയിലേക്കുള്ള മാറ്റമായി സ്വന്തം കാലഘട്ടത്തെ അടയാളപ്പെടുത്താൻ മാറി മാറി വരുന്ന സമൂഹങ്ങൾ വീണ്ടും വീണ്ടും ഉപയോഗിക്കുന്ന പദമാണ് ആധുനികത” എന്ന് ജുർഗൻ ഹേബർമാസും “19-ാം നൂറ്റാണ്ടിലും അതിനുശേഷവും ലോകമനസ്സിനെ ബാധിച്ച ഭൗതികവും ആത്മീയവുമായ കാപട്യത്തിനെതിരെയുള്ള പ്രക്ഷോഭമാണ് ആധുനികത” എന്ന് എം. മുകുന്ദനും അഭിപ്രായപ്പെടുന്നു.

19-ാം നൂറ്റാണ്ടിൽ ലോകബോധത്തെയും സാഹിത്യത്തെയും ആകെ മാറ്റിമറിച്ച ആധുനികതാ സംബന്ധിയായ പ്രവണതകൾ മലയാള സാഹിത്യത്തിൽ, വിശിഷ്യ കവിതയിൽ ഭാവുകത്വ പരിണാമം എന്ന നിലയിൽപോലും കടന്നുവന്നത് ഏകദേശം 20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലാണ്. “മലയാള കവിതയിൽ ആധുനികത കടന്നുവന്നത് ആകസ്മികമായിട്ടല്ല. അമ്പതുകളിൽ പുറത്തുവന്ന ചില കാവ്യങ്ങളും ശൈലികളും പുതിയ കവിതയ്ക്ക് പ്രേരകമാവുകയോ തുടർച്ചയുടെ മുൻകണ്ണികളാകുകയോ ചെയ്തു. അക്കിത്തത്തിന്റെ “ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം’, വൈലോപ്പിള്ളിയുടെ ‘കുടിയൊഴിക്കൽ’, ഒളപ്പമണ്ണയുടെ ‘നങ്ങേമക്കുട്ടി’ തുടങ്ങിയ കാവ്യങ്ങൾ പുതിയൊരു ഭാവുകത്വത്തിന് നിദാനമായി. പാരമ്പര്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ഒന്നു കുതറിമാറാൻ ശ്രമിച്ചതിന്റെ ഫലമായിരുന്നു ആ കാവ്യങ്ങൾ. അതിലൂടെ ഒരു പുതിയ കാവ്യപാരമ്പര്യം ഉദയം കൊള്ളുകയായിരുന്നു’. മലയാള കവിതയിൽ ആധുനികതയുടെ കടന്നുവരവിനെ ഡോ. എം.എം ബഷീർ ഇങ്ങനെയാണ് നിരീക്ഷിക്കുന്നത്.

തുടർച്ചയായ രണ്ട് ലോകമഹായുദ്ധങ്ങൾ, ഭീമമായ വ്യാവസായിക സംസ്കാരത്തിന്റെ ഭാഗമായുണ്ടായ കാർഷികത്തകർച്ച, യന്ത്രവത്കരണത്തിന്റെ ഭാഗമായുണ്ടായ അമിതോൽപാദനം, സാങ്കേതികവിദ്യയുടെ അതിപ്രസരത്തിൽ ഒറ്റപ്പെട്ടുപോകുന്ന മനുഷ്യൻ, മതം-പ്രത്യയശാസ്ത്രം എന്നിവയിലെ പൊള്ളത്തരം, അന്യവത്കരണം, അതിൽനിന്നുണ്ടായ അസ്തിത്വവ്യഥ എന്നിവയുടെയെല്ലാം ഫലമായി മനുഷ്യന്റെ ഭാവുകത്വത്തിൽ കാതലായ പരിവർത്തനം കൊണ്ടുവന്ന നൂറ്റാണ്ടാണ് ഇരുപതാം നൂറ്റാണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ വച്ച് അതേ നൂറ്റാണ്ടിന്റെ ചരിത്രഗാഥയായ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' (1952) എന്ന കവിതയെഴുതിയ കവിയാണ് അക്കിത്തം അച്യുതൻ നമ്പൂതിരി.

'രുദിതാനുസാരി'യാണ് കവി എന്ന് കാളിദാസൻ പറയും. അങ്ങനെ കരച്ചിലിനു പുറകെ പോകുന്ന കവിയെ നമുക്ക് അക്കിത്തത്തിൽ കാണാൻ സാധിക്കും

'ഒരു കണ്ണീർക്കണം ഞാൻ മറ്റുള്ളവർക്കായ് പൊഴിക്കവെ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം'.

ഇതാണ് കവിയുടെ മാനുഷിക ദർശനം.മനുഷ്യ മഹാസങ്കടങ്ങളുടെ വേലിയേറ്റങ്ങൾ അക്കിത്തത്തിന്റെ മിക്ക കവിതകളിലും കാണാൻ സാധിക്കും. മനുഷ്യന്റെ, സമൂഹത്തിന്റെ അപചയത്തിൽ ദുഃഖിതനാകുന്ന കവി പക്ഷെ മഹാ സങ്കടങ്ങളുടെ ദുരിതക്കയത്തിൽ പരിഹാര മേതുമില്ലാതെ കൂപ്പുകുത്തുകയല്ല ചെയ്യുന്നത്. മാനവരാശിയെ മഹാദുഃഖങ്ങളിലേക്ക് തള്ളിവിടുന്ന സമസ്യകളെ ദാർശനികമായ ഉൾക്കാഴ്ചയോടെ നിർദ്ധാരണം ചെയ്യാനാണ് ശ്രമിക്കുന്നത്. ഋഷിതുല്യമായ ഈ ദർശനഗരിമയാണ് അക്കിത്തം എന്ന കവിയെ വ്യത്യസ്തനാക്കുന്നത്.

മലയാള കവിതയിൽ ആധുനികതയുടെ കടന്നുവരവിനെ അറിഞ്ഞോ അറിയാതെയോ അഭിസംബോധന ചെയ്തവരിൽ പ്രധാനിയാണ് അക്കിത്തം അച്യുതൻനമ്പൂതിരി. 2019-ൽ ജ്ഞാനപീഠ പുരസ്കാരം അക്കിത്തത്തിനു ലഭിച്ചപ്പോൾ പുരസ്കരിക്കപ്പെട്ടത് മലയാള കവിതയിലെ ആധുനികത കൂടിയാണ്. ആധുനികതാ ദർശനത്തെ അടിസ്ഥാനമാക്കി 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം', 'പണ്ടത്തെ മേശ്ശാന്തി', 'കുതിർന്ന മണ്ണ്' എന്നീ അക്കിത്തം കവിതകളെ വിലയിരുത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

നിർഭാഗ്യവശാൽ വ്യക്തിപരമോ പ്രത്യയശാസ്ത്രപരമോ ആയ പല കാരണങ്ങളാൽ അക്കിത്തത്തെ ആധുനിക കവിയെന്നു വിളിക്കാൻ ലുബ്ധുകാട്ടുന്നവരാണ് മലയാള സാഹിത്യത്തിലെ പല അതികായരും. മലയാളത്തിലെ പ്രധാനപ്പെട്ട രണ്ടു സാഹിത്യചരിത്ര ഗ്രന്ഥങ്ങളിൽ

(ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ , മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ,) അക്കിത്തത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങളിൽ ആദ്ദേഹം ഒരു മികച്ച കവിയാണെന്നുപോലും അംഗീകരിക്കാൻ തത്കർത്താക്കൾ തയ്യാറാകുന്നില്ല. എന്നാൽ മുൻപ് സൂചിപ്പിച്ചപോലെ പലകലർപ്പുകളോടുകൂടിയ ബഹുമുഖ പ്രസ്ഥാനമായി ആധുനികതയെ പരിഗണിക്കുന്നവർക്ക് അക്കിത്തത്തിന്റെ കവിതകളിലൂടെ ഒന്ന് കണ്ണോടിച്ചാൽ അയത്നം കണ്ടെത്താൻ സാധിക്കുന്ന ഒന്നാണ് ആധുനികതാസംബന്ധിയായ അക്കിത്തത്തിന്റെ നിലപാടുകൾ.

കവിതയിൽ ആധുനികതയുടെ തുടക്കം സിംബലിസത്തിന് എതിരായി വന്ന ഇമേജിസത്തിലൂടെ യാണെന്നാണ് പറയുക. 'ഇമേജിന് ഫലദായകത്വം നൽകുന്നത് അതിന്റെ വ്യക്തതയെക്കാളേറെ, സവിശേഷവും ഐന്ദ്രിയവുമായ മാനസികാനുഭവം എന്ന നിലയിലുള്ള സ്വഭാവമാണ് 'എന്ന് റിച്ചാർഡ് പറയുന്നു *(I.A Richards,Principles of Literary Criticism)*.

സിംബലിസത്തിൽ നിന്ന് ഇമേജിസത്തിലേക്കുള്ള ഈ മാറ്റം/ ഇമേജുകളുടെ സമർത്ഥമായ വിന്യാസം 'ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസത്തിൽ' കാണാം.

'നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പിവലിക്കുന്നു
നരവർഗ നവാതിഥി'.
'അരിവെപ്പോന്റെ തീയിൽച്ചെ-
ന്നീയാമ്പാറ്റ പതിക്കയാൽ
പിറ്റേന്നിടവഴിക്കുണ്ടിൽ
കാൺമൂ ശിശുശവങ്ങളെ'.

(ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

ഈ വരികളിൽ തെളിയുന്ന ഇമേജുകൾ വ്യാഖ്യാന ശ്രമങ്ങൾക്ക് വഴങ്ങാത്ത ഇന്ദ്രിയാനുഭവമാണ് വായനക്കാരന് നൽകുന്നത്.

ആധുനിക സാഹിത്യത്തിൽ ആവർത്തിച്ചുവരുന്ന ആശയാവലികളാണ് അന്യവത്കരണം, ദുരന്തബോധം, അസംബന്ധതാവാദം, ആക്ഷേപഹാസ്യം, വിരുദ്ധോക്തി എന്നിവ.

'ഉപ്പുകല്ലിനായുരിയരിച്ചോറിനായ്
ഇപ്പട്ടണത്തിൽ തൊഴിലാളിയായ ഞാൻ
നേരറ്റനായ് പല്ലിടുക്കിലരയുന്ന
നെയ്യലുവത്തുണ്ടുപോലുരുകീടിലും
തുപ്പന്നുഭാഗ്യമുണ്ടെന്നെന്റെ
നാട്ടുകാരഭ്യുദയാകാംഷ കോരിച്ചൊരിയവെ'.

(പണ്ടത്തെ മേശ്ശാന്തി)

നിർധനനനും നിരാലംബനുമായ തുപ്പൻ എന്ന നമ്പൂതിരി യുവാവ് അഷ്ടിക്ക് വക തേടി ചെന്നെത്തുന്ന ഈ അരക്ഷിതമായ 'പട്ടണം' തന്നെയാണ് പിന്നീട് അത്യാധുനിക കവികളുടെ കവിതകളിൽ അന്യവത്കരണത്തിന്റെ കേന്ദ്രസ്ഥാനമായ 'നഗര'മായി പ്രത്യക്ഷപ്പെടുന്നത്. മലയാള കവിതയിൽ ആധുനികതയുടെ മുഖ്യപ്രോദ്ഘാടകനായ മാധവൻ അയ്യപ്പത്തിന്റെ 'മണിയറക്കവിതകളിൽ' ഈ 'നഗരം' നമുക്കു കാണാം.

ആഗ്രഹവും യാഥാർത്ഥ്യവും തമ്മിലുള്ള ഏറ്റുമുട്ടലാണ് അസംബന്ധതാവാദത്തിന്റെ അടിസ്ഥാനം എന്ന് ലളിതമായി വ്യാഖ്യാനിക്കാം. ഈ ഏറ്റുമുട്ടൽ തന്റെ 'കുതിർന്നമണ്ണ്' എന്ന കവിതയിലെ കേന്ദ്ര കഥാപാത്രമായ കോരനിലൂടെ അക്കിത്തം മനോഹരമായി ആവിഷ്ക്കരിക്കുന്നുണ്ട്. കോരന്റെ ഈ വാക്കുകൾ അതിന് തെളിവാണ്.

'ആരോ പാടത്തുചാലുകൾ കീറി,
ആരോ വിത്തിട്ടു പൊൻപൊടി മണ്ണിൽ
ആരോ നീക്കികളകളെ, കൊയ്യാ-
നാരോ പുന്നെൽക്കുലകളെ നാളെ'

(കുതിർന്ന മണ്ണ്)

മാറുന്ന കാലത്തിന്റെ പൊരുത്തക്കേടു നിറഞ്ഞ കാഴ്ചകളെ, ഒരു നൂറ്റാണ്ടിനെ നെടുകെ പിളർന്ന് അതിലൊരർദ്ധത്തിലിരുന്നുകൊണ്ട് കവി ഇങ്ങനെ രേഖപ്പെടുത്തുന്നു.

'വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം'

(ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

മലയാള കവിതയിൽ വിരുദ്ധോക്തിയുടെ സൗന്ദര്യാത്മകവും ദർശനാത്മകവുമായ തലങ്ങളെ അന്വേഷിക്കുന്ന ആരും എത്തിച്ചേരുന്ന ഇടമാണ് മുകളിൽ ഉദ്ധരിച്ച രണ്ടുവരികൾ.

ആധുനികതയുടെ പ്രധാനപ്പെട്ട മറ്റൊരു ശൈലീപരമായ പ്രത്യേകതയാണ് ട്രാജി-കോമഡികളുടെ സമർത്ഥമായ ഉപയോഗം. ദുരന്തം പെട്ടെന്ന് ഹാസാത്മകമാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. നിലവിളി പൊടുന്നനെ പൊട്ടിച്ചിരിയായ് മാറുന്നു. കോരൻ എന്ന അടിയാള കർഷകന്റെ നിസ്സഹായ നിലവിളി ഒരു ഘട്ടത്തിൽ നിരർത്ഥകമായ പൊട്ടിച്ചിരിയായി മാറുന്ന കാഴ്ച 'കുതിർന്ന മണ്ണിൽ' കാണാം.

'കൊമ്പൻ മീശ തലോടിനാൻ മന്ത്രി,
കമ്പം തിന്നാൽ തടിച്ചുപോം നിങ്ങൾ
ലോല നീലാബ്ജകുഡ്മളംപൊലാ
ലോകദാസന്റെ കൈകളും കൂമ്പി !
എട്ടു ദിക്കും നടുങ്ങുമാറുള്ളിൽ
പൊട്ടിച്ചിരിച്ചുപോയ്കോരൻ'.

(കുതിർന്ന മണ്ണ്)

1970 കാലഘട്ടത്തിൽ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലൊക്കെ നിരന്തര സാന്നിധ്യമായിരുന്ന അസ്തിത്വവാദ ദർശനവും തന്മൂലമുണ്ടാവുന്ന അന്യവത്കരണവും ശൂന്യതാബോധവും മറ്റും അതിനും എത്രയോ മുൻപ് തന്നെ അക്കിത്തം എഴുതിയ പല കവിതകളിലും കാണാൻ സാധിക്കും. അക്കിത്തത്തിന്റെ 'പണ്ടത്തെ മേശ്ശാന്തി' എന്ന കവിതയിലെ ചില വരികൾ ഇത് തെളിയിക്കും.

‘എന്റെയല്ലെന്റെയല്ലീ കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളെ’

(പണ്ടത്തെ മേശ്ശാന്തി)

തുപ്പൻ എന്ന നമ്പൂതിരിയുവാവ് കുട്ടികളോടായി പറയുന്ന ഈ വാക്കുകൾ, ഭാരതീയ ചിന്തയിലെ ‘ഇദം ന മമ’ എന്ന ഉപനിഷദ്വാക്യവുമായി ചേർത്താണ് സാധാരണ വ്യാഖ്യാനിക്കാറുള്ളതെങ്കിലും ‘നിസ്വൻ’ എന്ന ഈ ഭാവത്തെ ഒരർത്ഥത്തിൽ ആധുനികതാവാദം മുന്നോട്ടു വച്ച അസ്തിത്വദർശനവുമായി ചേർത്തുവായിക്കാവുന്നതാണ്.

ഫ്യൂഡലിസത്തിന്റെ അപചയവും മുതലാളിത്തത്തിന്റെ ഭാഗമായി വന്ന പുത്തൻ വ്യാവസായിക സംസ്കാരവും കർഷകനെ കൃഷിഭൂമിയിൽ നിന്നും അകറ്റി. അപ്പോഴും അവനുണ്ടായിരുന്ന ഏക ആശ്വാസം നാട്ടുകാരുടെ സർക്കാർ വന്നു എന്നതായിരുന്നു. എന്നാൽ അവർ നൽകിയ മോഹനവാഗ്ദാനങ്ങളും സ്വാതന്ത്ര്യസ്വപ്നങ്ങളും വെറും കാപട്യമായിരുന്നു എന്നവൻ തിരിച്ചറിഞ്ഞു. ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിനും വ്യവസ്ഥിതിക്കും തങ്ങളുടെ പട്ടിണി മാറ്റാൻ തിടുക്കം ഇല്ല എന്ന തിരിച്ചറിവായിരുന്നു അത്. ഈ തിരിച്ചറിവ് കുതിർന്ന മണ്ണിലെ കോരനുണ്ടാകുന്നുണ്ട്.

‘വാച്ചും മൂക്കുകണ്ണാടിയുമായി
വാഴ്ത്തീടുന്നിതൊരു മഹാകേമൻ
സർക്കാരിന്റെ കരുണയെപ്പറ്റി
സ്വർഗ്ഗത്തിന്റെ മഹിമയെപ്പറ്റി
മന്ദഹാസസമന്വിതനന്നാ
മന്ത്രിപുംഗവൻ വാമൊഴിതൂകി.
നെല്ലിനേക്കാളനേകമിരട്ടി
നല്ലതാണീയമൂല്യമാം കമ്പം
കോരനപ്പോൾ കവിളുകൾ കോടി
ചോരച്ചാലിൽ തരിപ്പുളവായീ’.

(കുതിർന്ന മണ്ണ്)

വെള്ളക്കാരന്റെ സർക്കാർ നൽകിയിരുന്ന 10 ഔൺസ് അരി ഇപ്പോൾ 6 ഔൺസാക്കി നാട്ടുകാരുടെ സർക്കാർ കുറച്ചു. അതു തന്നെ കിട്ടണമെങ്കിലോ

'നാറിനാറിപ്പഴുത്തു കിടക്കു-
മാറവുൺസരി കിട്ടണമെങ്കിൽ
കമ്പം തിന്നു വയറുന്തി വിങ്ങി-
ക്കട്ടച്ചോരപ്പോയ്ച്ചാവണം മർത്യൻ.'

എന്ന അവസ്ഥ വന്നു. ഇങ്ങനെ ആധുനികതയുടെ കാലത്തെ പ്രധാന പ്രശ്നങ്ങളിലൊന്നായ കാർഷിക മേഖലയുടെ തകർച്ചയും കർഷകന്റെ നിത്യദുഃഖവും 'കുതിർന്ന മണ്ണ് ' പോലുള്ള കൃതികളിൽ അക്കിത്തം വിഷയീകരിക്കുന്നുണ്ട്.

ആധുനികത മുന്നോട്ടുവച്ച നാഗരിക സംസ്കൃതിയുടെ ഉപോൽപ്പന്നമായ ബ്രാന്റുവത്കരണത്തിന്റെ ഭീകരത നേരത്തെ തന്നെ തിരിച്ചറിയുന്നുണ്ട് അക്കിത്തം. 'ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസത്തിൽ' പരാമർശിക്കുന്ന ഹെയറോയിൽ, ഗോൾഡ്ഫ്ലാക്ക്, ഫേബർലൂബ, റോൾസ്റോയിസ്സ്, ഷവർലെറ്റ്, ഹിൽമാൻ, സ്റ്റുഡിബേക്കർ എന്നിങ്ങനെയുള്ള ബ്രാൻഡ് സംജ്ഞകൾ, പച്ച പരിഷ്കാരികളായ മഹിളാമണികളെ വർണ്ണിക്കുന്ന ഭാഗങ്ങൾ എന്നിവ അനിയന്ത്രിതമായ കുത്തകവത്കരണം മനുഷ്യസമൂഹത്തിൽ ഉണ്ടാക്കാനിടയുള്ള ആഘാതത്തെക്കുറിച്ചുള്ള ദീർഘദർശനങ്ങളായിരുന്നു.

ഈ തിരിച്ചറിവിന്റെ മറ്റൊരു ചിത്രം പിന്നീട് നമ്മൾ കക്കാടിൽ കാണുന്നു.

'കുന്തളതൈലം ടാൽക്കവുമിവ
വേർപ്പിൽ കുതിർന്ന ഗന്ധവുമായി
കലർന്നു തെരുവിൽ കുത്തിയൊലിക്കുന്നു'

( നഗരത്തിലെ കണ്വൻ)

അക്കിത്തം അടിമുടി ഒരു ആധുനിക കവിയാണെന്നോ അദ്ദേഹത്തിന്റെ കവിതകളെല്ലാം ആധുനിക കവിതകളാണെന്നോ അല്ല ഇത്രയും

പറഞ്ഞതിന് അർത്ഥം. പാശ്ചാത്യസാഹിത്യത്തിൽ ഒരു പരിവർത്തന ഘട്ടം രൂപപ്പെടുത്തിയ ആധുനികതാ ദർശനത്തിന്റെ സാധ്യതകൾ മലയാള കവിതയിൽ ആരാഞ്ഞ ഏതാനും കവികളിൽ ഒരാൾ, ഇന്ന് പലതും 'പാരമ്പര്യവാദി'എന്ന് പറഞ്ഞ് ഇകഴ്ത്തുന്ന അക്കിത്തം അച്യുതൻ നമ്പൂതിരി എന്ന മഹാകവി ആണെന്ന് ഓർമ്മപ്പെടുത്തുക മാത്രമാണ് ഉദ്ദേശ്യം.

*********

**<u>സഹായകഗ്രന്ഥങ്ങൾ</u>**


1. അച്യുതൻ നമ്പൂതിരി, അക്കിത്തം. അക്കിത്തം കവിതകൾ സമ്പൂർണ്ണം, മാതൃഭൂമിബുക്സ്,2010.

2. അജയകുമാർ, എൻ. ആധുനികത മലയാള കവിതയിൽ, ചങ്ങനാശ്ശേരി,താരതമ്യപഠനസംഘം,2001.

3. ജോർജ്,കെ.എം. ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,കോട്ടയം. ഡി.സി ബുക്സ്.

4. പരമേശ്വരൻപിള്ള എരുമേലി. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ,ഡി.സി ബുക്സ് 2019.

5. പോൾ എം.എസ്. ഉത്തരാധുനിക കവിതാപഠനങ്ങൾ, കേരളസാഹിത്യ അക്കാദമി,2014.

6. ബഷീർ എം.എം, കവിത തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

7. മുകുന്ദൻ എം. എന്താണ് ആധുനികത? കോഴിക്കോട് പൂർണ്ണപബ്ലിക്കേഷൻസ്.

8. രവീന്ദ്രൻ പി.പി. ആധുനികതയുടെ പിന്നാമ്പുറം, കോട്ടയം,നാഷണൽബുക്ക്സ്റ്റാൾ.

9. ലീലാവതി എം. മലയാള കവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി,2011.

# ഒ.എൻ.വി. യുടെ ഭൂമിക്കൊരു ചരമഗീതം, ഇന്നിന്റെ പരിസ്ഥിതി ഗീതം

**ജോളി കെ. വി.**, അസിസ്റ്റന്റ് പ്രൊഫസർ, പാവനാത്മാകോളേജ്, മുരിക്കാശ്ശേരി

മലയാള സാഹിത്യചരിത്രത്തിൽ അഗ്രഗണ്യനാണ് സാഹിത്യലോകം സ്നേഹപൂർവ്വം ഒ.എൻ.വി. എന്നു വിളിക്കുന്ന ശ്രീ. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ്. 'ഭാവഗീതങ്ങളും സിനിമാഗാനങ്ങളും കൊണ്ട് ആസ്വാദകഹൃദയങ്ങളിൽ ഇടംപിടിച്ച ഒ.എൻ.വി. അനുവാചക മനസ്സിൽ ചിരപ്രതിഷ്ഠ നേടിയത് വിശ്വമാനവികതാ ദർശനത്തിന്റെ ഉണർത്തുപാട്ടെന്ന് വിശേഷിക്കപ്പെടുന്ന ഭൂമിക്കൊരു ചരമഗീതം'' എന്ന കവിതയിലൂടെയാണ്. അമ്മയായ ഭൂമിയുടെ ആസന്നമൃത്യുവിൽ ആശങ്കാഭരിതവും ദുഃഖപൂരിതവുമായ മനസ്സോടെ ചരമഗീതം കുറിക്കുന്ന കവിക്ക് വിരഹവേദനയും നഷ്ടബോധത്തിന്റെ നൊമ്പരവും എങ്ങും തളംകെട്ടി നിൽക്കുകയാണ്. ആധുനികതയുടേയും ആഗോളവത്ക്കരണത്തിന്റേയും കുത്തൊഴുക്കിൽ അന്യമാകുന്ന പാരസ്പര്യത്തിന്റെ കഥ

പറയുകയാണ് കവി. കഥകേട്ട് ഏതെങ്കിലുമൊക്കെ മനസ്സുകൾ ഉഴറുമെങ്കിൽ, ഒരു തിരിച്ചുനടപ്പിന് തയ്യാറാകുമെങ്കിൽ കവിമനസ്സിന് നിർവൃതിയായി. ജീവിതത്തിന്റെ പച്ചത്തുരുത്തിൽ നിന്നുകൊണ്ട് സർവ്വനാശമെന്ന ആസന്ന സത്യത്തെ തിരിച്ചറിഞ്ഞുപാടുന്ന കവിഹൃദയത്തിന്റെ തേങ്ങലിന് അത്യന്താധുനിക മനുഷ്യൻ ചെവി കൊടുക്കുമോ? നിന്നാസന്ന മൃതിയിൽ എന്ന ഓർമ്മപ്പെടുത്തൽ സകലചരാചരങ്ങൾക്കുമാണെന്ന് പാടുവാൻ കവി നിർബന്ധിതനാകുന്നത് ''ഇവിടെയവശേഷിക്കയില്ലയാരുമീ, ഞാനും'' എന്ന തിരിച്ചറിവുകൊണ്ടാണെന്ന ബോധ്യം മാനവരാശിയെ ചിന്തിപ്പിക്കുക തന്നെ ചെയ്യും. 1980 കളുടെ ആദ്യപകുതിയിൽ മുപ്പതോളം കവിതകൾ ചേർത്തൊരുക്കിയ കവിതാസമാഹാരത്തിലെ ''ഭൂമിക്കൊരു ചരമഗീതം'' എന്ന കവിത മനുഷ്യസ്നേഹത്തിൽനിന്നും പ്രാപഞ്ചിക സ്നേഹത്തിൽനിന്നും പാരിസ്ഥിതിക അവബോധത്തിൽനിന്നും പിറന്നതാണെന്നത് തർക്കമറ്റ യാഥാർത്ഥ്യം. ഒ.എൻ.വിയുടെ ആദ്യകാല കവിതകൾ പ്രകൃതിസൗന്ദര്യത്തിന്റെ മാസ്മരികത വിളിച്ചോതിയെങ്കിൽ, അന്നത്തെ രാഷ്ട്രീയ-സാംസ്കാരിക സാഹചര്യങ്ങൾ കവിയെ ഒരു വാഗ്ദത്തഭൂമിയുടെ അന്വേഷകനാക്കിയെങ്കിൽ, ജീവിതത്തിന്റെ പക്വത യാർജ്ജിച്ച ഈ കാലഘട്ടത്തിൽ, ഒരു ഉത്തമ വിശ്വപൗരനായി വളർന്ന കവിയുടേത് വിശ്വവിശാലമായ കാഴ്ചപ്പാടുകളാണ്. ആഗോള ഗ്രാമമായി വളർന്ന ലോകത്തിന്റെ ഒരു കൊച്ചുകോണിൽനിന്നും-ദൈവത്തിന്റെ സ്വന്തം നാട്ടിൽനിന്നും ആഗോള പാരിസ്ഥിതിക വിഷയങ്ങൾ കവിതയിലൂടെ തൊടുത്തുവിട്ട് ഒരു ധർമ്മകാഹളം മുഴക്കുകയാണ് കവി.

1970 കളിൽ കേരളത്തിന്റെ സാംസ്കാരിക-സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ ശ്രദ്ധേയമായൊരു മുന്നേറ്റമായിരുന്നു, സൈലന്റ്‌വാലി പ്രസ്ഥാനം. വൈവിധ്യമാർന്ന ജൈവസമ്പത്തും അപൂർവ്വ ഇനമായ സിംഹവാലൻ കുരങ്ങുമെല്ലാം ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെട്ടാലും ശരി, കുന്തിപ്പുഴയ്ക്കു കുറുകെ ഭീമൻ അണക്കെട്ട് തീർത്ത് ഹെക്ടർ കണക്കിനു മഴക്കാടുകൾ വെള്ളക്കെട്ടിനടിയിലാഴ്ത്താനുള്ള വൈദ്യുതിവകുപ്പിന്റെ ഉദ്യമത്തിനു തടയിട്ട പ്രകൃതി സ്നേഹികളുടെ പ്രക്ഷോഭമാണിത്. ശ്രീമതി സുഗതകുമാരി, എൻ.വി.കൃഷ്ണവാര്യർ, ഒ.എൻ.വി കുറുപ്പ് തുടങ്ങിയ മുൻനിര എഴുത്തുക്കാർ സൈലന്റ്‌വാലി സംരക്ഷണ പ്രക്ഷോഭത്തിനു നൽകിയ സംഭാവനയും പിന്തുണയും

ചെറുതല്ല. 1985 സെപ്റ്റംബർ 7 ന് അന്നത്തെ പ്രധാനമന്ത്രി ശ്രീ.രാജീവ് ഗാന്ധി സൈലന്റ്‌വാലി ദേശീയോദ്യാനം രാഷ്ട്രത്തിനു സമർപ്പിച്ചു. സൈലന്റ്‌വാലിയുടെ സസ്യാവരണത്തിന്റെ സവിശേഷതയും മഴക്കാടുകളുടെ പ്രാധാന്യവും മനസ്സിലാക്കിയ ഐക്യരാഷ്ട്ര സംഘടന, ലോകത്തിലെതന്നെ ഏറ്റവും സംരക്ഷണമർഹിക്കുന്ന ജൈവമേഖലയായ നീലഗിരി ബയോസ്ഫിയർ റിസർവിന്റെ മൂലകേന്ദ്രമയി ഈ നിശബ്ദ താഴ്‌വരയെ മാറ്റുകയുണ്ടായി. 1979 ൽ സൈലന്റ്‌വാലിയിൽ നിന്നും പ്രകൃതിസ്നേഹിയായ ഡോ. സതീഷ് ചന്ദ്രൻ തന്റെ സ്നേഹിതയ്ക്ക് എഴുതി: ''ഈ അപൂർവ്വ സസ്യജാലങ്ങൾ ഇനിയിവിടെ ഉണ്ടാകുമോയെന്നറിയില്ല. കൂറ്റൻ കല്ലുകൾ ഇരുവശവും സംരക്ഷണകവചം തീർക്കുന്നെങ്കിലും തോടിന് സമീപം മരങ്ങൾ വീഴാൻ തുടങ്ങിയിരിക്കുന്നു. കാട്ടിമുടിയിൽനിന്ന് കാട് കത്തുന്ന മണം. താഴ്‌വാരത്തിന്റെ നിശബ്ദതക്കുമേൽ ബുൾഡോസറുകളുടെ ഇരമ്പൽ''. രണ്ടുമൂന്നു ദശാബ്ദങ്ങൾക്കപ്പുറത്ത് ഈ വാക്കുകൾ വെറും ജൽപ്പനങ്ങളായിരുന്നില്ല. ഒരു ദിവസം ഭൂമിയെന്ന ഈ വാടകവീട് ഒഴിഞ്ഞുപോകുമ്പോൾ എന്റെ ഏറ്റവും ചൈതന്യവത്തായ ഒരംശം ഞാൻ ഇവിടെ ഉപേക്ഷിച്ചുപോകും. അതാണെന്റെ കവിത. ജ്ഞാനപീഠപുരസ്കാരം ഏറ്റുവാങ്ങിക്കൊണ്ട് ഒ.എൻ.വി പറഞ്ഞു. ''ഭൂമിക്കൊരു ചരമഗീതം'' എന്ന കവിത പാരിസ്ഥിതിക വീക്ഷണത്തിൽ പഠനവിധേയമാക്കുമ്പോൾ കവിയിലെ ഏറ്റവും ചൈതന്യവത്തായ ഒരംശം നമുക്കതിൽ ദർശിക്കാനാകും. സൈലന്റ്‌വാലിയിലും കേരളത്തിലും മാത്രമല്ല, പഞ്ചഭൂഖണ്ഡങ്ങളിലും മുഴങ്ങേണ്ട ഒരു സ്വരമായി, മാറ്റൊലിയായി ഈ കവിതയെ കാലം മാറ്റിത്തീർക്കുമ്പോൾ ഇന്നിന്റെ പാരിസ്ഥിതിക പ്രതിസന്ധികളെ കവിയുടെ കണ്ണുകളിലൂടെ നോക്കിക്കാണുവാൻ ശ്രമിക്കുകയാണിവിടെ.

**മരിക്കാത്ത ഭൂമി**

''ഇനിയും മരിക്കാത്ത ഭൂമി'' എന്ന് അഭിസംബോധന ചെയ്ത് കവിതയാരംഭിക്കുന്ന ഒ.എൻ.വി. ആശ്വസിക്കുവാൻ ശ്രമിക്കുകയാണെന്നു കാണാം. തനിക്കും 'പന്തിരുകുലം പെറ്റ പറയിക്കും' എണ്ണിയാലൊടുങ്ങാത്ത, തങ്ങളിലിണങ്ങാത്ത കോടാനുകോടി മക്കൾക്കും അമ്മയായ ഭൂമാതാവിന്റെ അകാലമൃത്യുവിനെക്കുറിച്ച് നന്നായറിയാവുന്ന പ്രിയമക

നായ കവിയുടെ മുൻപിൽ അമ്മയെ രക്ഷിക്കുവാൻ മാർഗങ്ങളൊന്നും തെളിയുന്നില്ല. ''മൃതിയുടെ കറുത്ത വിഷപുഷ്പം'' അവളെ ചൂഴ്ന്നു നിൽക്കുകയാണെന്നും, നാളെയവൾ ചേതനയറ്റ് തണുത്തുവിറങ്ങലിക്കുമെന്നും, അപ്പോൾ ഒരു തുള്ളി കണ്ണീർ പൊഴിച്ച് അമ്മയ്ക്കാത്മശാന്തി നേരുവാൻ ''ഇവിടെയവശേഷിക്കയില്ലയാരും, ഈ ഞാനും'' എന്ന ചിന്തയിൽ ആമഗ്നനായി കവി പാടുകയാണ് തന്റെ ചരമശുശ്രൂഷാഗീതം.

അറിയാതെ ജനനിയെ പരിണയിച്ചൊരു
യവനതരുണന്റെ കഥയെത്ര പഴകി
പുതിയ കഥയെഴുതുന്നു വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു........

പുരാതന ഗ്രീക്കുസാഹിത്യത്തിൽ വിരചിതമായ ഈഡിപ്പസെന്ന യുവാവിന്റെ കഥയുദ്ധരിച്ച് കവി നടത്തുന്ന ഓർമ്മപ്പെടുത്തൽ ശ്രദ്ധേയമാണ്. അറിയാതെ അമ്മയെ പരിണയിച്ച, പിന്നീട് താൻ ചെയ്ത കൊടുംക്രൂരതയെക്കുറിച്ചറിയുമ്പോൾ മനക്ലേശത്താൽ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് സ്വയം അന്ധനാകുന്ന ഈഡിപ്പസ്, അറിഞ്ഞുകൊണ്ട് അമ്മയുടെ നഗ്നത വിറ്റ് കാശാക്കുന്ന പുതിയ തലമുറയിലെ കച്ചവടക്കണ്ണുള്ള മക്കളേക്കാൾ എത്രയോ മാന്യനാണെന്ന് കവി. അമ്മയെന്ന മനോഹര സങ്കൽപ്പം തേനും വയമ്പുമായി തന്റെ ജീവിതത്തിൽ ആദ്യാനുഭൂതി തീർത്ത നിമിഷങ്ങളിലേക്കുണരുകയാണ് കവി ഹൃദയം. ജീവിതത്തിന്റെ തിരി കെടുത്തുന്ന അന്ത്യവിനാഴികയിലും അമൃതിൻ തുള്ളികൾ നാവിലിറ്റു വീഴ്ത്തുന്ന നിറസാന്നിദ്ധ്യമായി അമ്മയുണ്ടായിരുന്നെങ്കിൽ എന്ന് പ്രാർത്ഥിച്ചുപോവുകയാണദ്ദേഹം.

നിന്നിൽ കുരുക്കുന്ന കറുകയുടെ നിറുകയിലെ
മഞ്ഞുനീർ തുള്ളിയിൽപ്പോലും
ഒരു കുഞ്ഞു സൂര്യനുണ്ടതു കണ്ടുദിച്ചിതെൻ
കരളിലൊരു വിസ്മയവിഭാതം

ജനനം മുതൽ മരണംവരെ തന്നിൽ നിറയുന്ന ഭൂമിയുടെ നന്മകൾ എണ്ണിപ്പറയുകയാണീ വരികളിൽ. അമ്മയുടെ വാത്സല്യത്തോടെ) അന്നപാനീയങ്ങളേകി ,കുഞ്ഞിന്റെ വളർച്ചയെമാത്രം ഉറ്റുനോക്കുന്ന അമ്മയുടെ

വാങ്മയചിത്രം വിരചിക്കുന്ന കവിയുടെ തൂലികയിൽ വിരിയുന്ന വിസ്മയ ചിത്രങ്ങളുടെ നേർകാഴ്ചയാണിത്:

ആയിരമുണ്ണിക്കനികൾക്കു തൊട്ടിലും
താരാട്ടുമായ് നീയുണർന്നിരിക്കുന്നതും
ആയിരം കാവുകളിലൂഞ്ഞാലിടുന്നതും
ആലിലത്തുമ്പത്തിരുന്നു തുള്ളുന്നതും
അഞ്ചിതൾ പൂക്കളായ് കൈയാട്ടി നിൽപതും
അമ്പലപ്രാവായി നീ കുറുകുന്നതും........

എന്നിങ്ങനെ നീളുകയാണീ വരികൾ. മണ്ണിൽ കുരുത്ത കറുകയുടെ നെറുകയിൽ മിന്നുന്ന മഞ്ഞുകണത്തിൽ ഒരു കുഞ്ഞു സൂര്യൻ ഉദിച്ചുയരുന്നതുകണ്ട് വിസ്മയഭരിതമായി നിന്നുപോകുന്ന കുട്ടിക്കാലം. അമ്മയുടെ അടുക്കളയിൽ മണ്ണപ്പം ചുട്ടു വിളമ്പിയ ഗതകാലസ്മരണകളിൽ കറുകയും കറ്റാർവാഴയും സൂര്യചന്ദ്രനക്ഷത്രങ്ങളും ആഴത്തിൽ ഇടം പിടിച്ചവയാണ്. പക്ഷേ ഇന്ന് കറുകയുടെ നാമ്പ് കരിഞ്ഞിരിക്കുന്നു. സൂര്യൻ കെട്ടുപോയിരിക്കുന്നു. മനുഷ്യചേതനയിലെ അനുഭൂതി മണ്ഡലങ്ങളെ അതിമനോഹരമായി ആവാഹിച്ചെടുക്കുന്ന ഇമേജുകൾ കോർത്തൊരുക്കിയിരിക്കുന്ന ഈ വരികളിൽ പ്രകൃതിയും അവളുടെ മക്കളും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധത്തിന്റെ ശീതള നിർവൃതിയുണ്ട്. ഒപ്പം, ഗൃഹാതുരത്വത്തിന്റെ വിങ്ങുന്ന ഓർമ്മകളും. അമ്മിഞ്ഞപ്പാലുണ്ട നിറവിൽ, അമ്മയുടെ താരാട്ടുപാട്ടിന്റെ താളത്തിലാടുന്ന തൊട്ടിലിൽ മയങ്ങുന്ന ഉണ്ണിയുടെ ചിത്രം സുരക്ഷിതത്വബോധത്തിന്റെയും, മാതൃപുത്രബന്ധത്തിന്റെയും പ്രതീകമാണെങ്കിൽ, കവി പറഞ്ഞുവരുന്നത് ഇത്ര കരുതലോടെ വളർത്തി വലുതാക്കിയ ഉണ്ണികളിന്ന് അമ്മയുടെ രക്തം ഹൃദയരക്തം കുടിക്കുവാൻ കാട്ടുന്ന തിടുക്കത്തിന്റെ കാഴ്ചകളാണ്.

മുണ്ഡിതശിരസ്കയായ് ഭ്രഷ്ടയായ് നീ സൗര-
മണ്ഡലപ്പെരുവഴിയിലൂടെ
മാനഭംഗത്തിന്റെ മാറാപ്പുമായി സ-
ന്താനപാപത്തിൻ വിഴുപ്പുമായി

പാതിയുമൊഴിഞ്ഞൊരു മനസ്സിലതി തീവ്രമാം
വേദനകൾ തൻ ജ്വാലമാത്രമായി......

"ആസ്വാദക ചേതസ്സിലേക്കു മാതൃഹത്യാപാപബോധത്തിന്റെ തീപ്പൊരി വർഷിക്കുന്ന ഈ കവിത വനത്തിനുവേണ്ടിയുള്ള രോദനം മാത്രമല്ല, നരവർഗത്തിന്റെ അന്തിമമായ അവനത്തിനു (സംരക്ഷണം) വേണ്ടിയുള്ള രോദനം കൂടിയാണ്" കുരുക്ഷേത്ര യുദ്ധത്തിൽ ഉറ്റവരെയെല്ലാം നഷ്ടപ്പെട്ട ഗാന്ധാരി യുദ്ധഭൂമിക്കരികെക്കൂടി തകർന്ന ഹൃദയത്തോടെ നടന്നുനീങ്ങുന്നൊരു ചിത്രമുണ്ട് മഹാഭാരതത്തിൽ അതിനേക്കാൾ പതിന്മടങ്ങ് ഹൃദയഭേദകമാണീ ഭൂമാതാവിന്റെ അവസ്ഥ. ആറും ആഴിയും അന്തരീക്ഷവും അന്തരംഗവും മലിനമാക്കിയ, കാടും വനവും ആവാസവ്യവസ്ഥയും തകർത്തു തരിപ്പണമാക്കിയ, മലയോരങ്ങളും താഴ്‌വരകളും ചതുപ്പു നിലങ്ങളും നികത്തിയും നിരത്തിയും ശാസ്ത്രീയ വ്യാവസായിക നാഗരികതയ്ക്ക് സ്വന്തം അമ്മയെ തീറെഴുതിക്കൊടുത്ത മക്കളുടെ പാപഭാരത്തിന്റെ ചുമടേന്തി അപമാനിതയായി നടന്നു നീങ്ങുകയാണീ അമ്മ. അവളുടെ മാതൃത്വത്തിനും സ്ത്രീത്വത്തിനുമുള്ള വില പേശൽ അപ്പോഴും തുടരുകയാണെന്ന ദൈന്യതയാണ് കവി അനുവാചകർക്കു മുൻപിൽ തുറന്നുകാട്ടുന്നത്.

### ചിത്രപടകഞ്ചുകം നീക്കി

പ്രകൃതിയുടെമേൽ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റത്തിനും അനിയന്ത്രിതമായ ചൂഷണത്തിനും കടിഞ്ഞാണിടാൻ ആഹ്വാനം ചെയ്യുന്ന ഒ.എൻ.വി കവിതയാണ് "ഭൂമിക്കൊരു ചരമഗീതം." മാനവരാശി ഇന്നഭിമുഖീകരിക്കുന്ന പ്രകൃതി ദുരന്തങ്ങളേയും പാരിസ്ഥിതിക പ്രതിസന്ധികളേയും മൂന്നു പതിറ്റാണ്ടിന്നപ്പുറം പറഞ്ഞുവച്ച ദീർഘവീക്ഷണമുള്ള പ്രവാചകശബ്ദമാണ് ഒ.എൻ.വിയുടേത്. ആഗോളവത്ക്കരണവും മുതലാളിത്തമേൽക്കോയ്മയും കോളനിവത്ക്കരണവും ചുവടുറപ്പിക്കുന്ന മൂന്നാം ലോകരാജ്യങ്ങളുടെ ദുരന്തങ്ങളും വേദനകളും കവിതയുടെ ക്യാൻവാസിൽ പകർത്തിയ അത്ഭുതപ്രതിഭയായ അദ്ദേഹം വനനശീകരണത്തിനെതിരെ ശക്തമായി പ്രതികരിക്കുന്നു.

(ഇഷ്ടവധുവാം നിന്നെ സൂര്യനണിയിച്ചൊരാ
ചിത്രപടകഞ്ചുകം ചീന്തി
നിൻ നഗ്നമേനിയിൽ നഖം താഴ്ത്തി
മുറിവുകളിൽ നിന്നുതിരും
ഉതിരവർ മോന്തി
ആടിത്തിമർക്കും തിമിർപ്പുകളിലെങ്ങെങ്ങു-
മാർത്തലക്കുന്നു മൃദുതാളം

സൂര്യൻ ഭൂമിക്കു നൽകിയ സുന്ദര വസ്ത്രമാണ് അവളണിഞ്ഞിരിക്കുന്ന ഹരിതാഭ- അതായത്, നിബിഡവനങ്ങളും, മഴക്കാടുകളും, കുറ്റിച്ചെടികളും, കറുകയും പുൽനാമ്പും ചേർന്നൊരുക്കുന്ന ഹരിതമൃദുകഞ്ചുകമാണ് ഭൂമിയുടെ വിവാഹവസ്ത്രം. അൽപംപോലും പരിഗണന കാട്ടാതെ മനുഷ്യൻ ആ വസ്ത്രമുരിയുന്നു. 'ഭൂമിയുടെ നഗ്നമേനിയിൽ നഖം താഴ്ത്തി അവിടെയുതിരുന്ന രുധിരം ആർത്തിയോടെ മോന്തുന്നു. യക്ഷിക്കഥകളിലെ രക്തരക്ഷസ്സായി അവതരിക്കുന്ന മനുഷ്യൻ. എത്ര മാത്രം ലാഘവത്തോടെയാണ് മനുഷ്യൻ മഴുവേന്തി മരം വെട്ടാനിറങ്ങിയിരുന്നത്! നാളുകൾ പിന്നിടുമ്പോൾ അവൻ കുറേക്കൂടി ക്രൂരനായി 'ഭൂമിയുടെ ശിരസ്സ് മുണ്ഡനം ചെയ്യുവാൻ യന്ത്രങ്ങളിറക്കി. ഞൊടിയിടയിൽ മരങ്ങളെ കടപുഴക്കി വീഴ്ത്തി, അറത്തും മുറിച്ചും 'ഒന്നാംതരം ഉരുപ്പടികളാക്കി' കീശ നിറയ്ക്കുകയാണവർ. ഫലമോ, മഴയില്ല, കുടിക്കാൻ ശുദ്ധജലമില്ല. പകരം ആഗോളതാപനവും ഓസോൺ പാളിയിലെ വിള്ളലും കാർബൺ എന്ന വിഷവാതകവും! നിശ്വാസവായുവിലെ മാലിന്യങ്ങളെ വലിച്ചെടുത്ത്, അവനുവേണ്ടി ശുദ്ധവായു ഒരുക്കുന്ന വൃക്ഷങ്ങളേയും, സ്വന്തം നിലനിൽപിനാധാരമായ വനങ്ങളേയും നശിപ്പിക്കുകയും വിപണികളിലവ വിറ്റുമോന്തുകയും ചെയ്യുന്ന മനുഷ്യനറിയുന്നില്ല ഇരിക്കുന്ന കൊമ്പാണ് താൻ മുറിക്കുന്നതെന്ന് .

### മലിനമാകുന്ന ഭൂമി

മാറി മറിയുന്ന ഋതുക്കളേയും ദുരന്തമുഖത്തെത്തി നിൽക്കുന്ന ഭൂമിയേയും അവതരിപ്പിക്കുന്ന ഒ.എൻ.വി., ''എന്റെ കവിത'' യിൽ പ്രതിപാദിക്കുന്നു:

ഇന്നു നാം ഉറങ്ങുന്നതുപോലും ഏറ്റവും വലിയ ദുരന്തസ്വപ്നം കണ്ടു കൊണ്ടാണ്. സർവംസഹപോലും സഹികെട്ടു നിൽക്കുന്ന സർവസം ഹാരാത്മകമായ പ്രവണതകൾ. ഒരു മരം വെട്ടി വീഴ്ത്തുന്നതിലും ഒരു ബോംബു പൊട്ടിക്കുന്നതിലും അതിന്റെ പേടിപ്പെടുത്തുന്ന മുഴക്കമുണ്ട്. ഒരു ശിശുവിനെ പട്ടിണിമരണത്തിലേക്ക് തള്ളി വീഴ്ത്തുമ്പോൾ, ഒരു കന്യകയുടെ വിലപ്പെട്ടതെല്ലാമപഹരിച്ച് അവളെ തെരുവിലേക്കെറിയു മ്പോൾ, ഒരു കൊച്ചുമൺകൂര അതിലുറങ്ങിക്കിടക്കുന്നവരെയടക്കം ചുട്ടെ രിക്കുമ്പോൾ, മതവിദ്വേഷത്തിന്റെ വിഷം തീണ്ടിയ ഒരു ജനപദമാകെ മരണത്തിനു വിരുന്നൊരുക്കുമ്പോൾ ഒരേ മഹാദുരന്തത്തിന്റെ വിത്തു കൾ പലവഴിക്കു പൊട്ടിത്തെറിച്ചു വീഴുക മാത്രമാണ്. ഈ ദുരന്തസ്വപ്നം കവിതയെയും ബാധിക്കാതെ വയ്യ!.

സംഹാരാത്മകമായ പ്രവണതകളിൽ സുപ്രധാനമായ പങ്കു വഹി ക്കുന്ന ഒന്നാണ് വായു, വെള്ളം, അന്തരീക്ഷം എന്നിവയെല്ലാം മലിനമാ ക്കുന്ന മനുഷ്യന്റെ പ്രവൃത്തികൾ കാലാവസ്ഥാവ്യതിയാനത്തിനും ആഗോളതാപനത്തിനും കാരണം മനുഷ്യന്റെ ക്രൂരതയാണെന്നും, അതു വഴി നമ്മുടെ ആവാസവ്യവസ്ഥയേയും വരുംതലമുറകളേയുമാണ് നശി പ്പിക്കുന്നത് എന്നും തിരിച്ചറിയാത്ത മനുഷ്യൻ വനപ്രദേശങ്ങളെ മരുഭൂ മിയാക്കുന്നു. അപൂർവ്വ ഇനം മൃഗങ്ങളേയും പക്ഷികളെയുംപോലും വേട്ട യാടിപ്പിടിച്ച് നശിപ്പിച്ചുകളയുന്നു. പാരിസ്ഥിതിക തത്വചിന്തകളിൽ സുപ്ര ധാനമായ ഒരാശയമാണ് – ഈ മണ്ണ് ആരുടേയും സ്വന്തമല്ലെന്നും വരുന്ന തലമുറകൾക്കുകൂടി വേണ്ടിക്കൂടി ഇത് മനോഹരമായി ബാക്കിവയ്ക്കു വാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നുവെന്നും. പതിനെട്ടാം നൂറ്റാണ്ടിന്റെ ആവേശമായ വ്യവസായ വിപ്ലവവും അതേ തുടർന്നുണ്ടായ യന്ത്രവത്ക്ക രണവും പ്രകൃതിക്കും പ്രപഞ്ചത്തിനുമേൽപ്പിച്ച ആഘാതം നിസാരമല്ല. "ഗുണമേന്മ " യുടെ വർണകടലാസിൽ പൊതിഞ്ഞ് അൽപം റൊട്ടിയും വെള്ളവും കൊടുത്ത് സാധാരണക്കാരന്റെ മനം മയക്കിയ കുത്തക മുത ലാളികളുടെ സ്ഥാനത്ത് ഇന്നും ബഹുരാഷ്ട്ര കമ്പനികൾ മനുഷ്യമന സ്സിൽ അധീശത്വം സ്ഥാപിക്കുന്നു. കാലത്തിനൊത്ത് മാറി ചിന്തിക്കു വാനും കുറച്ചുകൂടി 'നിലവാരമുള്ളവനാകുവാനും' നിർബന്ധിതരായ സാധാരണക്കാർ – കർഷകനും, ദൈനംദിന കൂലിവേലക്കാരനും അം

ബരചുംബികളായ ബഹുനില കെട്ടിടങ്ങൾ കണ്ട് അമ്പരന്നു നിന്നു. പിന്നിലായിപ്പോകാതിരിക്കാനുള്ള തത്രപ്പാടിലും നെട്ടോട്ടത്തിലും അവൻ വന്ന വഴികളും നിന്നയിടങ്ങളും മറന്നു. അങ്ങനെയാണവൻ സ്വാഭാവിക കൃഷികൾക്കും വിത്തുകൾക്കും വളങ്ങൾക്കും പകരം കൃത്രിമ മാർക്ഷങ്ങൾ അവലംബിച്ചത്. ഫലമോ, ക്യാൻസർ പോലുള്ള മാരകരോഗബാധിതമായ ഒരു തലമുറയെ ജനിപ്പിച്ചും വളർത്തിയും സ്വയം ശപിച്ചും ശാപമേറ്റുവാങ്ങിയുമീ മണ്ണിൽ ഇഴയുന്ന ജന്മങ്ങളാകുന്നു. കളനാശിനികളും കീടനാശിനികളും മാറ്റിവച്ച് ജൈവകൃഷിയും ജൈവവളങ്ങളും പ്രോത്സാഹിപ്പിക്കുന്ന സുസ്ഥിര വികസനത്തിലേക്കും പരിസ്ഥിതി സൗഹൃദ സംസ്കാരത്തിലേക്കും  നീങ്ങുവാൻ നിർബന്ധിക്കുന്ന വരികളാണ് ചരമഗീതത്തിലുടനീളമുള്ളത്.

ആടിമുകിൽമാല കുടിനീര് തിരയുന്നു
ആതിരകൾ കുളിരു തിരയുന്നു
ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു
ആറുകളൊഴുക്ക് തിരയുന്നു
സർഗലയതാളങ്ങൾ തെറ്റുന്നു,ജീവരഥ-
ചക്രങ്ങൾ ചാലിലുറയുന്നു!

കവിതയ്ക്കു മിഴിവേകുന്ന,  പുതിയ അർത്ഥതലങ്ങൾ വിരചിക്കുന്ന ഒരുപിടി വൈരുദ്ധ്യങ്ങളാൽ സമ്പന്നമാണീ വരികൾ. `ഭൂതലത്തെ നനച്ച് ഉണർവ്വേകുന്ന മഴമേഘങ്ങൾ ഒരൽപ്പം കുടിനീര് തിരയുന്ന, കുളിരിന്റെ മറുപേരായ ആതിരകൾ കുളിരു തിരയുന്ന, പൂക്കാലം പൂവ് തേടുന്ന, ജല സ്രോതസ്സുകൾ ജലത്തിനായി കേഴുന്ന വൈരുദ്ധ്യം. മറ്റൊരർത്ഥത്തിൽ ജീവതാളമൊന്നാകെ കീഴ്മേൽ മറിയുന്ന കലികാലം. ഇവിടെയൊരു തിരിഞ്ഞുനോട്ടം അനിവാര്യമാകുന്നു. മണൽ വാരിക്കോരി കുഴിച്ചെടുത്ത പുഴയും, പാറകൾ പൊട്ടിച്ചെടുത്ത ക്വാറികളും, ഇടിച്ചു നിരത്തിയ മലകളും, നികത്തിയെടുത്ത വയൽ ചതുപ്പുകളും തിരിച്ചു നടക്കുവാൻ നിർബന്ധിക്കുമ്പോൾ, ഈ ചരമഗീതത്തിന്റെ മാറ്റൊലി കേൾക്കാതിരിക്കാനാവില്ല. കവിയെ സംബന്ധിച്ചിടത്തോളം പ്രകൃതിയിൽ നിന്നും സഹചരനിൽ നിന്നും വേറിട്ടൊരു വികസന സാധ്യത സങ്കൽപ്പിക്കുവാൻ കഴിയുന്നില്ല. ഒരു വിഭാഗത്തിന്റെ സാമ്പത്തീക ചൂഷണവും

മേൽക്കോയ്മയും മറുവിഭാഗത്തിൽ വരുത്തുന്ന പാപ്പരത്തവും അടിമത്തവും കവിയെ അസ്വസ്ഥനാക്കുന്നുണ്ട്. സകലചരാചരങ്ങളും പരസ്പരബന്ധിതവും പൂരിതവുമാകുന്ന, അഥവാ അപ്രകാരമാകേണ്ട ഒരു നവയുഗമാണ് എക്കാലത്തേയും കവിയുടെ സ്വപ്നം. ജീവിതമാകുന്ന ഈ വലക്കണ്ണിയിൽ (Web of Life) ഏറ്റവും ദുർബലമെന്നു കല്പിതമാകുന്ന കണ്ണിയും പ്രധാനപ്പെട്ടതാകുന്നു. കാരണം, കണ്ണിയൊന്നു പൊട്ടിയാൽ വലയാകെ ദുർബലമാകും. അപ്രകാരം തന്നെ, മനുഷ്യനും, മൃഗങ്ങളും, പക്ഷിപറവകളും, ഷഡ്പദങ്ങളും, ഉരഗങ്ങളും, ജലജീവികളുമെല്ലാം - സകലചരാചരങ്ങളും ഒരുപോലെ പരസ്പരം ബന്ധിക്കപ്പെട്ടവരാണ്. ഒന്നിന് മറ്റൊന്നിനെക്കൂടാതെ നിലനിൽക്കാൻ കഴിയാത്ത അവസ്ഥ! അങ്ങനെയെങ്കിൽ വിശേഷ ബുദ്ധിയുള്ള മനുഷ്യൻ മാത്രം എന്തിനീ മേൽക്കോയ്മയും അധീശത്വഭാവവും പുലർത്തുന്നു? അഥവാ അവൻ വച്ചു പുലർത്തുന്ന താൻപോരിമ അവനെ കൊണ്ടുചെന്നെത്തിക്കുന്നത് ആത്മവിനാശത്തിന്റെ പടുകുഴിയിലായിരിക്കും? അതുകൊണ്ടുതന്നെയാവണം കവി പാടിയത്

ഉയിരറ്റ നിൻമുഖത്തെശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലയാരുമീ ഞാനും

കുറേക്കൂടി സ്വത്വബോധമുള്ളവരായി ജീവിക്കുവാൻ, 'ഭൂമി നമ്മുടെ പൊതുഭവനം' എന്ന വിശാലവീക്ഷണം സ്വന്തമാക്കുവാൻ ഒ.എൻ.വിയുടെ ചരമഗീതം അനുവാചകരെ ക്ഷണിക്കുന്നു. ഒട്ടനവധി ഭൗമദിനങ്ങളും ഉച്ചകോടികളും ആഘോഷങ്ങളായി അവശേഷിക്കുമ്പോഴും, ഭൂമിക്കൊരു തണൽ നടാൻ, ഭൂമിയൊരുക്കുന്ന വിഭവങ്ങളെ കരുതലോടെ ഉപയോഗിക്കാൻ, ഭൂമിയെ സ്വന്തമെന്നു കരുതാൻ കഴിയാത്തിടത്തോളം, ഈ വിലാപമീ മണ്ണിൽ മാറ്റൊലി കൊള്ളും, ഈ ചരമഗീതവും!

*********

# സുഗതകുമാരിയുടെ സ്ത്രീപർവ്വം - ഒരാസ്വാദന പാഠം

**ഡോ. ജയ്സിമോൾ അഗസ്റ്റിൻ**, അസിസ്റ്റന്റ് പ്രൊഫസർ,
അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി

**ജീ**വിതത്തിന്റെ വ്യഥിതമുഖങ്ങളെ കാല്പനിക കാവ്യഭംഗിയോടെ അവതരിപ്പിച്ച് മലയാളിയുടെ കാവ്യാസ്വാദനക്കടലിലെ മുത്തുച്ചിപ്പിയായി മാറിയ കവയിത്രിയാണ് സുഗതകുമാരി. ആത്മാനുഭൂതിയുടെ സ്വാഭാവിക പരിണാമമാണ് തന്റെ കവിതകളെന്ന് വിശേഷിപ്പിച്ചിട്ടുള്ള അവർ സ്വകീയാനുഭൂതികളെ വിഷാദാത്മകഭാവത്തിൽ അവതരിപ്പിച്ച് അനുവാചകഹൃദയങ്ങളിൽ ചലനമുണ്ടാക്കുന്നു. സ്ത്രൈണജീവിതത്തിന്റെ ഭാവസംത്രാസങ്ങളെ ആലേഖനം ചെയ്യുന്ന അനേകം വാങ്മയങ്ങൾ സുഗതകുമാരിയുടെ തൂലിക സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും സ്ത്രീവാദത്തിന്റെ ത്രീവമുഖമെല്ലാം സ്ത്രീസമത്വത്തിനും സ്ത്രീ വിമോചനത്തിനും വേണ്ടിയുള്ള നിലപാടുമുഖങ്ങളാണ് അവർ തന്റെ വരികളിൽ വരച്ചിടുന്നത്.

സ്ത്രൈണമോഹങ്ങളും കാമനകളും ജീവിതത്തിന്റെ യൗവനകാലങ്ങളോടെ അസ്ത പ്രഭമാകുന്നതിനെക്കുറിച്ചുള്ള വിങ്ങലുകൾ സുഗതകുമാരിയുടെ വരികളിൽ ദൃശ്യമാണ്.

സ്ത്രീജീവിതങ്ങൾ കടന്നുപോകുന്ന ദശാസന്ധികളെ ഒരു നാടകത്തിലെന്നവിധം അവതരിപ്പിക്കുന്ന സുഗതകുമാരിയുടെ കാവ്യവാങ്മയമാണ് സ്ത്രീപർവം എന്ന കാവ്യനാടകം. നാടകത്തിന്റെ തിരക്കഥയിലെന്നപോലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും പശ്ചാത്തലവുമെല്ലാം ഈ കാവ്യത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

ഒരു മഹാക്ഷേത്രത്തിന്റെ മുൻവശത്തെ വഴിയുടെയരികിൽ അടച്ചിട്ടിരിക്കുന്ന ഒരു പഴകി ജീർണ്ണിച്ച വീടിനെയാണ് കവിതയുടെ പശ്ചാത്തലമായി അവതരിപ്പിക്കുന്നത്. വാർദ്ധക്യത്തോട് അടുത്ത സ്ത്രീയും അവ്യക്തമുഖമുള്ള പുരുഷനുമാണ് നായികാനായകന്മാർ. സ്ത്രീ അവളുടെ സത്തയെയും സ്വത്വത്തെയും തിരിച്ചറിയാനുള്ള ശ്രമത്തിലാണ്. ഇരുപതു വർഷങ്ങൾക്കു മുമ്പ് താൻ ഉപേക്ഷിച്ചുപോയ സാന്ത്വനഗൃഹത്തിന്റെ ഗൃഹാതുര ഭാവങ്ങളിലേയ്ക്ക് സ്ത്രീയുടെ ഓർമ്മകൾ അവളെക്കൊണ്ടുപോകുന്നു. ഗൃഹാതുരതകളെ പുരുഷനെക്കാൾ അധികം ഓമനിക്കുന്നത് സ്ത്രീയാണല്ലോ.

തന്റെ ജീവിതത്തിന്റെ ഓരോ കാലവും തനിക്കെന്തായിരുന്നുവെന്ന് താൻ നേടിയതെന്തെന്നുമെല്ലാം സ്വപ്നത്തിലെന്നവിധം ഓർമ്മിച്ചെടുക്കുന്ന സ്ത്രീയുടെ ഹൃദയ വിഹ്വലതകളും സ്വപ്നത്തകർച്ചകളും അസ്ത സന്തോഷങ്ങളും അവതരിപ്പിക്കപ്പെടുന്നതുകൊണ്ട് ഈ കാവ്യത്തിന് സ്ത്രീപർവ്വം എന്ന നാമം അത്യന്തം ഉചിതമാണ്.

ഇരുപതുവർഷം നാമെന്തു ചെയ്തു.... ഈ ചോദ്യത്തിനുള്ള ഉത്തരം തിരയലായാലാണ് വാർദ്ധക്യത്തിലേയ്ക്കടുക്കുന്ന ആ സ്ത്രീ തന്റെ ഓർമ്മകളിലേയ്ക്കു മടങ്ങുന്നത്. അർത്ഥശൂന്യമായതും വ്യർത്ഥമായതുമായ നൂറുനൂറു പണികളാണ് താൻ ചെയ്തതെന്ന് അവൾ തന്റെ പുരുഷനെ അറിയിക്കുകയും ഓർമ്മിപ്പിക്കുകയുമാണ്. ഉണരുക, പാചകം ചെയ്യുക, തിന്നുക, പണിയുക, വീണ്ടുമുറങ്ങി വീഴുക, ഭർത്താവിന്റെ മക്കളെ പ്രസവിക്കുക, ആ മക്കളെ പോറ്റുക, അയാളെ പൂജിക്കുന്നതിൽ

ധന്യത കണ്ടെത്തുക, കലഹങ്ങളും ദുഖങ്ങളും ആഹ്ളാദങ്ങളും ഒഴിയാതെയെത്തുന്ന രോഗങ്ങളും ഭയങ്ങളും അവയ്ക്കിടയിലെ ചിരികളും സന്തോഷങ്ങളും ചതികളും കാണുക. ആസ്വദിക്കുകയോ അകന്നു നില്ക്കുകയോ ചെയ്യുക. ഇവയൊക്കെമൂലം തളിർത്തിടുമെന്നു കരുതിയ പ്രേമം മാത്രം വിളർത്തു മെലിയുക ഇതായിരുന്നു ഇരുപതുവർഷം കൊണ്ട് അവൾക്ക് ലഭിച്ചത്.

അവളുടെ വാക്കുകളിലൂടെ തെളിഞ്ഞുവന്ന ഓർമ്മകളെ ഭാരമായി ത്തോന്നിയ പുരുഷൻ മതിയാക്കാൻ ആവശ്യപ്പെട്ടെങ്കിലും താൻ കടന്നു പോയ വത്സരങ്ങളെ വിവരിക്കാതിരിക്കാൻ സ്ത്രീയ്ക്കു കഴിയുന്നില്ല. ഇരുപതുവർഷങ്ങൾക്കുശേഷം തന്റെ സാന്ത്വനഗൃഹത്തിലേയ്ക്കു തിരികെയെത്തുമ്പോൾ താൻ പിന്നിട്ട പകലിരവുകളെ ഓർമ്മയിൽ നിന്നും അവൾ ചികഞ്ഞെടുക്കുന്നു. തന്റെ ജീവിതത്തിലെ വസന്തങ്ങളെല്ലാം പൂക്കളെ ചുണയോടെ ആട്ടിത്തെളിച്ചെത്തിയ വനദേവിയുടെ കൂമ്പിയുടെ തോട്ടങ്ങളായിരുന്നുവെന്ന് അവൾ ഓർക്കുന്നു. വാനിലെ വാതായനത്തിനരികിൽ നിശ്ശബ്ദയും ദുഖിതയുമായി ആരെയോ പ്രതീക്ഷിച്ചും ധ്യാനിച്ചും നില്ക്കുന്ന സ്ത്രീയേപ്പോലെയായിരുന്നു അവൾ കണ്ട ഹേമന്തരാവുകളുടെ ഭാവം. എരിയുന്ന കണ്ണുള്ള അഗ്നിതുല്യഹൃദയയായ വേനലാകട്ടെ അവളെ നോക്കി പരിഹാസത്തിന്റെ ക്രൂരഹാസം മുഴക്കി.

വിങ്ങിക്കരഞ്ഞും ചിരിച്ചും ഭ്രാന്തിയെപ്പോലെ പിറുപിറുത്തും തെരുതെരെപ്പാട്ടുമായ് മുറ്റത്തു വന്നിരുന്ന വർഷകന്യകയോടായിരുന്നു അവൾക്ക് സഖിത്വമുണ്ടായിരുന്നത്. അവളെത്തുമ്പോഴായിരുന്നു താനും തന്റെ പ്രണയിതാവും ജനലഴികൾക്കടുത്ത് ഹർഷലോലമായി സല്ലാപമാർന്നു കഴിഞ്ഞിരുന്നതെന്നവൾ കൗതുകപൂർവ്വം ഓർക്കുന്നു. അങ്ങനെ മാറി മാറി വന്ന ഇരുപതു വത്സരങ്ങൾക്കു ശേഷമാണ് സാന്ത്വനത്തിന്റെ പുണ്യഭൂമിയുടെ ഓർമ്മകൾ തേടി സ്ത്രീ ഇപ്പോൾ തിരികെയെത്തിയത്.

വാനപ്രസ്ഥത്തിനിറങ്ങിയവർ, ഭജനചെയ്തു കഴിയാൻ തീരുമാനിച്ചവർ ക്ഷേത്രത്തിനു വെളിയിൽ നില്ക്കേണ്ടിവരല്ലെന്ന് അവ്യക്തമുഖമുള്ള പുരുഷൻ ഓർമ്മിപ്പിച്ചപ്പോൾ അവൾ പറഞ്ഞു... അവിടുന്നു പോകുക ഞാനീ മഹാക്ഷേത്രമകലെ നിന്നൊന്നു കണ്ടിടട്ടെ  താൻ മടങ്ങി വന്നിരിക്കുന്ന ഓർമ്മകളുടെ തറവാട്ടിൽ പഴയ പാവാടക്കാരിയായിമാറുവാൻ

കൊതിച്ച അവൾ തന്റെ സമകാല അവസ്ഥകളെ വാത്സല്യമേകിയ പഴയ ഓർമമകളോടായി പങ്കു വയ്ക്കുന്നു.

ഓർമ്മകളുറങ്ങുന്ന സാന്ത്വനഗൃഹത്തിന്റെ മുമ്പിൽ പുണ്യത്തിന്റെ മുമ്പിലെന്നപോലെ എത്തിച്ചേർന്ന സ്ത്രീഹൃദയം ഇരുപതുവത്സരങ്ങ ളിലൂടെ തനിയ്ക്കു നഷ്ടമായ വാത്സല്യാനുഭവങ്ങളെക്കിറിച്ചും താൻ തേടിയിട്ടും ലഭ്യമാകാത്ത യഥാർത്ഥ പ്രേമത്തെക്കുറിച്ചും പരിഭവപൂർവ്വം ഓർമ്മിക്കുന്നു. ജീവിതത്തിലെ ബഹളങ്ങളെല്ലാം അസ്തമിച്ചു. ശബ്ദ ങ്ങൾ നിറഞ്ഞ ഉത്സവകാലങ്ങൾ എല്ലാം കെട്ടടങ്ങി. ആളൊഴിയുമ്പോൾ അടികൊണ്ടു ചാവാറായെങ്കിലും ചാകുവാൻ തന്റെ മാളത്തിൽ ഇഴഞ്ഞെ ത്തുന്ന പാമ്പിനെപ്പോലെ ജീവിതോത്സവങ്ങൾക്കന്തിയിൽ തല താഴ്ത്തി താനും എത്തിയിരിക്കുകയാണ്, തന്റെ പുണ്യഗൃഹമായ മാളത്തിൽ. ചിറ കുകളറ്റുപോയെങ്കിലും തല ചായ്ച്ചു മരിക്കാനായി സ്വന്തം കൂടുതേടുന്ന പറവയെപ്പോലെയാണ് കണ്ണടയുവാൻ നേരമായപ്പോൾ അമ്മ വാത്സല്യ ങ്ങളെ പകർന്നു തന്ന തറവാടു തേടി താനെത്തിയതെന്നാണ് സ്ത്രീഹൃദയം മന്ത്രിക്കുന്നത്.

ബാല്യകൗമാരയൗവനങ്ങൾ തന്റെ ജീവിതത്തിന്റെ ആഘോഷങ്ങളു ടെയും അറിവുകളുടെയും സന്തോഷങ്ങളിൽ എങ്ങനെ അലിഞ്ഞു ചേർന്നിരുന്നുവെന്ന് സ്ത്രീപർവ്വത്തിലെ ആഖ്യാതാവ് ചിന്തിച്ചോർമ്മി പ്പിക്കുന്നു. താൻ എത്തിച്ചേർന്നിരിക്കുന്ന മഹാക്ഷേത്ര പരിസരവും തന്റെ സാന്ത്വനഗൃഹത്തിന്റെ ദർശനവും അവളെ അത്തരം ഓർമ്മകളിലേയ്ക്കു നയിക്കുന്നു.

ഓണക്കാലങ്ങളിൽ പൂക്കൾ തേടിയുള്ള തിരച്ചിൽ യാത്രകളിൽ അക്ക രെക്കുന്നിലും വയലിന്റെ വരമ്പിലും ആമ്പൽപ്പൊയ്കകളിലും കൂട്ടുകാ രുമൊത്ത് നക്ഷത്രം പോലെ നാണിച്ചു നില്ക്കുന്ന പലവിധ പൂക്കൾക്കായി തുമ്പിയെപ്പോലെ പാറിനടന്നു. കുടിപ്പള്ളിക്കൂടത്തിൽ കൂട്ടു കാർക്കൊപ്പം വായ്ത്താരിയിട്ട് ഗുണനപ്പട്ടികകളും സങ്കലന സംസ്ക്കാ രവും കാണാപ്പാഠം പഠിച്ചു. പള്ളിക്കുടം വിട്ടു പാഞ്ഞു തളർന്നെത്തുന്ന കുഞ്ഞിന് പട്ടിണി ഭക്ഷണമായി നല്കേണ്ടതോർത്ത് ഉള്ളിൽ തപിക്കുന്ന അമ്മ ഹൃദയത്തിന്റെ വാത്സല്യം അവളെ ചുറ്റി നിന്നു. കൂടെ കളിക്കു വാൻ കുട്ടികളുള്ളപ്പോൾ ഓളമിളക്കുന്ന, കുണുങ്ങുന്ന നദിയിലെ ചോല

യിൽ നീരാടാൻ അനുവാദമുണ്ടെങ്കിൽ, അമ്പലത്തിൽ തൊഴാൻ കൊണ്ടു പോകുമെങ്കിൽ ഏതു വിശപ്പും സാരമില്ലാത്തതായി ആ ബാല്യകാല ത്തിൽ കരുതി. പിന്നെ കുരുന്നു ചിറകുകൾ പൊങ്ങിപ്പറന്നു കൗമാരവും യൗവനവും വന്നു,

പേരുകേട്ട കലാലയത്തിൽ പഠനത്തിനുള്ള ദാഹവും കലാലയത്തോ ടുള്ള ആരാധനയും ഭയവും ഉള്ളിൽ നിറഞ്ഞു. വിഖ്യാതമായ കൃതിക ളിലൂടെ സാഹിത്യകാരൻമാരെ കണ്ടു. അവരുടെ രചനകളിലെ വരികൾ മനപ്പാഠമാക്കി ഉള്ളിൽ നിറച്ചു. അർത്ഥമോരാതെ പഠിച്ചവയും അർത്ഥമ റിഞ്ഞു പഠിച്ചവയും ജീവിതത്തിലെ അർത്ഥാന്തരങ്ങളായി മാറി. അശോ കവനിയിലെ സീതയെ ദയനീയതയോടെ കണ്ടു. പിന്നീടവൾക്കു സംഭ വിച്ച പരിത്യക്തതകളെ വിങ്ങുന്ന മനസ്സോടെ അറിഞ്ഞു. To be or not to be .... ആയിരിക്കാം അല്ലായിരിക്കാം.... അങ്ങനെയാകാം ആകാതിരി ക്കാം.... ഇങ്ങനെ പല നിർവചനങ്ങൾ, എന്നാൽ ആ കാലമാണ് യൗവ നത്തിന്റെ പുത്തൻ നിലാവു നിറഞ്ഞ വെളിച്ചം ഉള്ളിലും കണ്ണിലും നിറ ച്ചത്. അതു ഉള്ളിൽ നിറച്ച ചിരിയിളക്കങ്ങളെ ഒളിക്കാൻ കഴിയാതെ വന്ന പ്പോൾ യൗവനം സമ്മാനിച്ച പ്രേമചിന്തകളെ അറിയാതെ ആരാധനയുടെ ഭാവമാക്കി.

ഹൃദയത്തിന്റെ പ്രേമത്തിന്റെ കണ്ണുകൾ ജീവന്റെ സൂര്യനായി. രാഗ മോഹങ്ങളാൽ ഭൂമിയെപ്പോലെ ആ സൂര്യനെ പ്രണയിച്ചു തുടങ്ങി. ജീവ നിൽ രോമാഞ്ചമായി, പ്രാണനിൽ പരമാനന്ദമായി ആ പ്രേമത്തെ കരു തി. ഒരു ചെറിയ വാക്കു കേട്ടാൽപോലും പറന്നു പറന്നുയരാൻ മാത്രം പ്രേമം ഉച്ചമായിത്തീർന്നു. അപ്പോഴൊക്കെ ആന്തരഭാവത്തിലെവിടെയോ കേട്ടിരുന്നു പതുങ്ങിയ ഒച്ചയിലിങ്ങനെ ചിരിച്ചു പറന്നാർത്തു കളിക്കു മെൻ കിളിക്കുഞ്ഞേ പതുക്കെ - പതുക്കെ.. എന്ന്. എങ്കിലും അതു ശ്രദ്ധി ക്കാതെ പ്രേമത്തെ പൂജിക്കാൻ പൂജാമുറിയുണ്ടാക്കി, പ്രേമം നല്കിയവ നോടൊപ്പമായി.

യൗവനകാലത്തിന്റെ ആനന്ദാനുഭൂതിയായിരുന്ന പ്രേമത്തെ പൂജിച്ച് സ്ത്രീ വധുവായി, ജീവിതമാകുന്ന പുൽത്തകിടിയിലൂടെ, പുഷ്പസമൃ ദ്ധിയിലൂടെ, വയൽമേടുകളിലൂടെ പാടിത്തകർത്തു പറക്കുവാനാണ് അവൾ ആഗ്രഹിച്ചത്. സത്യവും ധർമ്മവും പ്രേമവും സൗന്ദര്യസത്തയും

നിന്റെ ദൈവമായിരിക്കട്ടെ എന്ന് ഗുരു ഉപദേശിച്ചിരുന്നു. നല്ല സ്ത്രീയായി തുടർന്നാൽ ആനന്ദമുണ്ടാകുമെന്ന് അമ്മ പറഞ്ഞു കൊടുത്തു. പഠന കാലങ്ങളിൽ ശകുന്തളയ്ക്ക് കണ്വൻ കൊടുത്ത ഗൃഹണീധർമ്മത്തിലുള്ള ഉപദേശം മനസ്സിൽ തെളിഞ്ഞു. ഭർത്തൃഗൃഹത്തിൽ സ്വസ്ഥയായി വാണി ല്ലെങ്കിൽ താനും ബാധയായി മാറാം എന്നതറിഞ്ഞു. വിവാഹനാളുക ളിൽ പ്രകൃതി ആശങ്കയോടെ പതുക്കെ പതുക്കെ എന്ന് ഉപദേശിച്ചിരുന്നു എങ്കിലും ആവേശമായിരുന്നു.

ജീവിതോത്സവങ്ങൾ ലഭ്യമാകും എന്ന പ്രതീക്ഷയോടെ സ്വന്തമല്ലാത്ത വീടുകൾ തുടച്ചു മിനുക്കി, മുഷിഞ്ഞ വസ്ത്രങ്ങൾ കഴുകിയുണക്കി, മക്ക ളെപ്പോറ്റി വളർത്തി, എത്രയോ പേർക്ക് വിശപ്പുമാറ്റാനായി ഭക്ഷണമൊ രുക്കി, പക്ഷേ സ്നേഹത്തിന്റെയും പ്രേമത്തിന്റെയും സങ്കല്പങ്ങൾ അക ന്നകന്നു പോകുന്ന റെയിൽപ്പാളങ്ങൾ പോലെയായി. ജീവിതത്തിന് ഉത്തരം കണ്ടെത്താൻ, പ്രാരാബ്ധങ്ങൾക്ക് കുറവുവരുത്താൻ ജോലി തേടിയലഞ്ഞ കാലങ്ങളിൽ ദൂരനഗരങ്ങളിലും കടലുകളും കാടുകളും താണ്ടിയുള്ള ഇടങ്ങളിലും അകന്നു പോയപ്പോൾ വാത്സല്യം ലഭിക്കേണ്ട തന്റെ കുഞ്ഞുങ്ങൾ കരഞ്ഞതുകൊണ്ട് ഉള്ളം പിടഞ്ഞു.

രോഗങ്ങൾ ഒഴിയാബാധപോലെയെത്തി, ആശുപത്രിയിലെ ഗന്ധങ്ങൾ, മരുന്നിന്റെ ചുവകൾ, യാന്ത്രികസ്പർശങ്ങൾ, നിർല്ലജ്ജങ്ങളായ കിടക്ക കളിൽ ശരീരത്തിലെ ആഴങ്ങൾ തിരയുന്ന സൂചികൾ, നോവു മായ്ക്കാത്ത മയക്കു മരുന്നുകൾ ഇങ്ങനെ ഇരുട്ടിന്റെ കറുത്ത മുഖം ചൂഴ്ന്നു നിന്നു. രോഗമുണ്ടെങ്കിലും നിറവിളക്കായ അന്ധയായി വീട്ടിൽ കഴിഞ്ഞു. പട്ടിണി വീട്ടിൽ സ്ഥിരമായി, വയറുന്തിയ കിടാങ്ങൾ ചുറ്റിലും കഴിയുന്നു. മാസ ത്തിലെ ദിനങ്ങൾ എങ്ങനെ തള്ളി നീക്കുമെന്നറിയാതെ കുഴങ്ങി. ജീവി തത്തിന്റെ ആനന്ദം കെടുത്തി, പ്രായം മുന്നോട്ടു പോവുന്നതറിയിച്ച് നര കൾ വന്നു തുടങ്ങി. ചിരികൾ കെട്ടു, പ്രേമത്തിന്റെ ഭാഗമായ കൂട്ടുകാ രൻ ഏതോ കൊടുംശാപം ലഭിച്ചതുപോലെ ശിലാരൂപിയായിത്തീർന്നു. ഒടുവിലൊരിക്കൽ പൂജാമുറിയിൽ ഇങ്ങനെയൊരശരീരി കേട്ടു എവിടെപ്പോയി നീ വച്ചു പൂജിച്ച സത്യമായ പ്രേമം.

ജീവിതമെന്നതു പരാജയമായിരുന്നു. പൂജയുടെ പാത്രം ശൂന്യമാകു മ്പോലെ പ്രേമം ശൂന്യമായി, അശ്രുപൂർണ്ണങ്ങളായിരുന്ന കണ്ണുകൾ ശൂന്യ

മായി – കണ്ണീർവറ്റി എങ്കിലും കാളീയമർദ്ദനത്തിൽ കണ്ണനോടു പറഞ്ഞതു പോലെ ഉള്ളിലെവിടെയോ അഹങ്കാരത്തിന്റെ കാളീയ പത്തികൾ പറഞ്ഞു, കുനിക്കുകില്ല ഞാൻ പത്തികൾ എന്ന്. പക്ഷേ ജീവിതം തന്നെ പരാജയത്തിന്റെ കയത്തിലേയ്ക്കു തന്നെയാഴ്ത്തി. ഷേക്സ്പിയറിന്റെ ഹാംലറ്റിൽ ഹാംലറ്റിന്റെ അമ്മയായ ജെത്രൂദ് മോഹിച്ചതും സ്വന്തമാക്കിയതും നഷ്ടമായതുപോലെ തന്റെ ജീവിതവും നഷ്ടങ്ങളിലേയ്ക്കായി മാറി.

പ്രേമത്തിന്റെ വശ്യശക്തിയാൽ ജീവിതത്തിലേയ്ക്കിറങ്ങിയ സ്ത്രീ, ഒടുവിൽ ഒരു കണ്ണാടിയിൽ തന്റെ മങ്ങിത്തളർന്ന മുഖത്തെ കാണുന്നു. കഷ്ടതകളുടെ അന്ത്യത്തിൽ രോഗിയായെങ്കിലും കർത്തവ്യങ്ങൾ മറക്കാൻ പാടില്ലല്ലോ. മക്കൾക്കു വളരാൻ സമയമായതിനാൽ തന്റെ പ്രേമത്തെ ജീവിതത്തിന്റെ കോണിൽ അവൾ ഒളിച്ചു വയ്ക്കുന്നു. കഴുകേണ്ട പാത്രങ്ങൾ, മുഷിഞ്ഞ വസ്ത്രങ്ങൾ,

പൊടി മാറ്റേണ്ട ജനലുകൾ, കിളിവായ്കളിൽ നല്കേണ്ട ഭക്ഷണങ്ങൾ ഇവയുടെ തിരക്കുകൾ മൂലം പ്രേമത്തിന്റെ പൂജാഗൃഹം ചേർത്തടച്ച്, ശൂന്യമായ കണ്ണുകൾ തുടച്ച് ചിരിുടെ മുഖപടം അവൾ അണിയുന്നു. വില്പനക്കാരനോട് അവൾ അന്വേഷിക്കുന്നതും മുഖം മൂടിയാണ്. ആഹ്ലാദസൗഭാഗ്യപൂർണ്ണയായ് വാഴുന്ന വീട്ടമ്മയുടെ മുഖം മൂടി അവൾ വാങ്ങിയണയുന്നു. കരൾ നൊന്തു പണിചെയ്തു വീഴുന്ന അവൾക്ക് ഉറക്കമരുന്ന് തോഴനാകുന്നു. എറിഞ്ഞുടയ്ക്കപ്പെട്ട സൗഹൃദബന്ധങ്ങൾ ഇനി തിരികെ ലഭിക്കാത്തതിനാൽ തന്റെ ലോകം തന്റെ വീടിനുള്ളിൽ അവൾ കുരുക്കിയിടുന്നു. തന്റെ സന്തോഷങ്ങൾ മക്കളെയാക്കാൻ ശ്രമിക്കുന്നു. അടുക്കളയുടെയുള്ളിലെ ഇരുട്ടത്തു അവൾ താനേയിരുന്നു കരയുന്നു. പ്രതീക്ഷയർപ്പിച്ച മക്കളും കൊച്ചുമക്കളും പിന്നീടകന്നു പോകുന്നു. ഒടുവിൽ കാലമിതു കലിയുഗമാണെന്നു തിരിച്ചറിയുന്നു. തന്റെ സുരക്ഷിതത്വം താൻ തന്നെ കണ്ടെത്തണം എന്നും തിരിച്ചറിയുന്നു. അതിനാണവൾ ആ മഹാക്ഷേത്രത്തിന്നരികിലേയ്ക്കെത്തിയത്. കണ്ണുകൾ തുടയുവാൻ കാലമായതിനാൽ അടികൊണ്ട പാമ്പിനെപ്പോലെ, ചിറകറ്റ കിളിയെപ്പോലെ തന്റെ സാന്ത്വനഗൃഹത്തിന്റെ അടുത്ത വാതിലിനു മുമ്പിലെത്തി തലചായ്ച്ചു നിന്നവൾ തേങ്ങുന്നു. ഈ മണ്ണിലമ്മേ തല ചായ്ച്ചു

ചാകുവാൻ ഞാനുമൊടുവിലെത്തി. മുല്ലപ്പൂപോലുള്ള ഇളം ചിരിയും വലിയ മനസ്സിലെ തെളിനിലാവുമായി  ഹരിനാമം ജപിച്ചിരുന്ന അമ്മ മാർ അവളുടെ ഓർമ്മകളിൽ നിറയുന്നു. ശാന്തിയ്ക്കു വേണ്ടിയുള്ള ആഗ്ര ഹവും വിട്ടുപോകാത്ത ജീവിത വ്യഗ്രതയും അവളുടെ ഉള്ളിൽ വടം വലി നടത്തുമ്പോൾ, അസഹ്യതയോടെ നാളെ ഒന്നില്ലെന്ന് അവൾ ഉള്ളിൽ പറഞ്ഞു. സർവ്വത്തെയും സംഹരിക്കുന്ന സർവ്വദുഖങ്ങൾക്കും പരിഹാരമേകുന്ന ശാന്തിമൂർത്തിയെ കണ്ട്, അങ്ങാരാണെന്ന് അവൾ ആരാഞ്ഞു. ഞാൻ കാലനാകുന്നു. (കാലോസ്മ്യഹം) എന്ന് ഉത്തരം കേട്ട് ആശ്വാസത്തോടെ കണ്ണടച്ചു.

ജീവിതത്തെക്കുറിച്ചുള്ള പുള്ളുവന്റെ പാട്ട് അർത്ഥവത്താകും പോലെ കണ്ണീരാൽ തിരിനനച്ച്, തിരി നീട്ടാൻ വിരൽ കരിച്ച് ഉള്ളിന്റെ മണിവിള ക്കിൽ അവൾ ഒളി തെളിഞ്ഞവളായി.

*********

# പാട്ടബാക്കിയുടെ രാഷ്ട്രീയം

**ഡോ.ബെന്നിച്ചൻ സ്കറിയ**, അസിസ്റ്റന്റ് പ്രൊഫസർ & റിസർച്ച് ഗൈഡ്,
പാവനാത്മാകോളേജ്, മുരിക്കാശ്ശേരി

**സം**ഗ്രഹം: **മലയാളത്തിലെ ആദ്യ രാഷ്ട്രീയ നാടകമായി അറിയപ്പെടുന്ന കെ.ദാമോദരന്റെ പാട്ടബാക്കി എന്ന നാടകത്തിന്റെ രചനാപശ്ചാത്തലവും ഉള്ളടക്കവും വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം. കേരളത്തിൽ ഒരു കാലഘട്ടത്തിൽ സമൂഹം നേരിട്ടിരുന്ന ഉച്ചനീചത്വങ്ങളുടേയും സാമൂഹ്യ നീതി നിഷേധത്തിന്റെയും നേർക്കാഴ്ചയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.**

**താക്കോൽ വാക്കുകൾ: രാഷ്ട്രീയ നാടകം, പാട്ടബാക്കി, സാമൂഹ്യവ്യവസ്ഥിതി, നാട്ടുഭാഷ.**

**മലയാളനാടക സാഹിത്യചരിത്രം:** കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന് കേരളവർമ്മ വലിയകോയി തമ്പുരാൻ 1882-ൽ

നടത്തിയ വിവർത്തനമാണ് മലയാളത്തിലെ ആദ്യ നാടകമായി പരിഗണിക്കുന്നത്. തുടർന്ന് വളരെയേറെ സംസ്കൃത നാടകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ തുടങ്ങി. മുൻഷി രാമക്കുറുപ്പിന്റെ 'ചക്കീചങ്കരം', സി.വി രാമൻപിള്ളയുടെ 'ചന്ദ്രമുഖിവിലാസം', തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ 'സുഭദ്രാധനഞ്ജയം', കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ 'എബ്രായക്കുട്ടി' എന്നിവയെല്ലാം ഇക്കാലത്തുണ്ടായ പ്രമുഖ രചനകളാണ്. 1930 കളോടെ മലയാള നാടകരംഗത്ത് പുതിയൊരു പ്രവണത ശക്തമാകാൻ തുടങ്ങി. സാമൂഹ്യ പരിവർത്തനത്തിനുള്ള ശക്തമായ ആയുധമായി നാടകത്തെ ഉപയോഗിക്കാമെന്ന തിരിച്ചറിവ് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. നമ്പൂതിരി സമുദായത്തിലെ ജീർണതകൾ തുറന്നുകാണിക്കുന്നതിനായി വി.ടി ഭട്ടതിരിപ്പാട് 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് ' എന്ന നാടകവും എം.അർ.ബിയുടെ 'മറക്കുടക്കുള്ളിലെ മഹാനരകം' എന്നിവ സാമുദായ പരിഷ്കരണത്തെ ലക്ഷ്യം വച്ചുള്ള നാടകങ്ങളായിരുന്നു. ഈ കാലഘട്ടത്തിലാണ് കെ. ദാമോദരൻ തന്റെ നാടകവുമായി ചരിത്രത്തിലേക്ക് കടന്നുവരുന്നത്. 1937 ലെ കാർഷിക സമരത്തിൽ അവതരിപ്പിക്കാൻ വേണ്ടി രചിക്കപ്പെട്ട നാടകമാണ് പാട്ടബാക്കി. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകമായി ഇതിനെ കണക്കാക്കുന്നു. ഒരു കാർഷിക സാമൂഹിക ജീവിത രീതിയിൽ വ്യാവസായിക വിപ്ലവം വരുത്തിയ മാറ്റങ്ങൾ പാട്ടബാക്കിയിൽ പ്രതിഫലിക്കുന്നു. കുടിയാന്റെ പാട്ടം എന്നും ബാക്കിയാവുന്ന ഒരു സാമൂഹ്യവ്യവസ്ഥയ്ക്കെതിരെയുള്ള തീവ്രപ്രതികരണമാണ് പാട്ടബാക്കി. പറമ്പിന്റേയും പാടത്തിന്റെയും മുതലാളിയുടെ ഹൃദയത്തിന്റെയും കനിവിനെ ആശ്രയിക്കുന്ന കുടിയാന്റെ നിസ്സഹായാവസ്ഥ തീവ്രമായി ആവിഷ്കരിക്കുന്ന രചനയാണ് കെ. ദാമോദരന്റെ പാട്ടബാക്കി.

കെ. ദാമോദരൻ : രാഷ്ട്രീയ ചിന്തകൻ, പത്രപ്രവർത്തകൻ, സാഹിത്യകാരൻ എന്നീ നിലകളിൽ പ്രസിദ്ധനാണ് കെ.ദാമോദരൻ. മലപ്പുറം ജില്ലയിലെ തിരൂരിൽ 1912 ൽ ജനിച്ച അദ്ദേഹം ഒരു കോൺഗ്രസ്സുകാരനായിട്ടാണ് തന്റെ രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. 'മുന്നോട്ട്' എന്ന വാർത്താപത്രത്തിന്റെയും 'നവയുഗം' ആഴ്ചപ്പതിപ്പിന്റെയും പത്രാധിപരായി അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ആദ്യരൂപമായ ജീവൽ സാഹിത്യപ്രസ്ഥാനം കേരളത്തിൽ

രൂപംകൊണ്ടപ്പോൾ അതിന്റെ മുൻനിര പ്രവർത്തകരിൽ ഒരാളായിരുന്നു കെ.ദാമോദരൻ. സാഹിത്യകാരൻ, പത്രപ്രവർത്തകൻ, എന്നീ നിലകളിലുള്ള ദാമോദരന്റെ ജീവിതം അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിന്റെ ഭാഗമായിരുന്നു. 'പാട്ടബാക്കി' , 'രക്തപാനം' എന്നീ സാമൂഹിക രാഷ്ട്രീയ നാടകങ്ങളും, കണ്ണുനീർ എന്ന ചെറുകഥാസമാ ഹാരവുമാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. ഭാരതീയ ചിന്ത, മനുഷ്യനും സമൂഹവും, ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾ, നാണ യപ്രശ്നം തുടങ്ങിയവ അദ്ദേഹത്തിന്റെ മറ്റു കൃതികളാണ്.

**പാട്ടബാക്കിയുടെ രചനാപശ്ചാത്തലം:** 1930 നു ശേഷം ദേശീയ സമരം പുതിയ ദിശയിലേക്ക് മാറാൻ തുടങ്ങി. 1930 കളുടെ അവസാ നത്തോടെ സമൂഹത്തിൽ സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രസക്തി കൂടുതലവാൻ തുടങ്ങി. ഇതിന്റെ ഫലമായി രൂപംകൊണ്ടതായിരുന്നു കർഷകപ്രസ്ഥാനം. ജന്മിയും കുടിയാനും തമ്മിലുള്ള സംഘർഷത്തിന് മൂർച്ചകൂട്ടുന്നതിനായി 1937 ലെ പൊന്നാനി കർഷകസമരത്തിൽ അവതരിപ്പിക്കാനായിട്ടാണ് കെ. ദാമോദരൻ 'പാട്ടബാക്കി' രചിച്ചത്. 1938 ൽ പുസ്തകമായി പ്രസിദ്ധീകരിച്ച ഈ കൃതിയാണ് മലയാളത്തിലെ ആദ്യ രാഷ്ട്രീയ നാടകം. ഈ നാടകം ഒരു രാഷ്ട്രീയ പ്രശ്നമായി കേരളചരിത്രത്തിൽ തന്നെ മാറുകയുണ്ടായി. നിലവിലുള്ള സാമൂഹ്യ ഘടന തൊഴിലാളിക്ക് മനുഷ്യോചിതമായ പരിഗണന നൽകിയിരുന്നില്ല. മുതലാളിമാരുടെ താൽപര്യങ്ങൾക്കാണ് സമൂഹത്തിൽ പ്രഥമസ്ഥാനം നൽകിയിരുന്നത്. സാമൂഹിക പരിഗണനകളും സംരക്ഷണങ്ങളും ലഭി ക്കാത്ത തൊഴിലാളിയുടെ ജീവിതം എന്നും ദാരിദ്രത്തിലും യാതന കളിലുമായിരുന്നു. ദാരിദ്രവും യാതനകളും അവരെ മനുഷ്യാന്തസ്സിൽ നിന്നു പോലും ഭ്രഷ്ടരാക്കി. തങ്ങളുടെ മനുഷ്യാന്തസ്സിനെ തിരികെ പിടിക്കണമെങ്കിൽ നിലവിലുള്ള സാമൂഹ്യവ്യവസ്ഥയ്ക്കെതിരെ പോരാടണം എന്ന തിരിച്ചറിവിലേക്കാണ് ഈ നാടകം വിരൽ ചൂണ്ടു ന്നത്. തങ്ങളെ എന്നും അടിമകളാക്കി ചൂഷണം ചെയ്യുന്ന ഫ്യൂഡൽ മുതലാളിത്ത ശക്തികൾക്കെതിരെ പോരാട്ടത്തിനുള്ള ആഹ്വാനവു മായാണ് ഈ നാടകം അവസാനിക്കുന്നത്.

## പാട്ടബാക്കി

14 ചെറിയ രംഗങ്ങളിലൂടെയാണ് നാടകം പൂർത്തിയാകുന്നത്. കിട്ടുണ്ണി എന്ന സാധാരണ കർഷക തൊഴിലാളിയുടെ കുടുംബത്തെ നാടകം ആഖ്യാന കേന്ദ്രമാക്കിയിരിക്കുന്നു. അയാളുടെ അമ്മ, സഹോദരി, കുഞ്ഞനിയൻ എന്നിവരടങ്ങുന്ന ഈ കുടുംബം കടുത്ത ദാരിദ്രത്തിലാണ്. കിട്ടുണ്ണിയുടെ ശമ്പളം കടം വീട്ടാൻപോലും തികയുന്നില്ല. കടക്കാർ അയാളെ മാറിമാറി ശല്യംചെയ്തുകൊണ്ടിരിക്കുന്നു. സ്വന്തമായി സ്ഥലമില്ലാതിരുന്ന ആ കുടുംബം ജന്മിയുടെ പറമ്പ് പാട്ടത്തിനെടുത്ത് കൃഷിചെയ്യാൻ ആരംഭിക്കുന്നു. കൃഷിചെയ്തു കിട്ടുന്നത് മുക്കാലും മനയിലെത്തിച്ചിട്ടും അവർക്ക് പാട്ടബാക്കി തീർക്കാൻ കഴിയുന്നില്ല. മനയിലെ കാര്യസ്ഥൻ ഇതുചൊല്ലി നിത്യവും അവരോട് വഴക്കിടുന്ന കഥാപശ്ചാത്തലത്തോടെയാണ് നാടകം അരങ്ങേറുന്നത്. പലവാതിലുകളിലും യാചനയുമായി അയാൾ മുട്ടിയെങ്കിലും ഒന്നും തുറന്നു കിട്ടിയില്ല. നിവൃത്തികേടിന്റെ ദയനീയ പതനത്തിലാണ് അയാൾ കുറച്ച് അരി മോഷ്ടിക്കാൻ ശ്രമിച്ചത്. കിട്ടുണ്ണി ജയിലിലായതോടെ നിസ്സഹായമായ കുടുംബത്തെ കൂടുതൽ ശല്യപ്പെടുത്താൻ ജന്മിയുടെ കിങ്കരന്മാർ ശ്രമിക്കുന്നു. അയാളുടെ സഹോദരി കുഞ്ഞിമാളുവിന്റെ മാനം കവരാൻ ശ്രമിക്കുന്ന കാര്യസ്ഥനെ ചൂലുകൊണ്ടടിച്ചു അവൾ പ്രതികരിക്കുന്നു. തൽഫലമായി കുടിലിൽ നിന്ന് കുടിയിറക്കപ്പെട്ട് വഴിയിൽ കിടന്നു മരിക്കുന്ന അമ്മയുടെ അന്ത്യവാക്കുകേട്ട് കുഞ്ഞനുജനെ പോറ്റുന്നതിനായി അവൾ വ്യഭിചാരവൃത്തി സ്വീകരിക്കുന്നു. ജയിൽ മോചിതനായ കിട്ടുണ്ണി ഈ വാർത്തയറിഞ്ഞ് പെങ്ങളെ സഹോദരി എന്നു വിളിക്കാൻ പോലും അറയ്ക്കുന്നു. ജേഷ്ഠൻ മോഷ്ടാവായിത്തീർന്നതും താൻ വേശ്യയായി മാറിയതും കുടുംബത്തെ രക്ഷിക്കാൻവേണ്ടി ആയിരുന്നില്ലേ എന്ന് കുഞ്ഞിമാളു ചോദിക്കുന്നു. അനീതിയിലധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥകളുടെ ഇരകളാണ് തങ്ങളെന്ന തിരിച്ചറിവ് കിട്ടുണ്ണിക്ക് ഉണ്ടാകുന്നു. അതുകൊണ്ട് തന്നെ ഒരു പുതിയ സമൂഹസൃഷ്ടിക്കുവേണ്ടി പരോക്ഷമായി ആഹ്യാനം ചെയ്തുകൊണ്ടാണ് ഈ നാടകം അവസാനിക്കുന്നത്.

## പാട്ടബാക്കി വിലയിരുത്തുമ്പോൾ:

കഥാ ഘടനയുടെ ലാളിത്യവും ഉള്ളടക്കത്തിന്റെ സത്യാവസ്ഥയും പാട്ടബാക്കിയെ ഏറ്റവും വിജയകരമായ രാഷ്ട്രീയ നാടകമാക്കി തീർത്തിരിക്കുന്നു. നാടകത്തിന്റെ കലാപരമായ വൈശിഷ്ട്യത്തെക്കാൾ അതിലവതരിപ്പിച്ചിരിക്കുന്ന സാമൂഹിക പ്രശ്നത്തിന്റെ തീക്ഷ്ണതയാണ് പത്തും പന്ത്രണ്ടും മൈൽ നടന്ന് ഈ നാടകം കാണാൻ കർഷക സമൂഹം കൂട്ടമായി എത്തിയതിന് കാരണം. കർഷക പ്രസ്ഥാനങ്ങളി ലൂടെ മാത്രമേ കർഷകന് രക്ഷപെടാൻ സാധിക്കൂ എന്ന തിരിച്ചറിവ് നൽകാൻ ഈ നാടകം സഹായിക്കുന്നു. കിട്ടുണ്ണിയുടെ കുടുംബത്തിന്റെ ദുരന്തത്തിന് കൂടുതൽ വൈകാരിക ശോഭ നൽകി അവതരിപ്പിച്ച് ഒരു ദുരന്ത നാടകാനുഭൂതി പകർന്നുനൽകാൻ നാടകകൃത്ത് പരിശ്രമി ക്കുന്നില്ല. നാടകത്തിലെ നായക കഥാപാത്രമായ കിട്ടുണ്ണിയേയും കുഞ്ഞിമാളുവിനേയും അമിതമായി ആദർശവത്കരിക്കാൻ നാടകകൃത്ത് തയ്യാറായിട്ടില്ല. സാഹചര്യങ്ങളുടെ സമ്മർദത്തിനൊത്ത് പ്രവർത്തി ച്ചുപോകുന്ന സാധാരണക്കാരന്റെ യാഥാർത്ഥ്യമാണ് കഥാപാത്ര സൃഷ്ടിയിൽ കെ.ദാമോദരൻ പുലർത്തുന്നത്. പ്രതിപാങ്കം ഭാഷണഭേദം എന്ന സാമാന്യ തത്ത്വം നാടകത്തിലെ സംഭാഷണത്തിൽ നാടകക്കാരൻ ദീക്ഷിച്ചിട്ടുണ്ട്. വടക്കേമലബാറിലെ നാട്ടുഭാഷയുടെ ശക്തിയും ചൈതന്യവും കഥാപാത്രഭാഷണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കഥാ പാത്രങ്ങളുടെ വൈകാരിക സ്തോഭങ്ങളെ പ്രകാശിപ്പിക്കാൻ സംഭാ ഷണങ്ങൾ സഹായിച്ചിരിക്കുന്നു. രാഷ്ട്രീയ നാടകമെന്ന് ചരിത്രകാ രന്മാർ വിശേഷിപ്പിക്കുമ്പോഴും ഒരു നല്ല നാടകത്തിനുവേണ്ട എല്ലാ സവിശേഷതകളും നിലനിർത്താൻ പരിശ്രമിച്ചുഎന്നതാണ് ഈ നാടകത്തിന്റെ വിജയരഹസ്യം.

*********

# വായില്യാക്കുന്നിലപ്പൻ - വാക്കുനഷ്ടപ്പെട്ടവരുടെ ഭരദേവത

**രമ്യാമോൾ. ജി**, ഗവേഷക വിദ്യാർത്ഥി, ഗവ.കോളേജ് കട്ടപ്പന

ഒരു പ്രസ്ഥാനത്തിന്റെയും ചുവടുകൾ പിന്തുടരാതെ, സ്വതന്ത്രമായ രചനാ വൈദഗ്ധ്യത്താൽ എഴുത്തിന്റെ അപരിചിതതലം മലയാളസാഹിത്യത്തിനു പരിചയപ്പെടുത്തിയ സാഹിത്യകാരനാണ് എം. നന്ദകുമാർ. അദ്ദേഹത്തിന്റെ ഓരോ രചനയും നിരന്തരന്വേഷണത്തിന്റെയും ഭാവുകത്വപരീക്ഷണത്തിന്റെയുമാണ്. പ്രമേയത്തിലും ആഖ്യാനത്തിലും പുലർത്തുന്ന സമാഗ്രത നന്ദകുമാർ കഥകൾക്ക് ഒരു സർവ്വവ്യാപിത്വം കല്പിക്കുന്നുണ്ട്.

"നന്ദകുമാറിൽ എഴുത്തുകാരനും കഥയും ഒറ്റക്കെട്ടായി ഔട്ട് സൈഡർ - പുറവാസി - ആണ്. മലയാള കഥയുടെയും മലയാളി സ്വഭാവങ്ങളുടെയും എല്ലാ അംഗീകൃത വ്യാപാരങ്ങൾക്കും പുറത്താണ് നന്ദകുമാറിന്റെ

കഥ നിലയുറപ്പിക്കുന്നത്. പാരമ്പര്യത്തിനു മാത്രമല്ല അംഗീകൃത ആധുനികതയ്ക്കും അപ്പുറത്താണ് നന്ദകുമാറിന്റെ എഴുത്ത്. അതിന്റെ അന്തർലീനശക്തികൾ എളുപ്പത്തിൽ മെരുങ്ങുന്നവയല്ല. അതാണ് പുറവാസിയായ എഴുത്തിന്റെ ശക്തി. എല്ലാ എഴുത്തുകാരും ബാഹ്യമായി പുറവാസികളായിക്കൊള്ളണമെന്നില്ല. പക്ഷേ, സൃഷ്ടിയുടെ നിമിഷത്തിൽ അവൻ പുറവാസിയായിത്തീരുമ്പോൾ എഴുത്തിന്റെ ആത്മാവിന് കലാപത്തിന്റെ ആശീർവാദം ലഭിക്കുന്നു" എന്ന സക്കറിയയുടെ അഭിപ്രായം ശരിവെയ്ക്കുന്നതാണ് നന്ദകുമാറിന്റെ എഴുത്തുകൾ. നന്ദകുമാറിനെ സംബന്ധിച്ചിടത്തോളം ഓരോ സൃഷ്ടിയും വർത്തമാനകാലസമസ്യകളോടുള്ള കലാപം തന്നെയായിരുന്നു. എഴുത്ത് ഒരു ഉത്തരവാദിത്വമാണെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്.

വർണ്ണാവർണ്ണ ഭേദങ്ങളിൽ കെട്ടിപ്പെടുത്ത സാമൂഹിക - രാഷ്ട്രീയ വ്യവസ്ഥിതിയോടുള്ള ശക്തമായ എതിർപ്പാണ് എം. നന്ദകുമാറിന്റെ 'വായില്യാക്കുന്നിലപ്പൻ' എന്ന കഥ. ജാതി ഇല്ലായ്മയെ കൊട്ടിഘോഷിക്കുമ്പോൾ തന്നെ പരോക്ഷ മേലാള - കീഴാള ബന്ധങ്ങൾ സമൂഹത്തിന്റെ ശക്തമായ അന്തർധാരയായി വർത്തമാനകാലത്തിലും സ്ഥിതി ചെയ്യുന്നുവെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. വർത്തമാനകാലത്തിൽ മാത്രമല്ല ഭൂതകാലത്തിലും ജാതീയതയുടെ കൊടിയ ക്രൂരതകൾ അരങ്ങേറിയിരുന്നു. പറയിപെറ്റ പന്തിരുകുലം എന്ന ഐതീഹ്യകഥയെ യാഥാർത്ഥ്യവുമായി ബന്ധിപ്പിച്ചുകൊണ്ട് നൂറ്റാണ്ടുകളായി തുടർന്നുവരുന്ന ജാതീയതയുടെ നിരർത്ഥകതയെ ശക്തമായി ചോദ്യം ചെയ്യുകയാണ് കഥാകൃത്ത്.

ചരിത്രം, ഐതിഹ്യം, വർത്തമാനകാലം, സമൂഹം, ജാതിയത, രാഷ്ട്രീയം എന്നിങ്ങനെ കൂടിക്കലരുന്ന ആഖ്യാനശൈലി എഴുത്തിലും വായനയിലും ഒരു മാന്ത്രികത നിറയ്ക്കുന്നുണ്ട്. രണ്ടു കാലഘട്ടങ്ങളുടെ പ്രതിനിധിയായി കടന്നുവരുന്ന വരരുചിയും നാരായണ ഗുപ്തനും ജാതിപാരമ്പര്യത്തിന്റെ ശക്തമായ വക്താക്കളാണ്. ജാതിയുടെ പേരിൽ നടത്തിയ കൊള്ളരുതായ്മകളുടെ പാപം വംശപരമ്പരയിലേക്ക് നീളുന്നുവെന്ന് വായില്യാക്കുന്നിലപ്പൻ, അച്യുതൻ കുട്ടി എന്നിവരിലൂടെ കഥാകൃത്തവതരിപ്പിക്കുന്നു.

ജനപദരാഷ്ട്രീയം എന്ന പേരുകേട്ട മൗര്യവംശകാലത്തുപോലും ചാതുർവർണ്യവ്യവസ്ഥയുടെ നീചമായ പ്രവൃത്തികൾ നിലനിന്നിരുന്നു വെന്ന് വരരുചിയിലൂടെ അവതരിപ്പിക്കുന്നു. രാമായണത്തിലെ ഏറ്റവും ഉത്തമശ്ലോകമേതെന്നന്വേഷിച്ചിറങ്ങിയ വരരുചിയ്ക്ക് മാം വിദ്ധി എന്ന വനദേവതമാരുടെ ഉത്തരത്തോടൊപ്പം ഒരു പറയ പെൺകുട്ടിയെ വിവാഹം കഴിക്കേണ്ടി വരുമെന്ന അറിവും ലഭിക്കുന്നു. രാജാവിനെ നുണ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് പറയകുഞ്ഞിനെ കൊല്ലാൻ പ്രേരിപ്പിക്കുന്നതും നെറുകയിൽ പന്തംകുത്തി ആറ്റിൽ ഒഴുക്കി വിടാൻ പ്രേരിപ്പിക്കുന്നതും വരരുചിയുടെ ബ്രാഹ്മണ കൂർമ്മ ബുദ്ധിയാണ്. ഇതേ ജാതി ചിന്ത മറ്റൊരു സന്ദർഭത്തിലും വരരുചിയിൽ പ്രകടമാകുന്നുണ്ട്. പല്ലി വീണ് വെന്ത ലിഞ്ഞ മലിനമായ പായസം ശുദ്രർക്കു വിളമ്പാം എന്ന് കല്പിക്കുന്ന വരരുചി ന്യായീകരണത്തിനായി അർത്ഥശാസ്ത്രത്തെ കൂട്ടുപിടിക്കുന്നു. മലിനമായത് താഴേക്കിടയിലുള്ളവർക്ക് എന്ന ചിന്ത ജാതി മേൽക്കോയ്മയുടെ അനുസരിപ്പിക്കലിന്റേതാണ്. അർത്ഥശാസ്ത്രമാകട്ടെ വർണ്ണ വ്യവസ്ഥയെ അംഗീകരിച്ചിരുന്ന കാലത്തിന്റെ സൃഷ്ടിയാണ്. അധികാരിവർഗ്ഗങ്ങൾക്കു വേണ്ടി എഴുതപ്പെട്ട ഗ്രന്ഥം. അതിലെവിടെയാണ് ദലിതർക്കു സ്ഥാനമുണ്ടാവുക.

അർത്ഥശാസ്ത്രം പോലുള്ള ഗ്രന്ഥങ്ങളെ കൂട്ടുപിടിച്ച് തെറ്റ് ന്യായീകരിക്കാൻ ബോധമനസിന് കഴിഞ്ഞാലും അബോധമനസിൽ ചില സംഘർഷങ്ങൾക്കിടയാക്കും. വരരുചിയുടെ അബോധമനസിൽ നരക പാതാളം തെളിഞ്ഞു. വളർന്ന കാഞ്ഞിരത്തിന്റെ പൊത്തിലിരുന്ന് മരപ്പല്ലി ചിലച്ചു "പാപം കൊടും പാപം അനുഭവിക്കാതെ പോകില്ല, മരണാനന്തരം നിന്നെ ഈ കാഞ്ഞിരത്തിൽ ചങ്ങലക്കിടും. പല്ലികളെ പച്ചയ്ക്കു തിന്ന് മറുലോകത്ത് പുലരാനാണ് നിനക്കു വിധി".

വരരുചി ഞെട്ടിയുണർന്നു : "പ്രതിവിധിയില്ലേ ?"

"ഇല്ല. നീ പറച്ചിയെ വേൾക്കും. അവൾ ഭ്രാന്തനെയും ഊമയെയും ഉപ്പ് തിന്നുന്നവനെയും മുറം കുത്തുന്നവനെയും പെറും. അവരുടെ വംശം പെരുകും. വംശത്തിലൂടെ നിന്റെ പാപം പെരുകും."

ഈ പ്രതിവിധിയില്ലാത്ത ശാപഫലമാണ് പറച്ചിയെ വിവാഹം കഴി ക്കേണ്ടിവന്നതും പലജാതിയുൾക്കൊള്ളുന്ന പന്തിരുകുലത്തിന്റെ പിതൃസ്ഥാനം വഹിക്കേണ്ടിവന്നതും. വിധിയെ തിരുത്താൻ ബ്രാഹ്മണ്യം കൊണ്ടാകില്ല എന്ന ചിന്ത ജാതിമേലാളന്മാർക്കുള്ള പ്രഹരമായിരുന്നു. തന്റെ ഭാര്യ ആ പഴയ പറയ പെൺകൊടി ആണെന്നറിഞ്ഞ നിമിഷം സന്തോഷകരമായ കുടുംബജീവിതം വെടിഞ്ഞ് ദേശാടനം തെരഞ്ഞെ ടുക്കുന്നു. പാലയനത്തിന്റെ പന്ത്രണ്ട് വർഷങ്ങളിലായി നൽകിയ വംശ പരമ്പരയെ "വാകീറിയ ദൈവം ഇരയും നൽകും, വാ കീറാത്തവന് ഇരയും വേണ്ട" എന്നീ യുക്തികൾ നിരത്തി ഉപേക്ഷിക്കുന്നതിലും ജാതീ യതയുടെ ഉന്നത - അധമ ബോധം തന്നെയായിരുന്നു വരരുചിയിൽ നിലനിന്നിരുന്നത്.

ഇതേപോലെ പിതാവായ നാരായണഗുപ്തന്റെ വംശപാപത്തിന്റെ വർത്തമാനകാല തുടർച്ചയുടെ സന്തതിയാണ് അച്യുതൻകുട്ടി.

"നാരായണഗുപ്തനു പലചരക്കു കടയായിരുന്നു. വായില്ല്യംകുന്നിലെ ഹരിജൻ കോളനിയുടെ ഹീനമായ കുടലുകളിൽ നാരായണഗുപ്തന്റെ അരിയും പരിപ്പും എണ്ണയും ദഹിക്കാതെ കിടന്നു. അരിയിൽ പൊടിച്ച വെള്ളാരങ്കല്ല് ; തുവരപ്പരിപ്പിൽ കേസരിപ്പരിപ്പ് ; വെളിച്ചെണ്ണയിൽ റബ്ബർക്കുരുവിന്റെ എണ്ണ ; കൊത്തമ്പാലയിൽ ഊരകക്കായ ; മഞ്ഞളിൽ മഞ്ഞക്കാവി ; മുളകുപൊടിയിൽ ചെങ്കൽപ്പൊടി."

"ഹരിജൻ കോളനിയിലെ കുട്ടികളുടെ കറുത്ത കോശങ്ങൾ ചീർത്തു സമ്പുഷ്ടമായി. പല്ലുകൾ മഞ്ഞച്ചു സ്വർണ്ണപ്പല്ലുകളായി. മോണകൾ പഴു ത്തു. സ്വർണ്ണപ്പല്ലുകൾ കൊഴിഞ്ഞു. കഴുത്തിലെ പേശികൾ സിമന്റ് പോലെ ഉറച്ചു. സ്വനഗ്രന്ഥി പൊട്ടി കരച്ചിൽ നഷ്ടപ്പെട്ടു. കുട്ടികൾ ഒന്നൊ ന്നായി ചത്തടിഞ്ഞു. വായില്ല്യംകുന്നിൽ ഹരിജനു വംശനാശം സംഭവി ച്ചു." കൊന്നത് ഉന്നതനും മരിച്ചത് ഹരിജനുമായാൽ അതൊരു പ്രശ്ന മാവില്ല. അധികാരവും പണവും ഉന്നത ജാതിയുമാണെങ്കിൽ എതിർക്കാൻ ആരുമുണ്ടാകില്ല; എല്ലാം കാൽക്കീഴിൽ നിൽക്കും. അവിടെ അന്വേഷ ണമോ ശിക്ഷാവിധികളോ ഇല്ല. പകരം രക്ഷപ്പെടാനുള്ള പഴുതുകൾ സൃഷ്ടിക്കുന്നു. ദേശാടനം എന്ന പഴുതിലൂടെ നാരായണഗുപ്തൻ രക്ഷ പ്പെടുന്നു. പാപഫലം അച്യുതൻകുട്ടിയിലും. "24-ാം വയസിൽ ഊമ

യാകും" എന്ന ശിക്ഷയിൽ നിന്ന് രക്ഷപെടാനായി പൂജകളും പ്രതിവിധികളും ചെയ്തു. എന്നാൽ ഓലക്കെട്ടിൽ നിന്ന് തനിക്കുള്ള പ്രതിവിധി കണ്ടെത്താനാകാതെ നിശബ്ദനായി കീഴടങ്ങുന്നു. അച്ഛൻ പോയതോടെ അമ്മയും പുതുവഴികൾ തേടി. അനാഥരായി അച്യുതൻകുട്ടി; പറയി പെറ്റ പന്ത്രണ്ടു മക്കളും. പന്ത്രണ്ടു ജാതികളുടെ വംശപരമ്പര സൃഷ്ടിച്ചു ഇര തേടി. അച്യുതൻകുട്ടി ട്യൂട്ടോറിയൽ കോളേജിൽ ഇര തേടി. എന്നാൽ മഞ്ജരിയുടെ ലക്ഷണം പോലും ശ്ലഥമായപ്പോൾ; സ്മൃതിനാശം സംഭവിച്ചപ്പോൾ അധ്യാപകവൃത്തി അവസാനിപ്പിച്ചു പൊതുയിടങ്ങൾ, ബസുകൾ, സുഹൃത്തുക്കൾ, വായനശാല, ചർച്ചാവേദികൾ, കമ്മിറ്റി, പ്രണയം എല്ലാത്തിൽ നിന്നുമകമഴിഞ്ഞു മാറി നിശബ്ദതയിൽ അഭയം തേടി. "വാക്ക് അവനിൽ നിന്നു വാങ്ങി നിന്നു". വാക് നഷ്ടം സ്വത്വനഷ്ടത്തെ സൂചിപ്പിക്കുന്നു. നന്ദകുമാറിന്റെ എസ്കിമോ എന്ന കഥയിലും വാക്ക് എന്ന സങ്കല്പത്തിന്റെ ഭിന്നാവിഷ്കാരം പ്രകടമാണ്. "ഉച്ചരിച്ച വാക്കുകൾ ഞാൻ തള്ളിപ്പറയുന്നു. അവ പ്രസക്തമല്ല". വാക്കിനെ തള്ളിപ്പറയുന്നവനും വാക്കു നഷ്ടപ്പെട്ടവനും സ്വത്വസംഘർഷമനുഭവിക്കുന്നവർ തന്നെ. തന്റെ മൗനത്തിനു മുകളിൽ പിതാവു ചെയ്ത പാപത്തിന്റെ ഫലം പ്രതിഷേധത്തിന്റെ വാക്കുകളും വിരലുകളുമായി അവനു ചുറ്റും നിരന്നു. വാക്കുകളെ അവൻ ഭയപ്പെട്ടു. ഓർമ്മയും ചിന്തയും ഭാഷയും വാക്കുകൾക്കു പിന്നാലെ അച്യുതൻകുട്ടിയെ വിട്ടകന്നു. ഭയന്നോടിയ അമ്പലക്കുളത്തിന്റെ പടവുകളിൽ ചെന്നിരുന്നു. ജലമധ്യത്തിൽ നിന്ന് വായില്യക്കുന്നിലപ്പൻ ഉയർന്നുവന്നു.

"ഒരു നൊടി നേരത്തെ ദർശനം. അകാല പ്രസവത്തിൽ ഉറയ്ക്കാതെ പോയ കണ്ണും മൂക്കും കൈകാലുകളും ഉള്ള മൂർത്തീരൂപം. വായയുടെ സ്ഥാനത്ത് ഇറച്ചിത്തുണ്ടം പറ്റിപ്പിടിച്ചു നിന്നു. വായില്യക്കുന്നിലപ്പൻ തോലുറയ്ക്കാത്ത കൊച്ചു കൈകൾ നീട്ടി അച്യുതൻകുട്ടിയുടെ നെറുകയിൽ തൊട്ടനുഗ്രഹിച്ചു. ഇരുപത്തിനാലാം വയസിൽ അച്യുതൻകുട്ടി ഊമയായി. വാ കീറാത്തവന് ഇര വേണ്ട. നാക്കും വാക്കുമില്ല. ജീവിക്കാൻ ഇര തേടേണ്ട. അവൻ ഉഗ്രമൂർത്തിയാണ്. വായില്യക്കുന്നിലപ്പനാണ്". അച്യുതൻകുട്ടിയും വാക്കു നഷ്ടപ്പെട്ട് വായില്യക്കുന്നിലപ്പനിലേക്കുള്ള രൂപഭാവമാറ്റത്തിലാണ് നിദ്രവിഹീനതകളുടെ ഇടവേളകളിൽ

വായില്യക്കുന്നിലപ്പൻ അച്യുതൻകുട്ടിയുടെ ഉൾക്കണ്ണ് ഭേദിച്ചു പ്രത്യ ക്ഷപ്പെട്ടു.

"ഞാൻ നിന്റെ മൂർത്തിയാണ്. നിന്നെപ്പോലെ വാക്കു നഷ്ടപ്പെട്ടവ രുടെ ഉച്ചാരണമില്ലാത്തവരുടെ ഭരദേവതയാണ്". വായില്ല്യാക്കുന്നിലപ്പൻ ഒരു ബിംബമാണ്. ശബ്ദം നഷ്ടപ്പെട്ടവരുടെയും ശബ്ദിക്കാൻ കഴിയാ ത്തവരുടെയും പ്രതീകം. നിശബ്ദത ഏറ്റവും വലിയ വിപ്ലവമാണ്; ശക്ത മായ പ്രതിഷേധമാണ്. ഏതോ സ്ഥലകാലരാശിയിൽ നാമെല്ലാം വായി ല്ല്യാക്കുന്നിലപ്പന്മാരാകാറുണ്ട്.

അച്യുതൻകുട്ടിയിൽ ബാക്കിയായ ഓർമ്മകളുടെ മൂകഭാഷയിലൂടെ ഭൂതകാലത്തിലേക്ക് സഞ്ചരിച്ചു. അങ്ങനെയങ്ങനെ ഒരു ഓർമ്മയുണ്ടായി. ഒന്നാം ക്ലാസിൽ ആദ്യാക്ഷരം കോറുമ്പോൾ വീണു പൊട്ടിയ സ്ലേ റ്റിന്റെ ഓർമ്മ. നുറുങ്ങിയ കറുത്ത സ്ലേറ്റുപൊട്ടുകളിൽ ആദ്യത്തെ 'റ' ചിതറികിടന്നു.

ഇപ്പോൾ സ്മരണയുടെ മൂകവ്യാകരണവും വറ്റുകയാണ്. ഓർമ്മകളെ കൂട്ടിപ്പിടിച്ചു നിർത്തിയ ഘടന തകരാൻ തുടങ്ങി. അർത്ഥം സദാ വഴു തുന്ന ദമിത സൂചിതമായി.

അച്യുതൻകുട്ടി ഓരോ വാക്കുകളായി മറന്നു.

തറ, പറ, മുറം, ശ്ലഥകാകളി, ഉജ്ജയിനി, ഐതീഹ്യമാല, പാൽപായ സം, കാഞ്ഞിരം, ഗൗളി, വെള്ളാരംകല്ല്, മീനം, ഫാസിസം, ആലില, നട പടി, സ്ഫടികം, സൂര്യൻ, ഞാൻ ...... അറിഞ്ഞ ഓരോ വാക്കും അച്യു തൻകുട്ടിയെ ഉപേക്ഷിച്ചു.

ആദ്യപാഠം മറന്നു. പിന്നെ അമ്പത്താറക്ഷരങ്ങൾ ഒന്നൊന്നായി പ്രജ്ഞയിൽ നിന്നു മാഞ്ഞുപോയി. 'റ' മാഞ്ഞു. 'ഴ' മാഞ്ഞു. 'ള' മാഞ്ഞു. കുഞ്ഞിക്കാലടികൾ പിറകോട്ടു പിച്ചവെക്കുകയാണ്.

മീനവെയിൽ കോലായിൽ വിലങ്ങനെ വീഴുമ്പോൾ 'അ' അവശേഷിച്ചു. സാവധാനം 'അ' യുടെ ചുളിവുകളും വളവുകളും നിവർന്നു.

'–' അത് ഒരു വരയായി.

വര അഗ്രബിന്ദുക്കളിൽ നിന്ന് ചുരുങ്ങിവന്നു ബിന്ദുവായി. ബിന്ദു അവ്യക്തമായി.

ഓർമ്മയും ചിന്തയും ഭാഷയും അവസാനിച്ച അച്യുതൻകുട്ടിയുടെ ജീവൻ മീനച്ചൂടായി ശൂന്യതയിൽ ലയിച്ചു. അചേതനമായ അച്യുതൻകുട്ടിയുടെ ശരീരം പതുക്കെ പതുക്കെ വായില്യാക്കുന്നിലപ്പന്റെ പ്രതിഷ്ഠാശിലയായി; വിഗ്രഹമായി. സ്വന്തം മകന്റെ പ്രതിഷ്ഠാകർമ്മത്തിലൂടെ പാപപരിഹാരം തേടിയ വരരുചിയെപോലെ സ്വയം ജീവനർപ്പിച്ച് അച്യുതൻകുട്ടിയും പ്രതിവിധിയന്വേഷിച്ചു.

ഓർമ്മ നഷ്ടപ്പെടുക, വാക്കു നഷ്ടപ്പെടുക എന്നാൽ ഭൂതകാലം/ചരിത്രമില്ലാതാവുക എന്നതാണ്. ഐതീഹ്യ മാഹാത്മ്യം മാത്രം നിറഞ്ഞു നിൽക്കുന്നപറയിപെറ്റ പന്തിരുകുലം യഥാർത്ഥത്തിൽ വരരുചി എന്ന ബ്രാഹ്മണന്റെ ദുഷ്ടബുദ്ധിയുടെയും ജാതിമേധാവിത്വ പ്രകടനത്തിന്റെയും കഥയായി കൂടി വായിക്കണം. ചരിത്രത്തിലോ ഐതീഹ്യത്തിലോ ഇടം പിടിക്കാതെയെ, വേണ്ടത്ര പരിഗണന കിട്ടാതെ പോലെ ദളിതവിഭാഗത്തിൽപ്പെട്ട ഒരു കൂട്ടം ആളുകളെ ഐതീഹ്യകഥയിൽ കാണാം. അടിച്ചമർത്തപ്പെട്ട, ചൂഷണവിധേയമായ, അപമാനിക്കപ്പെട്ട, അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഒരുകൂട്ടം ആളുകൾ നമുക്ക് ചുറ്റുമുണ്ട്. അവർക്കുവേണ്ടി ആരും വാക്കുകൾ, ശബ്ദങ്ങൾ ഉയർത്താറില്ല. ഉയർത്തിയാൽ പലപ്പോഴും നിശബ്ദമാക്കാനും മേലാളാധികാരികൾക്കറിയാം. നിശബ്ദ സഹനത്തിനപ്പുറം അധികാരത്തിന്റെ തന്ത്രങ്ങൾക്ക് മുമ്പിൽ വാക്കു നഷ്ടപ്പെട്ടവരാകുന്നു. വാക്ക് അവരിൽ നിന്ന് വാങ്ങി നിൽക്കുന്നു. ജാതീയതയുടെ കീഴിലമർന്നു പോകുന്ന ജനവിഭാഗത്തിന്റെ അനുഭവം, രണ്ട് കാലഘട്ടങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ശക്തമായ ഭാഷയിൽ അവതരിപ്പിക്കുകയാണ് നന്ദകുമാർ.

*********

**സഹായകഗ്രന്ഥം**

*1. നന്ദകുമാർ എം., കഥകൾ, ഡി.സി. ബുക്സ്, 2019.*

# വ്യാധിയുടെ വായനകൾ; ഖസാക്കിന്റെ ഇതിഹാസത്തിൽ

**അൽഫോൻസ ഫ്രാൻസിസ്**, ഗവേഷകകേരള പഠന വിഭാഗം, കാര്യവട്ടം

**1969**-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒ.വി. വിജയന്റെ "ഖസാക്കിന്റെ ഇതിഹാസം" മലയാള നോവൽ സാഹിത്യത്തിൽ പുതിയ ഭാവുകത്വസൃഷ്ടി നടത്തിയെന്ന് പറയാം. പ്രമേയപരമായും ഭാഷാപരമായും ഈ ഇതിഹാസം ഒരു വിപ്ലവത്തിന് നാന്ദിയാവുകയായിരുന്നു. രണ്ട് ജന്മങ്ങളാണ് ഈ നോവലിനുണ്ടായത്. 1994-ൽ നോവലിസ്റ്റ് തന്നെ അതിന്റെ ഇംഗ്ലീഷ് വിവർത്തനമെഴുതി. "The Legends of Khasak"- ഈ തർജ്ജുമ ഒരു പുതിയ ഇതിഹാസമായിരുന്നു. അതുകൊണ്ടും തീർന്നില്ല ,1989 - ൽ ഇതിഹാസത്തിന്റെ ഇതിഹാസം എന്ന പേരിൽ ഖസാക്കിന്റെ പിന്നാമ്പുറകഥകളും വായനക്കാരനിലേക്ക് എത്തിക്കാൻ നോവലിസ്റ്റ് മറന്നില്ല. മലയാളസാഹിത്യത്തിലെ ആധുനികരിൽ പ്രമുഖസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടവരിലൊരാളാണ് ഒ. വി. വിജയൻ. ആഖ്യാനസവിശേഷത

കൊണ്ടും ഭാഷാപ്രയോഗംകൊണ്ടും സാംസ്കാരിക രാഷ്ട്രീയനിലപാടുകൾക്കൊണ്ടും മലയാളസാഹിത്യത്തിൽ വിപ്ലവം സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആധുനികതയിൽ രൂപംകൊണ്ടിട്ടുള്ള സാഹിത്യകൃതികളെല്ലാം തന്നെ ഒറ്റപ്പെടൽ, അന്യവൽക്കരണം, മൃത്യുബോധം, ദുരന്തബോധം, വ്യർത്ഥതാബോധം, വിഷാദാത്മകത, രോഗം, യുദ്ധം, ഭീതി, ദാരിദ്ര്യം, പകർച്ചവ്യാധി തുടങ്ങിയ ജീവിതപ്രശ്നങ്ങളെയാണ് വിഷയവത്ക്കരിക്കാൻ ശ്രമിച്ചത്. മലയാളത്തിലെ ക്ലാസിക് നോവലായി വാഴ്ത്തപ്പെട്ട ഖസാക്കിന്റെ ഇതിഹാസം ആധുനികതയെ അടയാളപ്പെടുത്തിയതും ഇത്തരം ചില പ്രഹേളികകളെ ഉപയോഗപ്പെടുത്തിക്കൊണ്ടായിരുന്നു.

''കൂമൻകാവിൽ ബസ്സ് ചെന്നുനിന്നപ്പോൾ ആ സ്ഥലം രവിക്ക് അപരിചിതമായി തോന്നിയില്ല. അങ്ങനെ പടർന്നുപന്തലിച്ച മാവുകൾക്കിടയിൽ നാലഞ്ച് ഏറുമാടങ്ങളുടെ നടുവിൽ താൻ വന്നെത്തുമെന്ന് പണ്ടേ കരുതിയിരിക്കണം''-.ഈ മാന്ത്രിക വരികളുടെ അവാച്യമായ നിറവിലൂടെയാണ് മലയാളത്തിന്റെ ഇതിഹാസകാരൻ തന്റെ ആദ്യ നോവലായ ഖസാക്കിന്റെ ഇതിഹാസം ആരംഭിക്കുന്നത്. വായനക്കാരനെ ഉള്ളുരകളിലേക്ക് വലിച്ചടുപ്പിക്കാൻ പോന്ന ഒരു മാസ്മരികത ഇതിന്റെ അന്തർധാരയായുണ്ട്. മതം, ജാതി, വംശം, വർഗ്ഗം, ലിംഗം, ദേശം, ഭാഷ എന്നീ ബഹുസ്വരതകളെ സ്ഥലകാലങ്ങളിലേയ്ക്കൊതുക്കി മുദ്രണം ചെയ്ത ഒരു ആഖ്യാനം കൂടിയാണിത്. സ്വപ്നാത്മകമായ ഭാഷ ദാർശനിക ലഹരിയുടെ സൃഷ്ടിയാണ്. പാപത്തോടുള്ള ആസക്തി വിധിയാണെന്നു കരുതുകയും അതിൽ നിന്നും രക്ഷനേടാനുള്ള യത്നം വിഫലമാവുകയും ഒടുവിൽ വിധിക്ക് കീഴ്പ്പെടുകയും ചെയ്യുന്ന അശാന്തനായ മാനസിക സഞ്ചാരിയുടെ മനസ്സാണ് ഖസാക്കിന്റെ ഇതിഹാസം.

മനുഷ്യജീവിത വ്യഥകളും അതിന്റെ ശൈഥില്യങ്ങളും വെളിവാക്കുന്ന ഇതിന്റെ ആഖ്യാനശൈലി നോവലിന്റെ ഘടനയിലും ഐക്യരൂപമില്ലാത്ത ശ്ലഥചിത്രങ്ങളായി ചിതറിക്കിടക്കുന്നുണ്ട്. സ്വപ്നം, പ്രജ്ഞ, കുത്തിനോവിക്കുന്ന അശാന്തി, തീർത്ഥയാത്രയെക്കുറിച്ചുള്ള ആത്മരക്ഷാപരമായ വെളിപാടുകൾ, മൃത്യുവിന്റെ സർപ്പഗന്ധം എന്നിങ്ങനെ ഖസാക്കിന്റെ ഇഴകൾ കോർത്തിട്ടുള്ളത് വിചിത്രവും വിഭ്രാത്മകവുമായ

മാനസികതകൾ കൊണ്ടാണ്. ഖസാക്കിലെ ഓരോ മനുഷ്യരുടെയും വർത്തമാനകാലകഥകളും ഭൂതചരിതങ്ങളും ഇതിഹാസപാഠങ്ങളായി മാറുന്നു. പകർച്ചവ്യാധികൾ, മരണങ്ങൾ, മന്ത്രവാദങ്ങൾ, ഭൂതപ്രേതങ്ങൾ, ആത്മാക്കൾ, ബാധകൾ, ജന്മാന്തരങ്ങൾ - എന്നിങ്ങനെയുള്ള ഖസാക്കിന്റെ വിശ്വാസപാരമ്പര്യങ്ങൾക്കും വർത്തമാനകാലയാഥാർത്ഥ്യങ്ങൾക്കും യുക്തിയുടെയും യുക്തിരാഹിത്യത്തിന്റെയും ഭേദവിചാരങ്ങളുണ്ടായില്ല. ഒരു ഗ്രാമത്തിന്റെ സ്വത്വം പൂർണ്ണമാകുന്നത് അവിടുത്തെ പ്രകൃതിയുടെ പ്രത്യേകതകൾക്കൊണ്ട് മാത്രമല്ല, മറിച്ച് പ്രാകൃതമായ ആ പ്രത്യേകതകളിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന ഐതിഹ്യങ്ങളുടെയും വിശ്വാസങ്ങളുടെയും സാംസ്കാരിക ചിഹ്നങ്ങൾക്കൂടി ഉൾച്ചേരുമ്പോഴാണ്.

പാലക്കാടൻ കുന്നുകൾക്കിടയിൽ ഒറ്റപ്പെട്ടുപോയ ഖസാക്ക് എന്ന ഗ്രാമത്തിൽ ഏകാധ്യാപക വിദ്യാലയം തുടങ്ങാനായി നായക കഥാപാത്രമായ രവി എത്തുന്നതോടെ ആരംഭിക്കുന്നതാണ് നോവലിന്റെ കഥ. സംഭവബഹുലമായിരുന്നു രവിയുടെ ഖസാക്ക് ജീവിതം. പ്രണയവും രതിയും മരണവും രോഗവുമെല്ലാം രവിയെയും ഖസാക്കിനെയും ചില നിസ്സംഗതകളിലേക്ക് എത്തിച്ചിട്ടുണ്ട്. ശിവരാമൻ നായരും അള്ളാപ്പിച്ച മൊല്ലാക്കയും അപ്പുക്കിളിയും കുഞ്ഞാമിനയും അലിയാരും ആബിദയും മാധവൻനായരുമൊക്കെ ഈ ഇതിഹാസത്തിലെ കഥാപാത്രങ്ങളായി മാറുന്നുണ്ട്. ഗ്രാമത്തെ ഒരുമയോടെ നിലനിർത്തുന്ന മതസൗഹാർദ്ദം, കടുത്ത വേനലും വരൾച്ചയും, കുടിവെള്ളക്ഷാമം, സർവ്വവും തകർത്തെറിഞ്ഞ കനത്ത മഴ, ഗ്രാമത്തെ മുച്ചൂടും വിഴുങ്ങിയ വസൂരിയുടെ വരവ്, വേണ്ടപ്പെട്ട പലരുടെയും മരണം, -ഇവയ്ക്കെല്ലാം നിസ്സംഗനായി ദൃക്സാക്ഷിയാകുകയാണ് രവി . ജീവിതത്തിന്റെ നിസ്സഹായതയിൽ ഉറഞ്ഞു കൂടുന്ന ദു:ഖം, അതിന്റെ പങ്കിടലിൽ കണ്ടെത്തുന്ന സമാശ്വാസം, അതാണ് രവിയുടെ പ്രതീക്ഷ. നോവലിലെ കഥാപാത്രങ്ങളായ കോടച്ചിയും മൈമുനയുമൊക്കെ ആ വിധി പങ്കുവെയ്ക്കാൻ തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. പക്ഷെ അതുകൊണ്ടൊന്നും രക്ഷപ്പെടാനായില്ല. വിധി അതിന്റെ വിളയാട്ടം നടത്തി. ഖസാക്കിൽ വസൂരിയുടെ പ്രതാപിയായ തിണർപ്പ് പൊങ്ങി. അതു താഴ്ന്നപ്പോൾ അനേകർ അതിൽ ഒതുങ്ങി

അപ്രത്യക്ഷരായി. രവി ഹാജരുപുസ്തകം മുമ്പിൽ നിവർത്തിവെച്ചു. അതിൽ കുറേ പേരുകൾ പച്ചമഷി കൊണ്ട് അടിവരയിട്ടുവച്ചിരിക്കുന്നു. ഇനിമുതൽ വരാത്തവരുടെ പേരുകളാണ് അവ. വാവര്, നൂർജിഹാൻ, ഉണ്ണിപ്പാറതി, കിന്നരി, കരുവ് - അവരുടെ മരണം അടി വരയാൽ മാത്രം ഓർമ്മിക്കപ്പെടുന്നു. അടിവര മാത്രമാണ് ഇട്ടത്, അത് വെട്ടിക്കളയാൻ രവിക്ക് കഴിഞ്ഞിരുന്നില്ല. കാരണം ഖസാക്ക് സഞ്ചരിക്കുന്നതു തന്നെ മരണത്തിന്റെ ഉദ്യാനങ്ങളിലൂടെയാണ്. നോവലിന്റെ ആദ്യഭാഗത്ത് ഓത്തു പള്ളിയിലിരുന്ന് അള്ളാപ്പിച്ച മൊല്ലാക്ക റാവുത്തന്മാരുടെ കുട്ടികൾക്ക് പറഞ്ഞു കൊടുത്ത കഥ, ഷെയ്ഖ് തമ്പുരാൻ സഞ്ചരിച്ച പാണ്ടൻ കുതിരയുടെ മരണത്തിലാണ് അവസാനിച്ചത്. അങ്ങനെ ഖസാക്കിന്റെ ഇതിഹാസത്തിലെ ആദിമ ബിന്ദു മരണത്തിന്റെ ശംഖൊലി മുഴക്കി. ഒടുവിൽ സർപ്പദംശനത്തിന്റെ മരണമുഖത്ത് രവിയെ ഉപേക്ഷിച്ചു പോകുംവരെ അത് തുടർച്ചയായി മുഴങ്ങി കേട്ടു. വിഷാദപൂർണ്ണമായ ഒരു ഫലിതം പോലെയാണ് ഭാഷയുടെ അർത്ഥവികാസങ്ങൾക്കൊണ്ട് നോവലിസ്റ്റ് രോഗത്തെയും മരണത്തെയുമൊക്കെ അവതരിപ്പിക്കുന്നത്.

'ഖസാക്കിൽ, ചെതലിയുടെ താഴ്‌വരയിൽ, കൂമൻകാവിൽ, അവിടത്രയും ജമന്തിപൂക്കൾ വിരിഞ്ഞു പൊട്ടി. ആ മണവും പേറി കിഴക്കൻ കാറ്റ് വീശി. വേനലിന്റെ രാത്രിയിലൂടെ പണ്ടാര ശവങ്ങൾ ചുമന്നുകൊണ്ട് പറയന്മാർ നടന്നു. അവരുടെ മുഖങ്ങളിൽ വസൂരിക്കലകളുടെ മേടും പള്ളവും ഉണ്ടായിരുന്നു'. ഒടുവിൽ വസൂരിക്കലയുടെ തിണർപ്പും ചൂടും രവിയും ഏറ്റു വാങ്ങുന്നുണ്ട്. ഖസാക്ക് മുഴുവൻ വസൂരി വിളയാട്ടം നടത്തി. വലിയൊരു വിഭാഗം അപ്രത്യക്ഷരായി. കുറെയേറെ പേർ അനാഥരായി. രോഗത്തിന്റെയും വേദനയുടെയും ഞരക്കം അവിടവിടെ മുഴങ്ങി കേട്ടു. വസൂരി വമിപ്പിച്ച മാദകഗന്ധം - ജമന്തിപ്പൂക്കളുടെ മണം പോലെ ഖസാക്കുകാർ അത് ഏറ്റുവാങ്ങി. ഖസാക്കിലെ വസൂരിയുടെ വിളയാട്ടത്തിൽ നിന്നും ഖസാക്കുകാരെ രക്ഷിക്കാൻ പുളിങ്കൊമ്പത്തെ പോതിക്കോ മൊല്ലാക്കയുടെ പ്രാർത്ഥനകൾക്കോ കഴിയുന്നില്ല. ഖസാക്കിലെ നിരവധിയായ നല്ല മനുഷ്യരുടെ മരണത്തിനു മുമ്പിൽ നിസ്സഹായയായി നോക്കി നിൽക്കാനേ ഖസാക്ക് ദേവിയായ നല്ലമ്മയ്ക്കു പോലും സാധിക്കുന്നുള്ളൂ. നല്ലമ്മയുടെ പൂജാരിയായ കുട്ടാടൻ, മനുഷ്യർക്ക്

മുമ്പിൽ ഉറഞ്ഞു വെട്ടി തല പിളർക്കുന്ന ഉഗ്രമൂർത്തി, പരിഹാസവും ഉത്തരങ്ങളുമായി ഖസാക്കിലെത്തിയിരുന്ന ദൈവത്തിന്റെ പ്രതിപുരുഷൻ, - പുളയൻ എന്ന ഉഗ്ര വസൂരിയായിരുന്നു മേലാസകലം. പുറത്തേക്ക് തിണർപ്പിച്ച് ഉള്ളിലേക്ക് വലിയുന്ന വിത്ത്. ഉള്ളിലേക്ക് വലിഞ്ഞ് ചോര ഞരമ്പുകൾ പൊട്ടി കുട്ടാടൻ മരിച്ചു. .സ്കൂളിലെ കുട്ടികൾ പലരും മരിച്ചു. വാവര്, നൂർജിഹാൻ, ഉണ്ണിപ്പാറതി, കിന്നരി, കുരങ്ങുകളിക്കാരൻ ചെന്തിയാവൂ, തൊട്ടിയാന്റെ മകൻ കരുവ്, നടുപ്പറമ്പിൽ കണ്ടുപരിചയമുള്ള കാസിമും സലീമും.. പീഞ്ഞപ്പലകകൊണ്ട് പുസ്തകത്തട്ടു പണിയാൻ ഞാറ്റുപുരയിൽ വന്ന ചേന്തിയാശാരി. പിന്നെയും പലരും മരിച്ചു. ഇങ്ങനെ ഖസാക്കിൽ വിളയാടിയ വസൂരിയെ ജമന്തിപ്പൂക്കൾ വിരിഞ്ഞു പൊട്ടി എന്നാണ് വിജയൻ വിശേഷിപ്പിച്ചത്. പഴയകാല രോഗങ്ങൾക്ക് ആലംബമായി പഴയ വിശ്വാസങ്ങളുണ്ടായിരുന്നു. മരുന്നുകൾ വ്യാപകമായി ഇല്ലാതിരുന്ന അക്കാലത്ത് വിശ്വാസമായിരുന്നു പ്രധാന മരുന്ന്. നോവലിൽ രോഗവും മരണവും ഒരു തിന്മയായി പ്രത്യക്ഷപ്പെടുന്നുണ്ട്. "ജന്മാന്തരകൃതം പാപം വ്യാധി രൂപേണ ജായതേ" (ജന്മാന്തരങ്ങളിലുണ്ടാകുന്ന പാപം രോഗങ്ങൾ ആയി ജനിക്കുന്നു) എന്നതായിരുന്നല്ലോ വിശ്വാസം. ഈ തിന്മയിൽ നിന്ന് വിജയൻ സൗന്ദര്യം സൃഷ്ടിക്കുകയായിരുന്നു എന്ന് നിരൂപകനായ കെ. പി. അപ്പൻ നിരീക്ഷിക്കുന്നുണ്ട്.

'പൂക്കളുടെ മണം' എന്ന തലക്കെട്ടോടെ ആരംഭിക്കുന്ന നോവലിലെ 19 -ാം അദ്ധ്യായം പാതിരയിൽ , കുളിർമഞ്ഞിൽ, വിടരുന്ന ജമന്തിയുടെ മണം അനുഭവിപ്പിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. ഖസാക്കിൽ നല്ലമ്മ നടമാടി എന്ന് നോവലിസ്റ്റ് എഴുതുന്നുണ്ട്. വസൂരിയുടെ പിടിയിലകപ്പെട്ട രവി വേദനകൊണ്ട് ഞരങ്ങി, അമ്മേ!. രവിയുടെ കണ്ണുകൾ ഇരുവശത്തേക്കും പതറി. രണ്ടു കൈയിലും പറ്റി നിന്ന തണുത്ത വൈരക്കല്ലുകൾ പൊട്ടി തണുത്ത ചലം ഒഴുകിപ്പരന്നു. അയാൾക്കു കാണാൻ വയ്യാത്തേടത്തുനിന്നൊക്കെയും അവ പൊട്ടിയൊലിക്കുന്നുണ്ടായിരുന്നു– വസൂരിക്കുരുക്കൾ പൊട്ടിയൊലിക്കുന്ന ചലം നല്ലമ്മയുടെ പ്രസാദമാണെന്ന് ഖസാക്കുകാർ വിശ്വസിച്ചു. വസൂരി ശരീരമാകെ പടർന്ന് ശരീരത്തിൽ നിന്നും ശരീരത്തിലേക്ക് പകർന്ന് ഖസാക്കിനെ നിറയ്ക്കുമ്പോൾ കുരുക്കൾ പൊട്ടി രക്തവും ചലവും ഒലിക്കവേ അത് നല്ലമ്മയുടെ പ്രസാദമാണെന്ന് രവിയും തിരിച്ചറിയുന്നു. അകലത്തെവിടെയോ കേട്ട

നിലവിളി വേദനയുടെ ഞരക്കം, ദേവ്യേ! , അമ്മേ!. പാതിരാവിൽ കുളിർമഞ്ഞിൽ വിടരുന്ന ജമന്തി പൂക്കളുടെ മണമെന്നപോലെ ഖസാക്കുകാർ അതിനെ ഏറ്റെടുത്തു. ചെതലിയുടെ താഴ്വരയിലെ കോടച്ചി പറഞ്ഞത് ശരീരത്തിലെ ചൂട് പനിയായിരിക്കില്ല. ഉടൽ ഉണരുന്നതിന്റെ ചൂടായിരിക്കും. മുഖത്തെ തിണർപ്പ് സന്ധ്യയുടെ ചുവപ്പ് ആയിരിക്കും. അവിടെയുയരുന്ന മണമോ ജമന്തിപ്പൂക്കളുടെ. അത് ഖസാക്കിന്റെ നിറവും മണവുമായി മാറിക്കഴിഞ്ഞു.

20 -ാം അദ്ധ്യായമാകട്ടെ, ഉഗ്രമൂർത്തിയെപ്പോലെ ഖസാക്കു മുഴുവൻ താണ്ഡവമാടുന്ന വസൂരിയുടെ ചടുലമായ കാല് വയ്പുകളുടെ ദൃശ്യങ്ങളാണ്. 'പ്രദർശനത്തിനൊരുങ്ങിയ വലിയൊരു പൂന്തോട്ടം പോലെ ഖസാക്കുകാർ കിടന്നു. ചലത്തിന്റെ മഞ്ഞപ്പൂക്കൾക്കൊണ്ട് പൂക്കുടിലുകൾ പണിഞ്ഞു. പൂവിറുത്ത് മുടിയിൽ ചൂടി നല്ലമ്മ നടമാടി. സന്ധ്യയിൽ, മയക്കത്തിൽ, ഖസാക്കുകാർ അവളെ കണ്ടു. കാമിച്ചു. സുരതക്രിയ പോലെ രോഗം ആനന്ദമൂർച്ഛയായി. അങ്ങനെ അവർ മരിച്ചു.... പണ്ടാര ശ്ശവങ്ങൾ അപ്പോഴും യാത്ര പുറപ്പെട്ടിരുന്നു. നാലു കുളികഴിഞ്ഞതോടെ കുപ്പുവച്ചൻ പുറത്തിറങ്ങി. വീണ്ടും ഇരടിത്തടഞ്ഞു നടന്നു. കണ്ണുകൾ രണ്ടിലും ദേവിയുടെ പളുങ്കുചഷകങ്ങൾ പൊട്ടിത്തകർന്നേടത്ത് ചുകന്ന ചോരക്കുഴികൾ മാത്രം ബാക്കി വന്നു. ആ കത്തുന്ന ചുകപ്പിലൂടെ പകലിന്റെ ഇരുട്ടിൽ കുപ്പുവച്ചൻ തുഴഞ്ഞു നടന്നു. ഇപ്പോൾ വെയിലും ആകാശവും മേഘവുമൊന്നും കാണണ്ട.' ഖസാക്കിലെ വസൂരിയുടെ രൗദ്രഭാവത്തെ, അതിന്റെ അവശേഷിപ്പുകളെ നോവലിസ്റ്റ് വരച്ചുചേർക്കുകയാണിവിടെ. മരുന്നും മന്ത്രവുമായി വസൂരിയോട് പടവെട്ടി തലനാരിഴയ്ക്ക് രക്ഷപെട്ടവരിലെല്ലാം പല തരത്തിലുള്ള മുറിവുകളും മുറിപ്പാടുകളും കാണാമായിരുന്നു. വ്യാധികളൊക്കെയും ദൂരവ്യാപകമായ ചില അടയാളങ്ങൾ ശരീരത്തിലും മനസ്സിലും അവശേഷിപ്പിക്കുന്നുണ്ട്. അത് ദേശത്തും കാലത്തും അടിഞ്ഞുകൂടാറുമുണ്ട്. വസൂരിയുടെ ആക്രമണം 1974 കാലഘട്ടത്തെ ഒരു അനുഭവയാഥാർഥ്യമായിരുന്നെങ്കിൽ 2020 ലെ കൊറോണയുടെ വ്യാപനവും അതിന്റെ അതിജീവനവും അവസ്ഥാന്തരങ്ങളും അവശേഷിപ്പുകളും ആശങ്കകളും ലോകജനത അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

2019 ൽ ആരംഭിച്ച കൊറോണ വൈറസിന്റെ ആക്രമണം 2020 ന്റെ ആദ്യപകുതിയായപ്പോഴേയ്ക്ക് ഒട്ടുമിക്ക രാജ്യങ്ങളെയും അടച്ചുപൂട്ടലിലേക്ക് എത്തിച്ചു. നമ്മുടെ നാട്ടിലാകട്ടെ അടച്ചുപൂട്ടിയ വിദ്യാലയങ്ങൾക്ക് അവധി നീട്ടാനും വേനലവധി തുടങ്ങാനുമുള്ള തീരുമാനങ്ങളാണ് പിന്നീടുണ്ടായത്. നോവലിന്റെ 20-ാം അദ്ധ്യായത്തിലും സമാനമായ ഒരു സന്ദർഭം കടന്നുവരുന്നുണ്ട്. 'അവധി നീട്ടിക്കിട്ടാനും വേനൽപ്പൂട്ടു പുട്ടു തുടങ്ങാനും രവി ഇൻസ്പെക്ടറാഫീസിലേക്ക് എഴുതിയിരുന്നു. തികച്ചും സുഖപ്പെട്ടിട്ടിപ്പോൾ മൂന്നാഴ്ചയോളമായി. ഒന്നോ രണ്ടോ കുടികളിൽ അപ്പോഴും വിളയാട്ടമുണ്ടായിരുന്നു'. അന്ന് വസൂരിയുടെ വിളയാട്ടമായിരുന്നെങ്കിൽ  ഇന്ന് കൊറോണയുടെ സാമൂഹികവ്യാപനം മൂലം അടച്ചുപൂട്ടലും അവധിനീട്ടലും അന്തമില്ലാതെ നീട്ടുന്നത് നാം നേരിൽ കാണുകയാണ്. 21-ാം അദ്ധ്യായം ഷെയ്ഖിന്റ മൊഴിയാണ്.

പാതിരയ്ക്ക് ഖസാക്കുകാർ അതു കേട്ടു.
ഞാൻ നിന്നെ കൈയിലെടുക്കാൻ വരുന്നു.
ഞാൻ നിന്നെ കബറടയ്ക്കില്ല.

ചാന്തുമുത്തുവിന്റെ മരണത്തെപ്പറ്റി പറയുമ്പോഴാണ് ഈ മൊഴികൾ ഖസാക്കുകാർ, മൊല്ലാക്ക ഓർത്തെടുക്കുന്നത്. ഇന്ന് ഖസാക്കിന്റെ ഇതിഹാസം വായിക്കുമ്പോൾ ഈ മൊഴികൾ നിരന്തരം ഓർക്കേണ്ടതായി വരുന്നു. മരണം കൈയിൽ വഹിച്ചുകൊണ്ടാണ് മനുഷ്യൻ നടന്നുനീങ്ങുന്നത്. കബറക്കം പോലും നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷം. മരണത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണോ ജീവൻ രക്ഷിക്കാമെന്ന വാഗ്ദാനമാണോ ഇത് , എന്ന സന്ദിഗ്ദ്ധത ഈ മൊഴികളിലുണ്ട്. 21-ാം അദ്ധ്യായം അവസാനിക്കുമ്പോൾ നാളുകളായി അടഞ്ഞുകിടന്ന ഞാറ്റുപുര തുറക്കാൻ പുറപ്പെടുന്ന രവിയെ കാണാം. 'അകത്തുകടന്നപ്പോൾ ഒരു ജന്മം കഴിഞ്ഞപോലെ രവിക്ക് തോന്നി. കടലാസും പുസ്തകവും മഷിക്കുപ്പിയുമെല്ലാം യഥാസ്ഥാനങ്ങളിലിരിക്കുന്നു. അവയുടെ മേലെ വസൂരിയുടെ തിണർപ്പുപോലെ പൊടിപടലങ്ങൾ തിണർത്തുനിന്നു. ഒരു മണം. അതെന്തെന്ന് രവി ഓർത്തുനോക്കി. പ്രായണത്തിന്റെ ഗന്ധമാണ്. കാലത്തിലൂടെ സ്ഥാവരങ്ങളുടെ പ്രയാണം. ചൂലെടുത്തു പൊടിതട്ടിയ രവി ആ പ്രയാണം ഭഞ്ജിച്ചു'. വായടച്ചും വാതിലടച്ചും

വാക്സിനെടുത്തും 2021 ലെങ്കിലും കൊറോണ വൈറസിന്റെ പടർച്ച യെയും അതിന്റെ പ്രയാണത്തെയും ഭഞ്ജിക്കാൻ കഴിയുമെന്ന പ്രതീക്ഷ പകരാൻ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നടത്തുന്ന ഇതിഹാസ വായനയ്ക്ക് കഴിയുന്നുണ്ട്.

19 എന്ന സംഖ്യ ഇത്രയേറെ ശ്രദ്ധിക്കപ്പെട്ടത് കോവിഡ് 19 എന്ന പകർ ച്ചവ്യാധിയുടെ പശ്ചാത്തലത്തിലാണ്. 2019 ൽ ആരംഭിച്ച് 2020 ൽ പടർന്ന് പകർന്നാടിയ കൊറോണ വൈറസിനെ പ്രതിരേധിക്കാനും അതിജീ വിക്കാനുള്ള ശ്രമത്തിലാണ് നാം.

28 അധ്യായങ്ങളിലായി പറഞ്ഞു തീർത്തിട്ടുള്ള ഖസാക്കിന്റെ കഥ യിലും 19-ാം അധ്യായത്തിൽ വസൂരി എന്ന വ്യാധിയുടെ ആരംഭമാണ്. അതിന്റെ പടർച്ച 20-ാം അധ്യായത്തിലേക്കാണ്. പൂവിന്റെ മണം എന്ന 19-ാം അധ്യായത്തിൽ നിന്ന് 20-ാം അധ്യായത്തിലേയ്ക്കെത്തുമ്പോൾ പേരു സൂചിപ്പിക്കും പോലെ വസൂരിയുടെ വിളയാട്ടമാണ് സംഭവി ച്ചത്. അതുകൊണ്ടുതന്നെ 2020 ലെ ഈ ഇതിഹാസ വായന സമകാലിക അനുഭവങ്ങൾക്ക് തീവ്രതയേറ്റുന്നു. അവബോധത്തിന്റെയും പ്രതിരോധ ത്തിന്റെയും നാളുകൾക്കു ശേഷം ആകുംവിധം അതിജീവിക്കാൻ ശ്രമിക്കുമ്പോൾ ജീവിതത്തിന്റെയും മരണത്തിന്റെയും അനിശ്ചിതത്തിലേ ക്കാണ് ഖസാക്കിന്റെ വസൂരിക്കലയും കൊറോണയുടെ അവശേഷി പ്പുകളും നമ്മെ എത്തിക്കുന്നത്. ഖസാക്കിലെ രവി കണ്ടെത്തുന്ന ഹാജരു പുസ്തകം പോലെ പച്ചമഷി കൊണ്ട് അടയാളപ്പെടുത്തിയിട്ടുള്ള എത്ര പേരുകൾ കോവിഡ് 19 മഹാവ്യാധിക്കുശേഷം ഭൂമിയുടെ പുസ്തകത്തിൽ ഉണ്ടാകും എന്ന രോദനം ഖസാക്കിന്റെ ഇതിഹാസ വായനയിലൂടെ നമ്മിലേക്കും പടരുകയാണ്. വർത്തമാനത്തിന്റെ സാമൂഹ്യാവസ്ഥകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന നോവനുഭവങ്ങൾ ലോകജനതയെ ഒതുക്കി തീർക്കുമ്പോൾ ഈ ഇതിഹാസ വായന ഒരു നേരനുഭവമായി മാറുന്നു.

*********

# സ്ത്രീസ്വത്വാവിഷ്കാരം ഒറോതയിൽ

**ഡോ. അനില സി. എസ്.**, മലയാളവിഭാഗം, പാവനാത്മാകോളേജ് മുരിക്കാശ്ശേരി

**വ**ലതിൽ നിന്നും ഒന്ന് വ്യത്യസ്തമാകുന്നത് അതിൽ നിലനിൽക്കുന്ന തനിമകൊണ്ടാണ്. അതിനാൽ ആ തനിമയെ അതിന്റെ സ്വത്വം എന്ന് വിളിക്കാം. അതായത് ഒന്നിനെ മറ്റൊന്നിൽനിന്നും വേർതിരിച്ചറിയാൻ സാധിക്കുന്ന ഘടകമാണ് സ്വത്വം. സകല ചരാചരങ്ങൾക്കും അതിന്റേതായ സ്വത്വമുണ്ട്. സ്ത്രീസ്വത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്ത്രൈണഭാവങ്ങളാണ് പ്രധാനം. പുരുഷനും സ്ത്രീയും ഒരേ അവസ്ഥയോടെ പ്രതികരിക്കുന്നത് വ്യത്യസ്ത തരത്തിലാവാം. പുരുഷനിൽനിന്ന് ഭിന്നമായി സ്ത്രീയ്ക്കുള്ള സവിശേഷതകൾ ആകെ ചേരുമ്പോൾ അത് സ്ത്രീസ്വത്വമാകുന്നു. ഗർഭധാരണം, മാതൃത്വം, മുലയൂട്ടൽ എന്നിവ സ്ത്രീയ്ക്കുള്ള സവിശേഷതകളാണ്. ശാരീരികവും മാനസികവുമായ ഈ പ്രത്യേകതകൾ അവളെ വൈകാരികതലത്തിൽ സ്വാധീ

നിക്കുകയും പുരുഷനിൽനിന്ന് വ്യത്യസ്തമായ ഒരു സ്വത്വനിർമ്മിതിക്ക് കാരണമാവുകയും ചെയ്യുന്നു.

സാഹിത്യത്തിലെ സ്ത്രീസ്വത്വങ്ങളെക്കുറിച്ച് വിശകലനം ചെയ്താൽ, ആദ്യകാലകൃതികൾ അധികവും പുരുഷകേന്ദ്രീകൃതമായിരുന്നു. അവിടെ സ്ത്രീകഥാപാത്രങ്ങൾ അപ്രധാനങ്ങളായിരുന്നു. പിന്നീട്, ഒരു സ്ത്രീ ഇങ്ങനെയായിരിക്കണം എന്ന് വിളിച്ചറിയിക്കുന്നതരം സ്ത്രീകഥാപാത്രങ്ങളിലൂടെ സാഹിത്യരൂപങ്ങൾ കടന്നുപോയി. എന്നാൽ സാമൂഹ്യപ്രശ്നങ്ങളോടൊപ്പം വ്യക്തിക്കും വ്യക്തിമനസ്സിനും പ്രാധാന്യം നൽകുന്ന ആധുനിക കാലഘട്ടത്തിൽ സ്ത്രീ സാഹിത്യത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഘടകമായി.

മലയാളസാഹിത്യത്തിന് ആധുനികതയുടെ പുതുമണം പകർന്നു നൽകിയ എഴുത്തുകാരനാണ് കാക്കനാടൻ. അദ്ദേഹത്തിന്റെ വ്യത്യസ്തമാർന്ന ഒരു നോവലാണ് ഒറോത. 1984-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ ഈ കൃതിയെ കാക്കനാടന്റെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിക്കാം. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളിലൊന്നാണ് മലബാർ കുടിയേറ്റം. എസ്.കെ. പൊറ്റക്കാടിന്റെ വിഷകന്യകയ്ക്ക് ശേഷം കുടിയേറ്റം വിഷയമായ പ്രധാനപ്പെട്ട കൃതിയാണ് ഒറോത. ***ചെമ്പേരിപ്പുഴയുടെ തീരത്ത് ഞങ്ങൾ ഇരുന്നു. ഒറോതയെ ഓർത്താൽ കരയാതിരിക്കാനാവില്ല. ഒറോതയെ ഓർക്കാതിരിക്കാൻ അത്രത്തോളംകൂടി ആവില്ല*** എന്ന് പറഞ്ഞുതുടങ്ങുന്ന നോവലിലെ ശക്തയായ സ്ത്രീകഥാപാത്രമാണ് ഒറോത.

മീനച്ചിലാറിന്റെ വക്കത്ത് പാലായ്ക്കടുത്ത് ചേർപ്പുങ്കൽ എന്ന ഗ്രാമത്തിൽ തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കകാലത്താണ് ഒറോത എത്തുന്നത്. പുഴയിലൂടെ ഒഴുകിപ്പോയ ഒരു വീട്ടിൽ നിന്ന് ഒൻപത് മാസം മാത്രം പ്രായമുണ്ടായിരുന്ന ആ കുട്ടിയെ രക്ഷപെടുത്തിയത് വെട്ടുകാട്ടിൽ പാപ്പൻ എന്ന അവിവാഹിതനായ വള്ളമൂന്നുകാരനാണ്. ഊരോ പേരോ ജാതിയോ ഒന്നും അറിയാത്ത ആ കുട്ടിയെ പാപ്പൻ തന്റെ മകളായി വളർത്തി. തന്റെ അമ്മയുടെ പേരായ ഒറോത എന്ന് അവൾക്ക് നാമകരണവും ചെയ്തു. പാപ്പന്റെയും പാപ്പന്റെ കാമുകിയായ ജാനമ്മ എന്ന കൊല്ലത്തിയുടെയും സംരക്ഷണയിൽ അവൾ വളർന്നു. ജാനമ്മയുടെ

മകൻ മുത്തുകൃഷ്ണന്റെയും പാപ്പന്റെ അനന്തരവൻ കുഞ്ഞുവർക്കിയുടെയും കളിക്കൂട്ടുകാരിയായി ഓറോത കളിച്ചുനടന്നു. സ്കൂൾ പഠനത്തിൽ അവൾ മുന്നിലായിരുന്നു. പാപ്പൻ അവളെ നീന്താനും വള്ളമൂന്നാനും പഠിപ്പിച്ചു. ജാനമ്മയിൽ നിന്നും ഭക്ഷണം പാകം ചെയ്യാൻ പഠിച്ചു. കൃഷിപ്പണിയും സ്വായത്തമാക്കി. യൗവ്വനയുക്തയായ ഒറോതയെ കുഞ്ഞുവർക്കിയെക്കൊണ്ട് പാപ്പൻ വിവാഹം കഴിപ്പിച്ചു.

മടുക്കാംകുഴി ദേവസ്യയുടെ മകൻ ***മലവെള്ളത്തിന് വന്നുകയറിയ ഊത്ത*** എന്നുവിളിച്ച് ഒറോതയെ അപമാനിച്ച അന്നു രാത്രിയിൽ പാപ്പൻ ഒറോതയെ സംബന്ധിച്ച സത്യങ്ങൾ അവളോട് തുറന്നുപറഞ്ഞു. സത്യം മനസ്സിലാക്കിയ ഒറോത, താൻ ഏകയാണെന്ന ചിന്ത അവളെ ഒരു ശൂന്യതയിലാക്കി. അതിൽനിന്ന് രക്ഷപെടാൻ അവൾ തന്റെ വളർത്തച്ഛനെ വളരെയധികം സ്നേഹിച്ചു. പാലാ വലിയപള്ളിയിലെ രാക്കുളിപെരുന്നാള് പാപ്പനെ സംബന്ധിച്ച് വലിയ ഉത്സവമായിരുന്നു. ഒറോതയെ ലഭിച്ചതിനുശേഷം വളരെ ഒതുക്കത്തോടെയാണ് അയാൾ പെരുന്നാൾ ആഘോഷിച്ചത്. ഒറോതയുടെ വിവാഹശേഷം വന്ന രാക്കുളിപെരുന്നാളിന് പോയ പാപ്പൻ മടങ്ങിവന്നില്ല. ദേവസ്യയുടെ ആൾക്കാർ പാപ്പനെ ആക്രമിച്ചു. ആശുപത്രിയിൽ വച്ച് പാപ്പൻ മരിച്ചു. വളർത്തച്ഛന്റെ ആകസ്മികമായ മരണം ഒറോതയെ അന്ധകാരത്തിന്റെ പടുകുഴിയിലേയ്ക്ക് തള്ളിയിട്ടു. പാപ്പന്റെ മരണത്തിനുശേഷം കുഞ്ഞുവർക്കി വള്ളമൂന്നാൻ പോയെങ്കിലും പാപ്പനോളം കാശുണ്ടാക്കാൻ അയാൾക്ക് കഴിഞ്ഞില്ല. കിട്ടുന്നത് കള്ള്കുടിക്കാനും പരലുകളിക്കാനും മാത്രമേ തികഞ്ഞുള്ളൂ. ഒറോതയുടെ കഷ്ടപ്പാട് കുടുംബത്തെ മുന്നോട്ടുനയിച്ചു.

ഈ സമയത്ത് മലബാറിലേയ്ക്ക ഒരുകൂട്ടം ആൾക്കാർ ഭൂമിവാങ്ങി പോകാൻ തീരുമാനിച്ചു. അങ്ങനെയാണ് ഒറോതയും കുടുംബവും അവരോടൊപ്പം കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലെത്തുന്നത്. അക്കാലത്ത് ചെമ്പേരിയിൽ പത്തോ ഇരുപതോ വീട്ടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചെമ്പേരി പട്ടണം അന്ന് ഇല്ലായിരുന്നു. ഒറോതയും ആൾക്കാരും അവിടെ പരസ്പര സഹകരണത്തോടെ ജീവിക്കാൻ ആരംഭിച്ചു. തന്റെ കത്തുന്ന സൗന്ദര്യത്തിൽ ആകൃഷ്ടരായി അടുത്തുകൂടിയ ഭർതൃസഹോദരനുൾപ്പടെയുള്ളവരെ അവൾ നിലയ്ക്കുനിർത്തി. തന്നെ കടന്നുപിടിച്ച

കങ്കാണി ഇട്ടൂപ്പ് എന്ന തെമ്മാടിയുടെ കരണത്ത് അവളടിച്ചു. നാട്ടിൽ നടപ്പുദീനം പടർന്നുപിടിച്ചപ്പോൾ ബന്ധുക്കൾപോലും ഉപേക്ഷിച്ച രോഗി കളെ ഒറോത ശുശ്രൂഷിച്ചു. ഒടുവിൽ അവളുടെയും ഭർതൃസോഹദര ന്റെയും കുട്ടികൾക്ക് രോഗം പിടിച്ചു. കുഞ്ഞുവർക്കിയും രോഗബാധിത നായി. രോഗവും ദാരിദ്ര്യവും മൂലം അവൾ വലഞ്ഞു. അങ്ങനെ പാല ത്തുങ്കൽ ഔസേപ്പച്ചൻ എന്ന മുതലാളിയുടെ ഇച്ഛയ്ക്കനുസരിച്ച് വഴങ്ങി അഞ്ച് ജീവനുകളെ രക്ഷിക്കാനുള്ള ഒറോതയുടെ ശ്രമം വിഫലമായി. പണവുമായി എത്തിയെങ്കിലും ഒറോതയുടെ രണ്ട് മക്കളും മരണത്തിന് കീഴടങ്ങി. കുഞ്ഞുവർക്കി നിത്യരോഗിയായി.

ചെമ്പേരിയിൽ എത്തിച്ചേർന്ന ഒറോതയുടെ ബാല്യകാലസുഹൃത്ത് മുത്തുകൃഷ്ണനുമായി ഒരുദിനം യാദൃശ്ചികമായി ഒറോത ശാരീരികബ ന്ധത്തിലേർപ്പെട്ടു. കുറ്റബോധത്താൽ അവളുടെ മനസ്സ് സംഘർഷപൂരി തമായി. തിരിച്ച് വീട്ടിലെത്തിയ അവൾ തന്റെ ഭർത്താവിനു മുമ്പിൽ കര ഞ്ഞ് കുഴഞ്ഞുവീണു. അന്നുരാത്രി കുഞ്ഞുവർക്കി മരിച്ചു. അങ്ങനെ തനി ക്കുള്ളതെല്ലാം നഷ്ടപ്പെട്ടപ്പോൾ ഒറോത പ്രഖ്യാപിച്ചു ***ഞാനിനി ജീവി ക്കുന്നത് ഈ നാടിനുവേണ്ടിയാണ്. ഇവിടെ പട പൊരുതാൻ വന്ന മനുഷ്യർക്കുവേണ്ടിയാണ്***. സ്ത്രീധനബാക്കിയുടെ പേരിൽ ഭർതൃഗൃ ഹത്തിൽ നിന്ന് പുറത്താക്കപ്പെട്ട വട്ടയ്ക്കാട്ട് ഇട്ടിയവിരാച്ചന്റെ മകൾക്ക് തന്റെ സ്വത്തുമുഴുവൻ നൽകിക്കൊണ്ട് ആ കുടുംബകലഹം ഒറോത പരിഹരിച്ചു.

വേനൽക്കാലത്ത് കൃഷിഭൂമികളിൽ വെള്ളമെത്തിക്കാനുള്ള ഒരു ഭഗീ രഥപ്രയത്നമാണ് ചെമ്പേരിയിൽ നടന്നത്. മലയുടെ തലപ്പത്തുള്ള ഉറ വകളിൽ നിന്ന് വെള്ളം കൊണ്ടുവരുവാനാണ് പരിപാടി. കാട്ടിലൂടെ വഴി തെളിച്ച് മുകളിലെത്തണം. ഒറോതയുടെ പ്രയത്നത്തോടൊപ്പം കുറെ ചെറുപ്പക്കാരും പങ്കുചേർന്നു. ദിവസങ്ങൾ നീണ്ടുനിന്ന കഠിനാധ്വാന ത്തിന്റെ അന്ത്യദിനത്തിൽ വൈകുന്നേരത്ത് അനുയായികളിൽ കുറെ പ്പേരെ കാടുവെട്ടിത്തെളിക്കാനും കുറെപ്പേരെ വന്യമൃഗങ്ങളെ ഒച്ചയിട്ടോ ടിക്കാനും വേണ്ടി ഓരോ സ്ഥാനത്ത് ഒരുക്കിനിർത്തിയിച്ച് ഒറോത ഒറ്റയ്ക്ക് കാട്ടുചെടിപ്പടർപ്പുകൾ വെട്ടിമാറ്റിക്കൊണ്ട് മുകളിലേയ്ക്കുചൂ ണ്ടിപ്പറഞ്ഞു ***ദേ ആ പാറക്കൂട്ടത്തിനടുത്തെത്തിയിട്ട് ഞാൻ കൂവിവി***

***ളിക്കും. നിങ്ങളങ്ങു വന്നാൽ മതി. വൈകിപ്പോയാൽ വരണ്ട. ഞാൻ തിരിച്ചിറങ്ങിവരാം.*** ആരും തന്നോടൊപ്പം വരാൻ അവൾ സമ്മതിച്ചില്ല. കാടുവെട്ടിത്തെളിച്ച് വഴിയുണ്ടാക്കി ഒറോത നടന്നുകയറി. സന്ധ്യമയങ്ങിയിട്ടും ഒറോത മടങ്ങിവന്നില്ല. പിറ്റേന്ന് മലകയറിച്ചെന്നവർക്ക് ഒറോതയെ കണ്ടുപിടിക്കാനായില്ല. ഒറോത അപ്രത്യക്ഷയായിരുന്നു. മലമുകളിൽ ചെന്നവർക്ക് അവിടെ വറ്റാത്ത ഉറവയൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. പോയവർക്കാർക്കും ഒറോതയുടെ അവശിഷ്ടങ്ങൾ പോലും കണ്ടെത്താനായില്ല. ഒറോതയുടെ ഗന്ധം മാത്രം അവിടെയെങ്ങും തങ്ങിനിന്നിരുന്നു. ഒറോത കയറിപ്പോയ മലയെ ഒറോതക്കുന്ന് എന്ന് നാട്ടുകാർ വിളിക്കുന്നു. അങ്ങനെ ഒരു ജലപ്രളയത്തിൽ എങ്ങോനിന്നോ ഒഴുകിയെത്തിയ അവൾ ഒരു ജലപ്രവാഹത്തിന്റെ ഉത്ഭവം തേടിയുള്ള യാത്രയിൽ എങ്ങോ പോയിമറഞ്ഞു.

ഒറോതയുടെ ഈ കഥയിൽ ഒറോത എന്ന സ്ത്രീയുടെ വിവിധ ഭാവങ്ങൾ ദർശിക്കാൻ കഴിയും. വെട്ടുകാട്ടിൽ പാപ്പൻ എന്ന ആരോഗ്യദൃഢഗാത്രനും അവിവാഹിതനുമായ ആളുടെ  മകളായിരിക്കുമ്പോൾ ഒരു പുത്രിയുടെ എല്ലാ കടമകളും നിർവ്വഹിക്കുന്ന ഒറോതയെ കാണാം. പഠനത്തിലും പാചകത്തിലും കൃഷിപ്പണികളിലും വള്ളമൂന്നുന്നതിനും നീന്തലിലുമെല്ലാം അവൾ മുൻപന്തിയിലായിരുന്നു. ഏത് കാര്യവും പൂർണ്ണതയോടെയും മികവോടെയും അവൾ ചെയ്തിരുന്നു. പാപ്പന്റെ മകളല്ല എന്ന് അറിഞ്ഞ നിമിഷം മുതൽ അവൾ തന്റെ വളർത്തച്ഛനെ വളരെയധികം സ്നേഹിക്കുകയാണ്. പാപ്പൻ മരിച്ചപ്പോൾ ഒറോതയ്ക്ക് ഒരു ശൂന്യതയാണ് അനുഭവപ്പെട്ടത്. പാലായിൽ നിന്നും ചെമ്പേരിയിൽ എത്തിയപ്പോഴും രാക്കുളിപ്പെരുന്നാൾ ദിവസം അവൾ അപ്പന്റെ ഓർമ്മ വർക്കിയോട് പങ്കിടുന്നു. വളർത്തച്ഛൻ എങ്കിലും ഒരു മകളുടെ എല്ലാ കർത്തവ്യങ്ങളും പാപ്പനോട് ഒറോത നിറവേറ്റി.

മകളായിരിക്കുമ്പോൾ തന്നെ ഒരു നല്ല കളിക്കൂട്ടുകാരിയെ ഒറോതയിൽ കാണാൻ കഴിയുന്നു. ഒറോതയ്ക്കുവേണ്ടി പരസ്പരം മത്സരിച്ച് ഓരോന്നുചെയ്യുന്ന മുത്തുകൃഷ്ണന്റെയും കുഞ്ഞുവർക്കിയുടെയും സ്നേഹനിധിയായ കൂട്ടുകാരി. ഒറോത രണ്ടുപേരെയും ഒരുപോലെ സ്നേഹിച്ചു. കാലം കടന്നുപോയപ്പോൾ കുഞ്ഞുവർക്കിയുടെ ഭാര്യാ

വുകയാണ് ഒറോത. കളിക്കൂട്ടുകാരിയിൽ നിന്നും ഒരു ഉത്തമഭാര്യയായി മാറുകയാണ്. ***വിവാഹം കഴിഞ്ഞതോടെ ഒറോതയുടെ കുട്ടിത്തം ആകെ വിട്ടു. പതംവന്ന ഒരു ഭാര്യയെപ്പോലെ, ഇരുത്തം വന്ന ഒരു വീട്ടമ്മയെപ്പോലെ അവൾ പെരുമാറി. പകൽ മുഴുവൻ അവൾ അധ്വാനിച്ചു. രാവിലെ എണീറ്റ് കെട്ടിയവന്റെ കാൽതൊട്ടുവന്ദിച്ച് ദിനകൃത്യങ്ങൾ ആരംഭിച്ചു***. കള്ളുകുടിച്ച് പരല് കളിച്ച് നടക്കുന്ന ഭർത്താവിനോട് അവൾക്ക് സഹതാപമാണ് തോന്നിയത്. ഭാര്യയോടൊപ്പം ഒരമ്മ എന്ന സ്ഥാനംകൂടി അലങ്കരിക്കുന്നതിനാൽ അവൾ രാപകൽ കഷ്ടപ്പെട്ട് തന്റെ രണ്ടാൺമക്കളെ വളർത്തി. അറിവും സ്നേഹവും പ്രദാനം ചെയ്യുന്ന ഒരമ്മയാണ് ഒറോത. ചെമ്പേരിയിലേയ്ക്കുള്ള യാത്രയിൽ വഴിയിൽ കണ്ട കാഴ്ചകൾ തന്റെ അറിവിന്റെ പരിമിതിയിൽ നിന്നുകൊണ്ട് മക്കൾക്ക് പങ്കുവയ്ക്കുന്ന അമ്മയാണ് ഒറോത. വക്കച്ചനേയും പാപ്പനേയും അടുത്തിരുത്തി അക്ഷരം പഠിപ്പിക്കുന്ന ഒറോത അറിവാണ് തെളിവ് എന്ന് മനസ്സിലാക്കിയ ഒരമ്മ കൂടിയാണ്. കഷ്ടപ്പാടും ദാരിദ്ര്യവും പലപ്പോഴും ഇരുട്ടിലാഴ്ത്തിയിരുന്നെങ്കിലും മാനം നഷ്ടപ്പെടുത്താത്ത ഒറോത തന്റെ മക്കൾക്കും ഭർത്താവിനും വേണ്ടി പാലത്തുങ്കൽ ഔസേപ്പിന് തന്റെ ശരീരത്തെ നൽകി. എന്നാൽ ഈശ്വരഹിതം മറ്റൊന്നായിരുന്നതിനാൽ രണ്ട് മക്കളെയും അവൾക്ക് നഷ്ടപ്പെട്ടു.

മകൾ, കൂട്ടുകാരി, ഭാര്യ, അമ്മ എന്നീ സ്ത്രീഭാവങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്ന ഒറോതയുടെ തനിമ എന്ന് എടുത്തുപറയാവുന്ന സ്ത്രീത്വഭാവം ഒരു സാമൂഹികജീവി എന്ന നിലയിലുള്ളതാണ്. ചെമ്പേരിയിൽ എത്തിയതിനുശേഷമുള്ള ഒറോതയിലാണ് അതിന്റെ ഏറിയ ഭാഗവും ദൃശ്യമാകുന്നത്. ചെമ്പേരിപ്പുഴയുടെ തെക്കുകിഴക്കേ കരയ്ക്കുള്ള ഒരു കാട്ടുപ്രദേശം എട്ടു കുടുംബക്കാർക്കുംകൂടി നൂറ്റമ്പതിലേറെ ഏക്കർ വരുന്ന ഒരു മലയടിവാരം. ***ഈ കാട് ഞാൻ പറുദീസയാക്കും***. അവൾ തന്നോടുതന്നെ പറഞ്ഞു. ***ഈ മണ്ണ് ഞാൻ പൊന്നാക്കും***. പിന്നീടുള്ള ചെമ്പേരിയുടെ ചരിത്രം ഒറോതയുടെ നിശ്ചയദാർഢ്യത്തിന്റെ ചരിത്രമാണ്. സംഘടിതയത്നത്തിന്റെ മഹത്വം അവൾ ജനങ്ങളെ പഠിപ്പിച്ചു. മറ്റുള്ളവരെ വീടുവയ്ക്കാനും കൃഷിപ്പണി നടത്താനും അവൾ സഹായിച്ചു. ***ഉപകാരം ചെയ്യുന്നതുകൊണ്ട് ഒരു ദോഷവും വരികയില്ല*** അതാ

യിരുന്നു ഒറോതയുടെ പ്രമാണം. നാട്ടിൽ നടപ്പുദീനം ബാധിച്ചപ്പോൾ ഉറ്റവർ പോലും ഉപേക്ഷിച്ചവരെ ഒറോത ശുശ്രൂഷിച്ചു.

ഒരു കാലവർഷക്കാലത്ത് ഒറോതയുടെ മറ്റൊരു മുഖം ചെമ്പേരിവാസികൾ കണ്ടു. ചായക്കടക്കാരൻ കുട്ടിയച്ചന്റെ മകൻ ബേബി നിറഞ്ഞൊഴുകുന്ന പുഴയിൽ കാൽവഴുതിവീണു. കൊച്ചിനെ രക്ഷിക്കാൻ ആരും ഒരുമ്പെട്ടില്ല. അതുവഴിവന്ന ഒറോത കുത്തൊഴുക്കിലേയ്ക്ക് എടുത്തുചാടി കുട്ടിയെ രക്ഷപെടുത്തി. ***ഒറോതേ, നീ മനുഷ്യസ്ത്രീയല്ല, ദേവിയാണ്*** എന്നുപറഞ്ഞ് ആ സമയം കുട്ടിയച്ചൻ അവളുടെ കാൽതൊട്ടു തൊഴുതു. സ്കൂൾ കെട്ടിടമുണ്ടാക്കുവാൻവേണ്ടി കിളയ്ക്കുകയും കല്ലു ചുമക്കുകയും ചെയ്യുന്ന കാര്യത്തിലും, വഴിവെട്ടുന്ന കാര്യത്തിലും, കുളം നിർമ്മിക്കുന്ന കാര്യത്തിലുമൊക്കെ അവൾ മുൻപന്തിയിൽതന്നെ ഉണ്ടായിരുന്നു. മടിച്ചുപിന്മാറാൻ നിന്ന മുതിർന്നവർക്ക് ഉത്തേജനം നൽകി അവൾ അവരെ കൂടെനിർത്തി. ക്ഷീണിതരെ സഹായിച്ചു.

വട്ടയ്ക്കാട്ട് ഇട്ടിയവിരാച്ചന്റെ മകൾ അന്നക്കുട്ടിയുടെ വിവാഹാനന്തരം സ്ത്രീധന തുകയുടെ പേരുപറഞ്ഞ് ചെറുക്കൻ പെണ്ണിനെയും കുട്ടിയെയും വീട്ടിൽ കൊണ്ടുവന്നുവിട്ടു. വിവരമറിഞ്ഞ ഒറോത ചെറുക്കന്റെ വീട്ടിൽ തനിക്കുള്ള വീടും സ്ഥലവും അന്നക്കുട്ടിയ്ക്ക് നൽകി ആ പ്രശ്നം പരിഹരിച്ചു. അതിൽ സന്തോഷവാനായ ഇട്ടിയവിര ***ഒറോതെ നീ ഒരവതാരമാ*** എന്നുപറഞ്ഞ് കുട്ടിയച്ചൻ പറഞ്ഞ വാക്കുകൾ ആവർത്തിച്ചു. ചെമ്പേരിയും പരിസരപ്രദേശങ്ങളും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ആ അഭിവൃദ്ധിയുടെ ഓരോ പടവും കെട്ടി ഉയർത്തുന്നതിൽ ഒറോത ഒരു പ്രധാന പങ്കുവഹിച്ചിരുന്നു.

കുഞ്ഞുവർക്കിയുടെ മരണശേഷം ഏഴ് വർഷങ്ങൾ കഴിഞ്ഞ്, വേനൽക്കാലത്ത് കൃഷിഭൂമിയിൽ വെള്ളമെത്തിക്കാനുള്ള ഒരു കഠിനപ്രയത്നത്തിൽ ഒറോതയുടെ നേതൃത്വത്തിൽ ഒരുകൂട്ടം ആൾക്കാർ പങ്കെടുത്തു. ഒരാഴ്ചത്തെ പണികഴിഞ്ഞ് ഒരു വൈകുന്നേരം കൂടെയുള്ളവരെ ചില ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ച് മലമുകളിലേയ്ക്ക് കയറിയ ഒറോത പിന്നീട് മടങ്ങിവന്നില്ല. അങ്ങനെ മലവെള്ളത്തിൽ ഒലിച്ചുവന്ന ഒറോത വെള്ളമന്വേഷിച്ചുള്ള യാത്രയിൽ അപ്രത്യക്ഷമായി. ഈ തിരിച്ചുപോക്കിന് മുമ്പ് ഒരു സ്ത്രീ എന്ന നിലയിൽ നിന്നുകൊണ്ട് കുടുംബത്തിനും

സമൂഹത്തിനും അവൾ നന്മകൾ മാത്രം ചെയ്തു. നോവലിസ്റ്റിന്റെ വാക്കുകളിൽ പറഞ്ഞാൽ "ഒറോതയുടെ മുഖം, മുഖങ്ങൾ ഞങ്ങൾ കാണുന്നു. മീനച്ചിലാറ്റിലൂടെ ഒഴുകിവന്ന വീട്ടിനുള്ളിൽ, തുണിത്തൊട്ടിലിനുള്ളിൽകിടന്ന് നിലവിളിക്കുന്ന ഒരു വയസ്സ് തികയാത്ത കുഞ്ഞിന്റെ മുഖം, വെട്ടുകാട്ട് പാപ്പന്റെ മുതുകത്ത് കയറിയിരുന്ന് ആനകളിക്കുന്ന കൂമ്പാളക്കാരിയുടെ മുഖം. ആനിമരച്ചുവട്ടിൽ മുകളിലേയ്ക്ക് നോക്കി ആനിയ്ക്കാവിളയ്ക്കുവേണ്ടി കാത്തുനിൽക്കുന്ന പാവാടക്കാരിയുടെ മുഖം. കുഞ്ഞുവർക്കിയുമായുള്ള വിവാഹം കഴിഞ്ഞിറങ്ങുന്ന നവവധുവിന്റെ വ്രീളാവിവശമായ മുഖം. അപ്പന്റെ മരണക്കിടക്കയ്ക്കടുത്തുനിന്നു കേഴുന്ന വളർത്തുമകളുടെ ദുഃഖം നിറഞ്ഞ മുഖം. അധ്വാനത്തിന്റെ പ്രതീകമായ ഒറോതയുടെ എന്തിനെയും വെല്ലുവിളിക്കുന്ന മുഖം. കങ്കാണി ഇട്ടൂപ്പിന്റെ ചെകിട്ടത്തടിച്ച തന്റേടത്തിന്റെ മുഖം. കളിക്കൂട്ടുകാരനോടൊപ്പം ജീവിതത്തിൽ ഒരിക്കൽമാത്രം ലൈംഗികസുഖം അനുഭവിച്ച സ്ത്രീയുടെ രതിമൂർച്ഛയുടെ മുഖം. ഭർത്താവിന്റെ മുമ്പിൽ കരഞ്ഞുവീഴുന്ന ആദിപാപത്തിന്റെ മുഖം. മലവെട്ടി, കാടരിഞ്ഞുതള്ളി മുകളിലേയ്ക്കു മുകളിലേയ്ക്ക് ഗംഗ തേടി കയറിപ്പോകുന്ന അജയ്യതയുടെ കരുവാളിച്ച മുഖം. ആ മുഖങ്ങൾ ഞങ്ങളുടെ മുമ്പിൽ നിരനിരയായി നീങ്ങുന്നു".

ഒരു കുടിയേറ്റത്തിന്റെ കഥ പറയുന്ന കൃതിയെങ്കിലും നോവൽ വായിച്ച് അവസാനിക്കുമ്പോൾ ആസ്വാദകന്റെ ഉള്ളിൽ മിന്നിമറയുന്നത് ഒറോതയെന്ന സ്ത്രീയുടെ വിവിധ ഭാവങ്ങളാണ്. സ്ത്രീസ്വത്വത്തിന്റെ വ്യത്യസ്തമായ ഒരു തലമാണ് ഒറോത മുന്നോട്ടുവയ്ക്കുന്നത്.

*********

# ശലഭവീടുകൾതേടി ഒരു യാത്ര

**നിമ്മി കുര്യൻ**, മലയാളവിഭാഗം, പാവനാത്മാകോളേജ് മുരിക്കാശ്ശേരി

(പി. സുരേന്ദ്രന്റെ ജിനശലഭങ്ങളുടെ വീട്
എന്ന നോവലിനെ അടിസ്ഥാനമാക്കിയുള്ള പഠനം)

മനുഷ്യസംസ്കാരം പ്രകൃതിയിലധിഷ്ഠിതമാണ്. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, മിത്തുകൾ, ചിത്രങ്ങൾ, ശില്പകല, ദൃശ്യകല, കഥകൾ, നാടൻപാട്ടുകൾ എന്നിവയിലെല്ലാം ഉൾച്ചേർന്നിരിക്കുന്നത് പ്രകൃതിയാണ്. എന്നാൽ മാനവരാശിയുടെ വികാസത്തിന്റെ പാതയിൽ പ്രകൃതിയും പ്രകൃതിജന്യമായ സംസ്കാരവും തമ്മിൽ സംഘർഷമുണ്ടാവുകയും നാഗരികനായ മനുഷ്യനു ചൂഷണം ചെയ്യാനുള്ള ഒരു അചേതന വസ്തുവായി പ്രകൃതി പരിണമിക്കുകയും ചെയ്തു. അത് അവന് കേവലം അസംസ്കൃത വസ്തുവായി മാറി. ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയോടുകൂടി നമ്മുടെ പരമ്പരാഗത മൂല്യങ്ങളും നാട്ടറിവുകളും പുത്തൻ നാഗരിക സംസ്കാരത്തിന്റെ ചവിറ്റുകൊട്ടയിലായി.ഈ വിസ്മൃതിയും വലിച്ചെറിയലുമാണ് ഉപഭോഗസംസ്കാരത്തിന്റെ പ്രധാന

സ്വഭാവം. ഇതിന്റെ സന്തതിയാണ് നാം ഇന്നു കാണുന്ന പാരിസ്ഥിതിക പ്രതിസന്ധി. പ്രകൃതിയുടെ തിരിച്ചടികളിൽനിന്ന് പ്രകൃതി തന്നെയാണ് ജീവന്റെ അധിഷ്ഠാനം എന്ന തിരിച്ചറിവിലേക്ക് ആധുനിക മനുഷ്യൻ വളരേണ്ടിയിരിക്കുന്നു. ഭൗതിക സ്ഥലം എന്ന പോലെ പ്രകൃതി സാംസ്കാരിക സ്ഥലവുമാണ്. ഇത്തരത്തിൽ പ്രകൃതിയുമായി ബന്ധപ്പെട്ട ചിന്തകളെയും ആകുലതകളെയും ആഴത്തിൽ അടയാളപ്പെടുത്തുന്ന സാഹിത്യ ശാഖയാണ് ഹരിതനോവൽ.

എൺപതുകളുടെ രണ്ടാം പകുതിയിലാണ് മലയാള നോവലിൽ പാരിസ്ഥിതിക സ്വാധീനം ഗൗരവതരമായ രീതിയിൽ പ്രകടമാകുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പ്രാഥമിക ജൈവബന്ധം, ആവാസ വ്യവസ്ഥ, സംഘർഷങ്ങൾ, ആവാസവ്യവസ്ഥയുടെ തകർച്ച, ജീവജാലങ്ങളുടെയും വൃക്ഷലതാദികളുടെയും അന്യംനിൽക്കൽ, സാങ്കേതിക വിദ്യയുടെ മുന്നേറ്റം, മുതലാളിത്തം ഏൽപ്പിക്കുന്ന ആഘാതങ്ങൾ, ശാസ്ത്രത്തിന്റെ ദുരുപയോഗം, ഭരണകൂടത്തിന്റെയും അധികാരത്തിന്റെയും കൊള്ളരുതായ്മകൾ , വർഗ്ഗ-ലിംഗ–വർണ്ണ പ്രശ്നങ്ങൾ തുടങ്ങി നിരവധി വിഷയങ്ങൾ ഹരിതനോവലിന്റെ പരിധിയിൽപെടുന്നു.

മായാപുരാണം, കാവേരിയുടെ പുരുഷൻ, ജൈവം, ഗ്രീഷ്മമാപിനി എന്നീ നോവലുകളിലൂടെ പി. സുരേന്ദ്രൻ എന്ന എഴുത്തുകാരൻ നടത്തിയ ഹരിതാന്വേഷണത്തിന്റെ തുടർച്ചയും വളർച്ചയുമാണ് *ജിനശലഭങ്ങളുടെ വീട്* എന്ന നോവൽ. വർത്തമാനകാല സമസ്യകളെ നിർദ്ധാരണം ചെയ്യാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഈ നോവലിലും പ്രകടമാണ്. ആധുനിക മനുഷ്യന് അന്യമായ പ്രകൃത്യാധിഷ്ഠിതമായ നന്മയും നൈസർഗ്ഗികതയും വീണ്ടെടുക്കാനുള്ള അടങ്ങാത്ത അന്തർദാഹമാണീ നോവലിൽ പ്രകടമാകുന്നത്.

അനാഥരായ രാമാനുജൻ എന്ന യുവാവിന്റെയും ധനലക്ഷ്മി എന്ന യുവതിയുടെയും സ്വന്തമായൊരു വീട് എന്ന സ്വപ്നത്തിലേക്കുള്ള യാത്രയാണീ നോവൽ. അനാഥത്വം എന്ന സമാനതയാവാം ഇവരെ വീടുകളെകുറിച്ചുള്ള സങ്കൽപങ്ങളിൽപോലും ഒരുമയോടെ നിർത്തുന്നത്. ഉപജീവനാർത്ഥം നഗരങ്ങളിലേക്കു കുടിയേറുന്ന ഓരോ വ്യക്തിക്കും ഇത്തരം സ്വപ്നങ്ങൾ ഉണ്ടാവും. നഗരജീവിതത്തിന്റെ ശിഥിലത,

ആൾക്കൂട്ടം, പ്രവാസയോഗ്യമല്ലാത്ത പരിസ്ഥിതി, വിപണിയുടെ കടന്നു കയറ്റം, പ്രതീതി യാഥാർത്ഥ്യങ്ങൾ , സാങ്കേതിക വിദ്യകൾക്കു മുമ്പിൽ തകരുന്ന വ്യക്തി ബന്ധങ്ങൾ, നഗരമാലിന്യം സൃഷ്ടിക്കുന്ന ശാരീരികാ സ്വാസ്ഥ്യങ്ങൾ ഇവയെല്ലാം രാമാനുജനെയും ധനലക്ഷ്മിയെയും ഗ്രാമ ത്തിലേക്ക് പറിച്ച് നടപ്പെടാൻ തീവ്രമായി പ്രേരിപ്പിക്കുന്നു. ഗ്രാമീണ ജീവി തവും ചുറ്റുപാടും, വീടും തങ്ങളെ സനാഥത്വത്തിലേക്ക് എത്തിക്കുമെന്ന് അവർ പ്രത്യാശിക്കുന്നു. ഇതിവൃത്തത്തിന്റെ ആദ്യപകുതി നായി കാനായകൻമാരുടെ ശുഭപ്രതീക്ഷയോടെ അവസാനിക്കുകയാണ്. വീടു വെക്കാനുള്ള പച്ചപ്പിന്റെ തുരുത്തുതേടിയുള്ള യാത്രകളും, ആ യാത്ര യിലുടനീളം നേരിടേണ്ടിവരുന്ന പ്രതിസന്ധികളും, ഉത്തരമില്ലാത്ത ചോദ്യങ്ങളുമടങ്ങുന്ന രണ്ടാം പകുതിയോടെ നോവൽ അവസാനിക്കു ന്നു. ഈ യാത്രയിൽ അവർ അഭിമുഖീകരിക്കുന്നത് വർത്തമാനകാല പാരിസ്ഥിതിക സംഘർഷങ്ങളെ തന്നെയാണ്. കേന്ദ്രകഥാപാത്രങ്ങളുടെ മനസിൽ അവശേഷിക്കുന്ന ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള ബാധ്യത വായനക്കാരിലേക്ക് എത്തിക്കുകയാണ് നോവ ലിസ്റ്റ്.

ഖുബ്ബൂസ് എന്നു പേരുള്ള അറബിക് റസ്റ്റോറന്റിൽവച്ച് വീടിനെക്കു റിച്ചുള്ള തങ്ങളുടെ സ്വപ്നങ്ങൾ പങ്കുവയ്ക്കുന്ന രാമുജനെയും ധനല ക്ഷ്മിയെയും വായനക്കാർ ആദ്യം കണ്ടുമുട്ടുന്നു. മറ്റേതോ ദേശത്തെയും കാലത്തേയും പുനർനിർമ്മിക്കുവാനുള്ള വ്യഗ്രതയും താല്പര്യവും ആ റസ്റ്റോറന്റിന്റെ അലങ്കാരങ്ങളിൽ കാണാമായിരുന്നു. തങ്ങളുടെ സ്വപ്ന സാക്ഷാത്കാരത്തെക്കുറിച്ചു സംസാരിക്കുന്നതിനിടയിൽ ധനത്തിന്റെ ശരീരത്തിലേക്ക് രാമാനുജന്റെ സംഭാഷണങ്ങൾ എത്തിച്ചേരുമ്പോൾ ധന ത്തിന്റെ മറുപടി ശ്രദ്ധേയമാണ്. ശരീരം അതിന്റെ സ്വാഭാവികതയിൽ പ്രകൃതിയിൽ അലയുകയും അലിയുകയും വേണമെന്നാണ് ധനലക്ഷ്മി യുടെ പക്ഷം. മണ്ണിരയെപ്പോലെ പ്രകൃതിയോടിണങ്ങി ജീവിക്കാൻ സാധി ക്കണം മനുഷ്യർക്കെന്ന് അവൾ പറയും. പ്രകൃതിയിലേക്ക് പഞ്ചേന്ദ്രിയ ങ്ങൾ തുറന്ന് വച്ച് അതിന്റെ ചൈതന്യത്തെ ആവാഹിക്കാൻ ശ്രമിക്കുന്ന എഴുത്തുകാരന്റെ കാഴ്ചപ്പാടുതന്നെയാണ് ഈ വാക്കുകളിൽ ദൃശ്യമാ കുന്നത്.

വീടിനുള്ള സ്ഥലമന്വേഷിച്ച് കേന്ദ്രകഥാപാത്രങ്ങൾ നടത്തുന്ന യാത്ര യിൽ കാർഷിക ഗ്രാമങ്ങളും അവരുടെ സവിശേഷ ജീവിത ശൈലിയു മെല്ലാം കടന്നു വരുന്നുണ്ട്. അവരുടെ വീടുകളെ ശലഭവീടുകൾ എന്നാണ് ധനലക്ഷ്മി വിളിക്കുന്നത്. ആദിമമായ വിശുദ്ധിയിൽ ജീവിക്കുന്ന മനു ഷ്യരും, അവരുടെ ജീവിത ഭാഗമായിരുന്ന കാളവണ്ടിയും കടന്നുവരു മ്പോൾ *ആവശ്യത്തിനും അനാവശ്യത്തിനും മോട്ടോർ വാഹനമുപയോ ഗിച്ച് വിഷപ്പുക പുറത്തേക്കു തുപ്പി ശ്വസിക്കുന്ന വായു മലിനപ്പെടുത്തി യതിന്റെ പാപം അവർക്ക് ഏറ്റു വാങ്ങേണ്ടി വന്നില്ല. ജൈവികമായ ചാക്രി കതയായി കാളവണ്ടിചക്രങ്ങൾ ഗ്രാമങ്ങളിൽ നിലനിന്ന് ആർത്തിയില്ലാ യ്മയുടെ പര്യായമായി കാളവണ്ടികൾ നഗരത്തിലേക്കു വന്നു* എന്നീ സൂചനകൾ, ജൈവിക ചാക്രികതയിലൂടെ പ്രകൃതിയിലേക്ക് എത്തിച്ചേ രേണ്ടവനാണ് മനുഷ്യൻ എന്ന ഉദ്ബോധനം തന്നെയാണ്. കാള വണ്ടിയിലെ യാത്രക്കാരായ സാധാരണക്കാരായ കർഷകരോടുള്ള നഗരവാസികളുടെ മനോഭാവത്തെയും പരിഹസിക്കാൻ നോവലിസ്റ്റ് മറ ന്നിട്ടില്ല. *ധാന്യവും പച്ചക്കറികളുമായി കാളവണ്ടികൾ നഗരത്തിലേക്കു വരും. അത്തരം കാളവണ്ടികൾകൊണ്ട് നഗരത്തിൽ ചിലപ്പോൾ ട്രാഫിക് ജാം ഉണ്ടാവും. വിലകൂടിയ കാറുകളിൽനിന്ന് കാളവണ്ടിക്കാരനായ കർഷ കനുനേരെ തെറിവിളികളുയരും. ചോളവും റാഗിയും കടലയും, ഉരുള കിഴങ്ങും തിന്നതിന്റെ ഊർജത്താലുള്ള തെറിവിളികൾ. പക്ഷേ അതു കേൾക്കുമ്പോൾ കാളവണ്ടിക്കാരനു ദേഷ്യം വരില്ല. അയാൾ ചിരി ച്ചുകൊണ്ടിരിക്കും. അതിവേഗങ്ങളോടും പൊങ്ങച്ചങ്ങളോടും കുതറുന്ന ജ്ഞാനിയുടെ ചിരി.* ഈ ചിരി പ്രകൃതിയുമായി നിരന്തരം സംവേദനം നടത്തുന്ന പ്രകൃതിയുടെ രഹസ്യങ്ങൾ അറിഞ്ഞ ജ്ഞാനിയുടേതാണ്. നഗരത്തിൽവച്ച് ഇത്തരം ധാരാളം കാഴ്ച്ചകൾക്ക് രാമാനുജനും ധനല ക്ഷ്മിയും സാക്ഷികളായിട്ടുണ്ട്.

നഗരജീവിതത്തിന്റെ ഇത്തരം നൊമ്പരങ്ങളിൽ നിന്നാണ് ഇഷ്ടമുള്ളി ടത്തേക്കു തെളിച്ചുകൊണ്ടുപോകാവുന്ന വീട് എന്ന സങ്കൽപത്തിലേക്കു അവർ എത്തുന്നത്. ദേശത്തെക്കുറിച്ചോ അതിർത്തിയെക്കുറിച്ചോ തർക്കി ക്കാത്തതും, മണ്ണിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ച് വ്യാകുലതയില്ലാത്ത തുമായ വീടുകളാണവ. ചിലപ്പോൾ കാറ്റിനു കാതോർത്തും, ചിലപ്പോൾ

വയലുകളുടെ മഹാവിസ്മൃതിയെനോക്കി ധ്യാനിച്ചും മേഘങ്ങളെ തൊട്ടു കൊണ്ടുമുള്ള വീടുകളാണത്. ഭാരമില്ലാത്ത വീടുകളിൽ പാർക്കുന്നതു കൊണ്ട് അവർ ഉല്ലാസവാന്മാരായിരുന്നുവെന്നും അവരുടെ കലഹങ്ങളിൽ പോലും നിറയെ സ്നേഹമായിരുന്നുവെന്നുമുള്ള നിരീക്ഷണത്തിൽ നായി കാനായകൻമാർ എത്തിച്ചേരുന്നു.

ഇത്തരത്തിലുള്ള ദൃശ്യങ്ങളുടെ വർണ്ണപ്പൊലിമയിൽ ഭ്രമിച്ച് മുമ്പോട്ടുപോകുമ്പോൾ മലയാളിയുടെ ഉപഭോഗസംസ്കാരവും, വിപണിയും, മാധ്യമങ്ങളും ചേർന്ന് സൃഷ്ടിക്കുന്ന യാഥാർത്ഥ്യരഹിതമായ ഇടങ്ങളും കൂട്ടിച്ചേർത്ത് മറ്റൊരു സ്ഥലവും കാലവും നോവലിൽ അവതരിപ്പിക്കപ്പെടുന്നു. ധനത്തിന്റെയും രാമന്റെയും ഭക്ഷണശീലങ്ങളും, തൂക്കംനോക്കുന്ന യന്ത്രത്തിൽകയറി ശരീരഭാരത്തെക്കുറിച്ച് ആകുലപ്പെടുന്നതും ഒരു ശരാശരി മലയാളിയുടെ അവസ്ഥയെതന്നെയാണ് ആവിഷ്കരിക്കുന്നത്. ടി.വി.യിലെ പാചകം കണ്ണുകൊണ്ട് രുചിച്ച് തൃപ്തിയടയുന്ന ചെറുപ്പക്കാരും മുതിർന്നവരും നമ്മുടെ നാട്ടിൽ പെരുകി വരികയാണ്. അനാരോഗ്യകരമായ ഭക്ഷണശീലംതന്നെയാണ് കാരണം. *പാചകഷോകൾക്ക് ആരാധകർ കൂടിവരുന്നതു കണ്ടില്ലേ? ഒരുതരം സൈബർതീറ്റ ശരീരത്തിന് ആവതില്ലാത്തതുകൊണ്ട് തീൻമേശക്കു മുന്നിലെന്നപോലെ ടി. വി. ക്കു മുന്നിലിരിക്കും. അതിലെ അടുക്കളയിൽ വേവുന്ന ആഹാരം കണ്ട് ഉമിനീരിറക്കും. എന്നിട്ട് കുമ്പളങ്ങാനീരോ കയ്പക്കാനീരോ കുടിച്ച് കിടക്കാൻപോകും.* മലയാളിയുടെ ജീവിതത്തിന്റെ പൊള്ളത്തരങ്ങളെ വിമർശന വിധേയമാക്കുകയാണിവിടെ നോവലിസ്റ്റ് ചെയ്യുന്നത്.

മാരകമായ രാസപദാർത്ഥങ്ങൾ നല്ല കുപ്പികളിലാക്കി ബ്രാൻഡഡ് ഉൽപന്നമായി മാറുന്നതും ലോകോത്തര ബ്രാൻഡ് കേക്കിൽ പുഴുവരിക്കുന്നതും ചെടികളിൽ തളിച്ച് കീടങ്ങളെ കൊല്ലാനുതകുന്ന ശീതളപാനീയങ്ങൾ ക്രിക്കറ്റ് കളിക്കാരനും സിനിമാ താരവും ഉയർത്തിക്കാണിച്ചാൽ ആരോഗ്യപാനീയമാകുന്നതിന്റെ പൊങ്ങച്ചത്തെയും ധനലക്ഷ്മിയിലൂടെ വിമർശനബുദ്ധ്യാ അവതരിപ്പിക്കുന്നു. റിയൽ എസ്റ്റേറ്റ് ഗ്രൂപ്പുകളുടെ കുശാഗ്രബുദ്ധിയും കച്ചവട തന്ത്രവുമെല്ലാം തുടർന്നുവരുന്ന ഭാഗങ്ങളിൽ ചർച്ചചെയ്യപ്പെടുന്നുണ്ട്. പരസ്യം കണ്ട് ഭ്രമിച്ച് ഫ്ളാറ്റ് ബുക്ക് ചെയ്യാനെത്തിയ ധനത്തെയും രാമാനുജനെയും കാത്തിരുന്നത് പരസ്യ

ത്തിൽ കണ്ടതിന് നേർ വിപരീതാവസ്ഥയായിരുന്നു. പരസ്യത്തിലെ ആകാശത്തിന്റെ നീലിമയ്ക്കു പകരം പുകതുപ്പുന്ന പുകക്കുഴലുകളും താമരപൊയ്കക്കുപകരം മലിനജലം വന്നടിയുന്ന അണക്കെട്ടുമായിരുന്നു അവിടെ ഉണ്ടായിരുന്നത്. അബോധാത്മകമായി ആവശ്യങ്ങൾ അന്യരിൽ അടിച്ചേൽപിക്കുന്ന പരസ്യതന്ത്രമാണിവിടെ കാണുന്നത്. ആനിമേഷന്റെ മിടുക്കുകൊണ്ടുതീർത്ത വിസ്മയകരവും പ്രലോഭിപ്പിക്കുന്നതുമായ നുണകളെന്നുമാണ് നോവലിൽ പരസ്യത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്.

വീട് കടൽത്തീരത്ത് എന്ന ആശയം അവരെ കടൽത്തീര ടൂറിസത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിലേക്കാണ് നയിച്ചത്. റിസോർട്ട് ഉടമകൾ മുക്കുവരെ ചതിച്ച് തീരങ്ങൾ സ്വന്തമാക്കി. തീരം നഷ്ടപ്പെട്ട അവർ വലയും വഞ്ചിയും മത്സ്യങ്ങളുടെ പേരുകൾപോലും മറന്നു. മുക്കുവരിലെ പുതുതലമുറക്കാർ തിരമാലകളോട് മല്ലടിച്ചും വഞ്ചി തുഴഞ്ഞും വലയെറിഞ്ഞും മെയ്ക്കരുത്ത് ഉണ്ടാക്കേണ്ടതിനുപകരം ബോഡിബിൽഡിംഗ് കേന്ദ്രങ്ങളിൽ പോയി ശരീരത്തിനു പേശീഭംഗിയുണ്ടാക്കി കാതിൽ വളയമണിഞ്ഞു. കൈതണ്ടകളിൽ പച്ചകുത്തി വിദേശിപെണ്ണുങ്ങളെ മോഹിപ്പിച്ച് കടലിനു പുത്തൻ പര്യായങ്ങൾ ചമച്ചു. സ്വാഭാവിക ആവാസവ്യവസ്ഥയും ജൈവിക ചാക്രികതയും ഇവിടെ ഇല്ലായ്മ ചെയ്യപ്പെടുന്നു.

വീട് പർവ്വതങ്ങളുടെ ചരിവിലോ താഴ്വരയിലോ വേണമെന്ന ആഗ്രഹം അവരെ നീലമലയുടെ താഴ് വരയിൽ എത്തിക്കുന്നു. പക്ഷേ യാത്രയിലുടനീളം കാണുന്ന വരൾച്ചയുടെ അടയാളങ്ങൾ അവരെ നിരാശരാക്കി. കപിലൻ എന്ന പ്രകൃതിസ്നേഹി ഈ യാത്രയിൽ അവർക്ക് വഴികാട്ടിയാവുന്നു. ആ കൂടിക്കാഴ്ചയിലൂടെ അവരിൽ പുതിയ ചില ഭൂമി വിചാരങ്ങൾ ഉടലെടുക്കുന്നു. കരിങ്കൽക്വാറി മുതലാളിമാരും ഗാഡ്കിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെ പ്രതിഷേധം നടത്തിയ മതനേതാക്കൻമാരും കുടിയേറ്റ കർഷകരുമൊക്കെ അവരുടെ യാത്രകളെ മറ്റു ചില ചിന്തകളിലേക്കവരെ മടക്കി അയച്ചു. ഈ ഭൂമുഖത്തെ മറ്റൊരു ജീവിയും മനുഷ്യനോളം ഭൂമിയെ പരിക്കേൽപ്പിച്ചിട്ടില്ല എന്ന് കപിലൻ പറയുന്നുണ്ട്. *മനുഷ്യർക്ക് വേണ്ടി സംസാരിക്കുന്ന ഒരു മതവും ഭൂമിയിൽ നിൽക്കരുത്. വേദപുസ്തകത്തിൽനിന്ന് ഭൂമിയുടെ കരച്ചിൽ*

*കേൾക്കാനാവണം.* കപിലന്റെ ഇത്തരം നിരീക്ഷണങ്ങൾക്ക് പിന്നിൽ കരുണാമൂർത്തിയെന്ന ഗ്രീൻ തിയോളജിസ്റ്റിന്റെ സാന്നിദ്ധ്യവും നോവലിൽ കാണാം. പ്രകൃതിയുടെ വൈരുദ്ധ്യാത്മകത അംഗീകരിച്ച് അറിഞ്ഞ് ജീവിക്കുക എന്ന പ്രാഥമിക പ്രകൃതിപാഠമായിരുന്നു ഈ യാത്രയിൽ അവർക്ക് ലഭിച്ചത്.

ശ്രാവണപുത്തൂർ എന്ന ദേശമാണ് അവസാനമായി കേന്ദ്രകഥാപാത്രങ്ങൾക്ക്  ആശ പകർന്നു നൽകുന്നത്. ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട ശക്തിവേൽ കരുണാനിധിയാണ് ഈ പ്രത്യാശയുടെ ദേശത്തെ അവർക്ക് പരിചയപ്പെടുത്തുന്നത്. പ്രകൃതിയോട് അങ്ങേയറ്റം ഇണങ്ങി ജീവിക്കുന്ന ജനസമൂഹമാണ് ഇവിടുത്തേത്. ഇവിടെയാണ് ജിനശലഭങ്ങൾ പർവ്വതങ്ങൾക്കപ്പുറത്തുനിന്ന് എത്തിയിരുന്നത്. താഴ്‌വരയിൽ ജനിച്ചു മരിച്ച ജൈന സന്യാസിമാരുടെ പുനർജന്മമായാണ് ആ ശലഭങ്ങളെ അവിടെയുള്ളവർ കാണുന്നത്. അവസാന ശ്രമമെന്നോണം ശ്രാവണപുത്തൂരിലേക്കു നടത്തിയ യാത്രയും നിരാശാജനകമായിരുന്നു. പച്ചപ്പുലവലേശമില്ലാത്ത കീറിപ്പറിഞ്ഞ പർവ്വതങ്ങളും ഉഷ്ണക്കാറ്റു വീശുന്ന തരിശുനിലങ്ങളുമാണ് അവർക്ക് സ്വാഗതമരുളിയത്. ഒടുവിൽ ശക്തിവേൽ കരുണാനിധിപോലും മായയാണന്ന തിരിച്ചറിവിൽ കേന്ദ്രകഥാപാത്രങ്ങൾ എത്തിച്ചേരുന്നു.

വർത്തമാനകാല പാരിസ്ഥിതിക യാഥാർത്ഥ്യങ്ങളുടെ നേർക്കാഴ്ചയാണ് ജിനശലഭങ്ങളുടെ വീട് എന്ന നോവൽ. വികസനത്തിന്റെ പേരിൽ ഭൂമി വികൃതമാക്കപ്പെടുകയും പ്രകൃതിവിഭവങ്ങൾ എല്ലാം ഊറ്റിയെടുത്ത് ഒരു പ്രയോജനവുമില്ലാത്ത നിലയിലേക്ക് ഭൂമി തള്ളപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്. പച്ചപ്പുകളും ജലസ്രോതസുകളും അന്തരീക്ഷംപോലും  സ്വകാര്യ കമ്പനികളുടെയും ധനമോഹികളുടെയും സ്വാർത്ഥതാൽപര്യങ്ങൾക്കായി തീറെഴുതപ്പെടുന്നു. അവരെ സംരക്ഷിക്കാൻ ഭരണാധികാരികൾകൂടി ഉള്ളപ്പോൾ നോവലിലെ കേന്ദ്രകഥാപാത്രങ്ങളെപോലുള്ള സാധാരണക്കാരും അവരുടെ സ്വപ്നങ്ങളും ഒരിക്കലും സഫലീകരിക്കപ്പെടാത്തതുമായി തീരുന്നു.

അനാരോഗ്യകരമായ ഇന്നിന്റെ വികസന മാതൃക ജൈവികചാക്രികതയെ നിലനിർത്തുന്നതിൽ പരാജയമാണന്ന കാഴ്ചപ്പാട് കേന്ദ്രകഥാപാ

ത്രങ്ങളിലൂടെ പ്രത്യേകിച്ച് ധനലക്ഷ്മിയുടെ ചിന്താഗതികളിലൂടെ കൂടുതൽ പ്രകടമാകുന്നുണ്ട്. പ്രകൃതിയും, സ്ത്രീയും ഏറെ സമാനതകൾ ഉള്ളവരാണെന്ന ഉത്തരാധുനിക ചിന്താപദ്ധതി ഇവിടെ ഓർമ്മിക്കാം. ആഗോളവത്കരണത്തിന്റെയും ഉപഭോഗതാത്പര്യങ്ങളുടെയും മായികതയിൽ മുഴുകി മയങ്ങുന്ന മനുഷ്യർക്ക് ഒരു താക്കിതുകൂടിയാണീ നോവൽ. ജീവജാലങ്ങളുടെ ഏകതാനതയിലൂടെ മാത്രമേ പ്രകൃതിക്ക് നിലനിൽപുണ്ടാകൂ എന്നും അതിലൂടെ മാത്രമേ മനുഷ്യനു ശാന്തിയും സമാധാനവും ഉണ്ടാവൂ എന്നുമുള്ള സന്ദേശം വായനക്കാരിലെത്തിക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. പ്രകൃതിയിലേക്കുള്ള പ്രാർത്ഥനാപൂർവ്വമായ മടക്കത്തിനുള്ള ആഹ്വാനമാണീ ഹരിതനോവൽ.

*********